No. 250

JUNE-JULY 2015

# KERALA PRIVATE COLLEGE TEACHER

a monthly journal of the all kerala private college teachers' association

www.akpcta.org



എ.കെ.പി.സി.ടി.എ
57-ാം സംസ്ഥാന സമ്മേളനം

**ഉന്നതവിദ്യാഭ്യാസമേഖലയിലെ വർഗീയവൽക്കരണവും സ്വകാര്യവൽക്കരണവും അവസാനിപ്പിക്കുക.**

**അന്തകവിത്തുമായി യുജിസി വരുന്നു**

ഉന്നതവിദ്യാഭ്യാസവും സ്ത്രീപങ്കാളിത്തവും

അസമത്വത്തിന്റെ അദൃശ്യ പ്രതലങ്ങൾ

ISSN 2454-4795 Kerala Private College Teacher
e-mail:collegeteacheredt@gmail.com

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 250 JUNE-JULY 2015

EDITORIAL BOARD

*Chief Editor*

**Prof. Promod Vellachal**

*Managing Editor*

**Prof. Tomichan Joseph**

*Assistant Editors*

**Dr. M.S.Vasanthakumar**

**Dr. M.N. Sunni**

*Members*

Prof. A.G. Oleena

Dr. K. L. Vivekanandan

Dr. D.K. Babu

Dr. P.K.Kusalakumari

Dr.K. Vijayakumari

Dr. C. Unnikrishnan

Dr. Ajith G. Krishna

Prof. Padmanabhan Kavumbai

Dr. Rakhi Rgahavan

Dr. K.Biju kumar

Dr. I.G. Shibi

Dr. Sony John

Dr. Lekshmi Priya

Prof. N.K. Sunilkumar

Prof. A.C. Sreehari

Jobi Abraham

**AKPCTA State Committee Office**
**Mathrubhoomi Road, Vanchiyoor**
**Thiruvananthapuram-35**
**Phone: 0471- 2463494**
**Fax: 0471-2468984**
**Mobile:09495425219**
**e-mail:akpctatvm@gmail.com**
**www.akpcta.org**

# inside

# 250

**ഉന്നതവിദ്യാഭ്യാസമേഖലയിലെ വർഗീയവൽക്കരണവും സ്വാകാര്യവൽക്കരണവും അവസാനിപ്പിക്കുക.**
എ.കെ.പി.സി.ടി.എ 57-ാം സംസ്ഥാനസമ്മേളനം

**അന്തകവിത്തുമായി യുജിസി വരുന്നു**
**സി.പത്മനാഭൻ**

**ന്യൂട്രിനൊ പഠനത്തിലെ അഗ്രഗാമികൾ**
**ഡോ: എം.എസ്.വസന്തകുമാർ**

**ഉറഞ്ഞു പോയ മഷിക്കാലങ്ങൾ**
**എൻ.രേണുക**

**മോഹിനിയാട്ട സംജ്ഞയും പരാമർശങ്ങളും**
**ഡോ:സുമിതാനായർ.എൻ.**

Debt crisis in Greece
and its welfare implications
**Dr. Kumar S P**

**എമിലിറോസ -**
**ഒരു ആറാം ക്ലാസുകാരിയുടെ ഗവേഷണം**
**ഡോ: പി.ആർ.സ്വരൺ**

**ഫാസിസത്തിനെതിരെ ഉച്ചത്തിൽ**
**കൊട്ടിയ ചെണ്ട ഗുന്തർ ഗ്രസ്**
**ഡോ.എൻ.എം.സണ്ണി**

**ഐ ജി ഭാസ്കരപണിക്കർ**
**എ.കെ.പി.സി.ടി.എക്ക്**
**വിത്തു പാകിയ മനീഷി.**

**ഉന്നതവിദ്യാഭ്യാസവും സ്ത്രീപങ്കാളിത്തവും**
**അസമത്വത്തിന്റെ അദൃശ്യ പ്രതലങ്ങൾ**
**ആർ. ബിന്ദു**

**ശ്രീശങ്കരാ കോളേജ് സമരചരിത്രം**
**ഡോ.കെ.കൃഷ്ണദാസ്**

**അവധിയുമായി ബന്ധപ്പെട്ട**
**പൊതുവ്യവസ്ഥകൾ**
**ഡോ.കെ.പി.വിനോദ്**

**സായി കേന്ദ്രം ആത്മഹത്യ ഒരു പിൻകുറിപ്പ്**
**സോണി ജോൺ**

**ഉന്നതവിദ്യാഭ്യാസമേഖല:ഭീഷണികളും വെല്ലുവിളികളും**
**ആതിര പ്രകാശ്**

**എ.കെ.പി.സി.ടി.എ യുടെ ദീർഘകാല**
**സമരം എം.ജി. സർവ്വകലാശാല ഓഫ് ക്യാമ്പസ്**
**സെന്ററുകൾ അടച്ചുപൂട്ടി**
**പ്രൊഫ. ടോമിച്ചൻ ജോസഫ്**

**ഡിസിപ്ലിൻ**
**പ്രമോദ് വെള്ളച്ചാൽ**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited , Printed and Published by V.N Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org
Printing & Typeset: New Genial Printers, Tvpm-01, Ph: 3012141 Chief Editor:Prof. Pramod Vellachal


CHIEF EDITOR'S DESK



# വിദ്യാഭ്യാസത്തിന്റെ ഫെഡറൽ മൂല്യങ്ങൾ തകർക്കുന്നത് ആഗോളീകരണത്തെ കൊഴുപ്പിക്കാൻ

വിദ്യാഭ്യാസത്തെ സംബന്ധിച്ച ഉയർന്ന ഇന്ത്യൻ ചിന്താപാരമ്പര്യം രാഷ്ട്രീയവും സാമൂഹികകവുമായ അതിന്റെ വിവക്ഷകളിൽ വേരൂന്നി നിന്നുകൊണ്ടായിരുന്നു. അഥവാ ഇന്ത്യൻ ജനാധിപത്യത്തെ പരിപോഷിപ്പിക്കുന്ന ആശയപരമായ ഔന്നത്യം വിദ്യാഭ്യാസ ചിന്തകളിൽ ഉണ്ടായിരുന്നു. വികസനത്തിന്റെ ലക്ഷ്യക്കുതിപ്പുകൾ അർത്ഥവത്താക്കുന്ന അന്വേഷണങ്ങൾ തന്നെയാണവ. കോളോണിയൽ കാലഘട്ടത്തിന്റെ അധികാര രതികളിൽ നിന്നും ഇന്ത്യൻ ഫെഡറൽ വിദ്യാഭ്യാസത്തിലേക്കുള്ള ദൂരം സ്വാതന്ത്ര്യത്തിലേക്കുള്ളദൂരം തന്നെയായിരുന്നു. അതേ സമയം തന്നെ കോളോണിയൽ പാരമ്പര്യങ്ങളുടെ ഉൽപ്പന്നവുമായിരുന്നു ഇന്ത്യൻ ഫെഡറൽ വിദ്യാഭ്യാസം 1919 ലെ ഇന്ത്യാ ഗവൺമെന്റ് ആക്ട് മാറിമറിഞ്ഞാണ്, വിദ്യാഭ്യാസനയരൂപീകരണങ്ങളിലേക്ക് എത്തിച്ചേർന്നത്. വിദ്യാഭ്യാസം ഒരു സ്റ്റേറ്റ് സബ്ജക്റ്റ് ആയി പരിഗണിക്കപ്പെട്ടതിന്റെ പിറകിലും കൊളോണിയൽ സ്വാധീനമുള്ളതായി കൊൽഹാക്ടറുടെ എഡ്യൂക്കേഷൻ ആന്റ് ഫെഡറലിസം ഇൻ ഇന്ത്യ *(Education Federalism in India 2012)* എന്ന പുസ്തകത്തിന്റെ നാലാമത്തെ അദ്ധ്യായം വ്യക്തമാക്കുന്നുണ്ട്. മനുഷ്യനെ ജാതിമത വിഭാഗങ്ങളായി മാറ്റിനിർത്തി തമ്മിലടിപ്പിച്ച ഡിവൈഡ് ആന്റ് റൂളിന്റെ വക്താക്കൾക്കുപോലും വിദ്യാഭ്യാസത്തിന്റെ ഫെഡറൽ സ്വഭാവത്തെക്കുറിച്ച് കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു എന്നു വേണം കരുതാൻ. പക്ഷെ സ്വതന്ത്ര ഇന്ത്യയിലെ എല്ലാ ഉയർന്ന ചിന്താപദ്ധതികളും അട്ടിമറിച്ച് വിദ്യാഭ്യാസ സംസ്കാരത്തെ ആഗോളീകരണത്തിന്റെ തൊഴുത്തിൽ കൊണ്ടുപോയി കെട്ടുന്ന പുതിയ വെളിപാടുകളാണ് ഇപ്പോൾ ഉയർന്നു വരുന്നത്. സാംസ്കാരിക വൈവിദ്ധ്യത്തിന്റെ നാടായ ഇന്ത്യയിൽ ഒരേ സിലബസ്സും ബോധനവും മൂല്യനിർണ്ണയ രീതികളും നടപ്പാക്കിയാൽ തകരുന്നത് പ്രാദേശികമായ സംസ്കാരവും അറിവും പാരമ്പര്യവും ഒക്കെ തന്നെയാണ്. സർവ്വകലാശാലകൾ തനതായ സാംസ്കാരത്തിന്റെയും കലകളുടെയും അറിവിന്റെയും കലവറകളാണ്. ഇതിനെയെല്ലാം ഒരു നുകത്തിൽ കെട്ടി *നട കാളേ* എന്ന് പറയുന്ന ഭരണവർഗങ്ങൾ കോളോണിയൽ മാസ്റ്റർസിനേപോലും ലജ്ജിപ്പിക്കുന്ന ഒറ്റുകാരായി മാറുന്നുവെങ്കിൽ അഥവാ അന്തകൻ വിത്തുമായി മാനവ വിഭവശേഷി മന്ത്രാലയം പുതിയ കൃഷി നടപ്പാക്കുകയാണെങ്കിൽ പറയുവാൻ നമുക്ക് ഒന്നേയുള്ളൂ. ചെറുത്തുനിൽപിന്റെ നെഞ്ചകങ്ങളേ തകർത്ത് പോകുവാൻ നിങ്ങളുടെ ബുൾഡോസറുകൾ അശക്തമാണ്. കരുതിയിരിക്കുക, ശത്രുക്കൾ ജനാധിപത്യത്തിന്റെ വരാന്തയിൽ തന്നെയുണ്ട്. 1956 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മിഷൻ ആക്ടിൽ നിന്ന് 2015 ഏപ്രിൽ 10 ന് യു.ജി.സിയുടെ വെബ്സൈറ്റിൽ തെളിഞ്ഞ മൂല്യനിർണ്ണയ ഏകീകരണത്തിലേക്ക് ചരിത്രം നീങ്ങുമ്പോൾ ഫെഡറലിസവും കൺകറന്റ് ലിസ്റ്റും ചവറ്റു കൊട്ടയിലേക്ക് എറിയപ്പെടുകയാണ്.

ചീഫ് എഡിറ്റർ



# യു.ജി.സിയുടെ വിദ്യാഭ്യാസവിരുദ്ധ പരിഷ്ക്കാരങ്ങളിൽ പ്രതിഷേധിക്കുക

**ഡോ. കെ.എൽ.വിവേകാനന്ദൻ**
*ജനറൽ സെക്രട്ടറി*

എല്ലാ കലകളെയും ഗവേഷണത്തെയും പഠനത്തെയും ഏകോപിപ്പിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളെന്ന് അടിസ്ഥാനപരമായി സർവകലാശാലകളെ നിർവചിക്കാം. കോളേജുകളിൽ എന്തു പഠിപ്പിക്കണമെന്നും എങ്ങനെ പഠിപ്പിക്കണമെന്നും മൂല്യനിർണയം ഏതുരീതിയിൽ നടത്തണമെന്നും തീരുമാനിക്കാനുള്ള അവകാശവും അധികാരവും അതത് സർവകലാശാലകൾക്കുണ്ട്. ആമുഖമായി ഇങ്ങനെ ഓർമ്മിപ്പിക്കുന്നത്, യു.ജി.സിയുടെ ചില പരിഷ്കാരങ്ങൾ കടന്നു പോകുന്നതുകൊണ്ടാണ്.

ചോയ്സ് ബെയ്സ്ഡ് ക്രഡിറ്റ് സെമസ്റ്റർ (സി.ബി.സി.എസ്) സമ്പ്രദായവുമായി ബന്ധപ്പെട്ട് ഒരു സ്കീമും സിലബസും പത്തൊമ്പത് വിഷയങ്ങളുടെ കാര്യത്തിൽ യു.ജി.സി 2015 ഏപ്രിൽ 10 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇതുപ്രകാരം ഇന്ത്യ മുഴുവനുള്ള എല്ലാ സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും ഒരേ സ്കീമും സിലബസും വേണമെന്നാണ്. അതിൽ നിന്ന് സർവകലാശാലകൾക്ക് മാറാം. പക്ഷേ ഇരുപതുശതമാനം വരെ മാത്രം!.

കോളേജുകൾക്ക് ആവശ്യമായ സിലബസ് രൂപീകരിക്കുന്നതിന് അതത് സർവകലാശാലകൾക്ക് പൂർണാധികാരമുണ്ട്. അതിനായി എല്ലാ സർവകലാശാലകൾക്കും ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി, അക്കാദമിക് കൗൺസിൽ എന്നീ സമിതികൾ പ്രവർത്തിക്കുന്നുമുണ്ട്. എന്നിരിക്കെ രാജ്യത്തെ മുഴുവൻ സർവകലാശാലകളെയും അഫിലിയേറ്റഡ് കോളേജുകളെയും ഒറ്റ സിലബിസിനുകീഴിൽ കൊണ്ടുവരാൻ യു.ജി.സി ശ്രമിക്കുമ്പോൾ കളങ്കപ്പെടുന്നത് സർവകലാശാലകൾ എന്ന അടിസ്ഥാന സങ്കൽപ്പം തന്നെയാണ്.

പുതിയ നിർദ്ദേശം നടപ്പിലായാൽ ഭാഷാ പഠനം ഏറെക്കുറെ ഇല്ലാതാകും. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠിക്കാം. ഇന്ത്യൻ ഭാഷാപഠനം വേണ്ട കോർ പഠിപ്പിക്കാൻ മാത്രമേ സ്ഥിരം അദ്ധ്യാപകർ വേണ്ടൂ. ഇലക്ടീവിന് വിദ്യാർത്ഥികളുടെ തീരുമാനത്തിന് അനുസരിച്ച് കോൺട്രാക്ട് അദ്ധ്യാപകരെ വയ്ക്കും. ജൂനിയർ അദ്ധ്യാപകർ കോൺട്രാക്ടിലേക്ക് മാറുകയും ചെയ്യും. വിദ്യാർത്ഥികൾ ഭാഷാപഠനം വേണ്ടെന്ന് വച്ചാൽ തീർന്നു ഭാഷാപഠനം. പിന്നെ ഭാഷാ അദ്ധ്യാപകർക്കെന്ത് പ്രസക്തി. സ്വയംഭരണ കോളേജുകൾ തുടങ്ങുന്നതിന് യു.ജി.സി നിരത്തിയ പ്രധാന കാരണം സർവകലാശാലകളുടെ വൈവിദ്ധ്യമില്ലായ്മയ്ക്ക് പരിഹാരമൊരുക്കുക എന്നതാണ്. അതായത് ഒരു സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ കോളേജുകളിലും ഒരേ സ്കീമും സിലബസുമായതിനാൽ അതിൽ നിന്നും വ്യത്യസ്തമായി പുതിയ സ്കീമും സിലബസും പഠിപ്പിക്കാനാണ് സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നത് എന്നാണ്. അതേ യു.ജി.സി തന്നെ ഇപ്പോൾ പറയുന്നു രാജ്യം മുഴുവൻ ഒരേ സ്കീമും സിലബസും ആവശ്യമാണെന്ന്. നിലപാടുകളിലെ മലക്കം മറിച്ചിലുകൾക്ക് പിന്നിൽ ചില രഹസ്യ അജണ്ടകളുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മദ്രാസ് ഐ.ഐ.ടിയും പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടും ഈ രഹസ്യ അജണ്ടകളിലേക്കുള്ള ദിശാസൂചികളാണ്. ആര്യ വംശത്തിന്റെ മഹത്വം യുവാക്കളുടെ സിരയിൽ ഇൻജക്ട് ചെയ്യാൻ ഹിറ്റ്ലർ ജർമ്മൻ സർവകലാശാലകളെ ഉപയോഗിച്ചതുപോലെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന സർവകലാശാലകളിലുള്ള ഈ ഇടപെടലുകളെ നാം ഭയക്കേണ്ടതുണ്ട്. അദ്ധ്യാപകർക്കു നേരെ യു.ജി.സി കുറച്ചുകാലമായി ഉയർത്തിയ വാളാണ് അക്കാഡമിക് പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സ് (എ.പി.ഐ) അദ്ധ്യാപകരുടെ പ്രമോഷന് എ.പി.ഐ. സ്കോർ മാനദണ്ഡമാക്കണമെന്ന നിർദ്ദേശം 2010 ലെ റഗുലേഷനിൽ തന്നെ യു.ജി.സി മുന്നോട്ടു വച്ചിരുന്നു. ഇതിനെതിരെ എല്ലാകോണുകളിൽ നിന്നും വിമർശനങ്ങൾ ഉയർന്നുവന്നു. ഒടുവിൽ എ.പി.ഐ മാനദണ്ഡമാക്കുന്നതിൽ ചില അപാകതകളുണ്ടെന്ന് യു.ജി.സിക്ക് തന്നെ ബോദ്ധ്യമായി. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ വിദഗ്ദ്ധ സമിതിയെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ചിരക്കുന്നതും. വൈസ് ചാൻസലർമാരോട് പ്രതികരണങ്ങൾ ആരാഞ്ഞതും. സംഘടകളോട് നിർദ്ദേശങ്ങൾ ചോദിച്ചിട്ടില്ലെങ്കിലും ഏതെങ്കിലും സാഹചര്യത്തിൽ എ.പി.ഐ നടപ്പാക്കുന്ന അവസ്ഥ സംജാതമായാൽ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എ.കെ.പി.സി.ടി.എ സമർപ്പിച്ചിട്ടുണ്ട്.എന്നാൽ അദ്ധ്യാപകരുടെ പ്രൊമോഷന് എ.പി.ഐ സ്കോർ മാനദണ്ഡമാക്കേണ്ടതില്ലെന്ന നിലപാടാണ് എ.കെ.പി.സി.ടി.എയ്ക്കും ഐഫക്റ്റോയ്ക്കും ഉള്ളത്. കാരണം കേന്ദ്രസർവകലാശാലകളിലുള്ള സാഹചര്യങ്ങളുമായി കേരളത്തിലെ അഫിലിയേറ്റഡ് കോളേജുകളുടെ താരതമ്യം തന്നെ അപ്രസക്തമാണ്. അതിനാൽ തന്നെ വിവേകരഹിതമായ നടപടികളിൽ നിന്ന് യു.ജി.സി പിൻമാറണെന്ന് ആവശ്യപ്പെട്ട് എ.കെ.പി.സി.ടി.എയും ഐഫക്റ്റോയും സമരമുഖത്തുണ്ട്.

ഉന്നതവിദ്യാഭ്യാസത്തെ തകർക്കുന്ന തരത്തിൽ യു.ജി.സി നടത്തുന്ന ഇടപെടലുകളിൽ ശക്തമായ പ്രതിഷേധമാണ് ഐഫക്റ്റോ ഉയർത്തിയിരിക്കുന്നത്. യു.ജി.സി ഏഴാം ശമ്പള കമ്മീഷനെ നിയമിക്കുക എ.പി.ഐ. സ്കോർ നടപ്പാക്കാനുള്ള തീരുമാനം പിൻവലിക്കുക, സി.ബി.സി.എസിൽ ഏകീകൃത സിലബസും സ്കീമും കൊണ്ടുവരാനുള്ള തീരുമാനം പുനഃപരിശോധിക്കുക എന്നീ സുപ്രധാന മുദ്രാവാക്യങ്ങളുന്നയിച്ചാണ് ഐഫെക്റ്റോ ജൂണിൽ യു.ജി.സി ഓഫീസിലേയ്ക്ക് പ്രക്ഷോഭം സംഘടിപ്പിച്ചത്. ആഗസ്റ്റ് ഏഴിന് ഡൽഹിയിൽ പ്രധാനമായും ഐഫക്റ്റോ ഉയർത്തുന്നത്. ചർച്ചയ്ക്കുപോലും തയ്യാറാകാത്ത നിലപാടാണ് യു.ജി.സിയുടേത്. കേന്ദ്രസർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി കമ്മിഷനെ നിയമിച്ചു കഴിഞ്ഞു. സമയം കഴിഞ്ഞിട്ടും ഏഴാം ശമ്പള കമ്മിഷനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കാതെ അദ്ധ്യാപക സമൂഹത്തെ വഞ്ചിക്കുന്ന നിലപാടാണ് മാനവവിഭവശേഷി മന്ത്രാലയവും യു.ജി.സിയും കൈകൊള്ളുന്നത്.


കേരളത്തിൽ യു.ഡി.എഫ് സർക്കാർ സ്വകാര്യ സർവകലാശാലകൾക്ക് കടന്നുവരാനുള്ള ശ്രമങ്ങൾ ഒളിഞ്ഞും തെളിഞ്ഞും നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനായി സാദ്ധ്യതാ പഠനം നടത്താൻ എം.ജി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ.സിറിയക് തോമസിനെ അദ്ധ്യക്ഷനാക്കി ഒരു കമ്മിറ്റിയും നിയോഗിച്ചു കഴിഞ്ഞു. വകുപ്പിന്റെ അനുമതിയില്ലാതെ ഇത്തരത്തിൽ ഒരു സാദ്ധ്യതാ പഠനം നടത്തിയതിനെ വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസ് ചോദ്യം ചെയ്തിരിക്കുകയാണ്. എന്നാൽ മുഖ്യമന്ത്രിയുടെ അനുമതിയോടെയാണ് പഠനം നടത്തിയതെന്ന കൗൺസിൽ വൈസ് ചെയർമാന്റെ മറുപടി. വിദ്യാഭ്യാസ മന്ത്രിയും മുഖ്യമന്ത്രിയും തമ്മിലുള്ള ഒളിച്ചുകളിയാണ് സൂചിപ്പിക്കുന്നത്. ഹയർ എഡ്യുക്കേഷൻ കൗൺസിൽ പോലും ചർച്ചചെയ്യാതെ നിയോഗിച്ച ഈ കമ്മിറ്റി സ്വകാര്യ സർവകലാശാലകളെ കേരളത്തിലെത്തിക്കാനുള്ള എല്ലാ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഒന്നരമാസം കൊണ്ട് കമ്മിറ്റി അവരുടെ റിപ്പോർട്ട് സമർപ്പിക്കുമെന്നും അറിയുന്നു. ഇതുതന്നെ സൂചിപ്പിക്കുന്നത് സ്വകാര്യ സർവകലാശാലകളെ സംസ്ഥാനത്തെ എത്തിക്കാനുള്ള പിടിവാശി ആർക്കൊക്കെയോ ഉണ്ടെന്നാണ്. അദ്ധ്യാപക സംഘടനകളോടോ വിദ്യാർത്ഥി സംഘടനകളോടോ അതുമല്ലെങ്കിൽ ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രമുഖരുമായോ ഒന്നും കൂടിയാലോചിക്കാൻ പോലും ഇതുവരെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറായിട്ടില്ല.

സ്വകാര്യ സർവകലാശാലകളെ കേരളത്തിലേക്ക് ക്ഷണിക്കാനുള്ള നീക്കത്തിന്റെ പിന്നിൽ, പക്ഷേ മറ്റൊരു ലക്ഷ്യമാണുള്ളത്. സംസ്ഥാനത്ത് ഏറെ കൊട്ടിഘോഷിച്ചു നടപ്പാക്കിയ സ്വയംഭരണ കോളേജുകൾ ആകെപ്പാടെ പരുങ്ങലിലാണ്. തൊണ്ണൂറ് സാദ്ധ്യായ ദിനങ്ങളില്ല, പഠനം തോന്നിയപോലെയായി. ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതും പരീക്ഷനടത്തിപ്പും താറുമാറായി, അദ്ധ്യാപകരുടെ കൈയിൽ നിന്നും രഹസ്യമായി പണം പിരിക്കുക തുടങ്ങി സ്വയംഭരണ കോളേജുകളിൽ എല്ലാ അർത്ഥത്തിലും അരാജകത്വം നടമാടുകയാണ്. സ്വയംഭരണ കോളേജ് ബിൽ പാസാക്കിയപ്പോൾ സർവകലാശാലകൾക്ക് ചില അധികാരങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഈ അധികാരങ്ങൾ ഒരു സർവകലാശാലകളും ഉപയോഗിക്കുന്നുമില്ല. സ്വയംഭരണ കോളേജുകളുടെ ഈ ദുരവസ്ഥ കണ്ട് കേരള സർവകലാശാല സെന്റർ അടുത്തിടെ ഒരു അടിയന്തര പ്രമേയം പാസാക്കുന്ന സ്ഥിതി വരെയുണ്ടായി. എന്താണ് സ്വയംഭരണ കോളേജുകൾക്ക് കേരളത്തിൽ സംഭവിച്ചത്? വലിയ സാമ്പത്തിക നേട്ടം പ്രതീക്ഷിച്ചാണ് വാസ്തവത്തിൽ സ്വയംഭരണ കോളേജുകൾ കേരളത്തിൽ കൊണ്ടുവന്നെങ്കിലും പല കോളേജുകളുടെയും സ്ഥിതി മറ്റൊന്നാണ്. വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായെന്നു മാത്രമല്ല പരീക്ഷ നടത്തിപ്പ് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുകയും ചെയ്തു. ഈ ബാദ്ധ്യതയിൽ നിന്ന് രക്ഷപ്പെടാൻ അദ്ധ്യാപകരെ പിഴിയുന്ന സ്ഥിതിയിലേക്ക് വരെ കാര്യങ്ങൾ നീങ്ങിയിട്ടുണ്ട്.

ഇപ്പോഴുണ്ടായിരിക്കുന്ന പ്രതിസന്ധിയിൽ നിന്നും സ്വയംഭരണ കോളേജുകൾക്ക് രക്ഷപ്പെടാനുള്ള കുറുക്കു വഴിയാണ് സ്വകാര്യ സർവകലാശാലകൾ. കാരണം സ്വകാര്യ സർവകലാശാലകൾ വളരെ അയവുള്ള നിയമങ്ങളുടെ പിൻബലത്തോടെയാണ് പ്രവർത്തിക്കുന്നത്. ഇത് സ്വയംഭരണകോളേജുകൾക്ക് കച്ചവടം നടത്താനുള്ള വിശാലമായ സാദ്ധ്യതകൾ തുറന്നുകൊടുക്കുന്നതാണ്.

നിലവിൽ സർവകലാശാലകളുടെ കീഴിലുള്ള പരമ്പരാഗത കോഴ്സുകളാണ് ഈ കോളേജുകൾ നടത്തുന്നത്. യു.പി. ആസ്ഥാനമായ അമിറ്റി സർവകലാശാല കേരളത്തിൽ അവരുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി യു.ജി.സിയിൽ നിന്നും നേടിയതായി അറിയാൻ സാധിക്കുന്നു. തൃശ്ശൂരിലെ ഒരു പള്ളിമേധാവിയും സ്വകാര്യ സർവകലാശാല തുടങ്ങാൻ അനുമതി തേടിയതായി വാർത്തകൾ പുറത്തുവരുന്നുണ്ട്.

അമിറ്റി, ശിവ് നാടാർ തുടങ്ങിയ വമ്പൻ സ്വകാര്യ സർവകലാശാലകൾ വന്നാൽ സ്വയംഭരണകോളേജുകൾക്ക് പരമ്പരാഗത കോഴ്സുകൾ നിറുത്തലാക്കി അവരുടെ ന്യൂജെൻ കോഴ്സുകൾ നടത്താം. കേട്ടുകേൾവി പോലും ഇല്ലാത്ത ഈ കോഴ്സുകൾ ഒരു രീതിയിലുള്ള നിയന്ത്രണങ്ങളുമില്ലാതെ തോന്നിയപോലെ നടത്തി തോന്നിയ ഫീസും ഈടാക്കാം. എല്ലാം കൊണ്ടും കച്ചവടം പൊടിപൊടിക്കും. അതിന് സ്വകാര്യ സർവകലാശാലകളുടെ കോൺസ്റ്റിറ്റ്യൂവന്റ് കോളേജായി മാറിയാൽ മതിയാകും. എല്ലാ അർത്ഥത്തിലും സ്വയംഭരണ കോളേജുകൾക്ക് തങ്ങളുടെ സാമ്പത്തിക താത്പര്യങ്ങൾ നട്ടുനനച്ചു വളർത്താനുള്ള ഫലഭൂയിഷ്ഠമായ മണ്ണാണത്ര സ്വകാര്യ സർവകലാശാലകൾ. ലാഭം സുനിശ്ചിതമായ ഒരു കൂട്ടുകൃഷിക്കുള്ള മണ്ണൊരുക്കലാണ് ഇപ്പോൾ സംസ്ഥാനത്ത് നടക്കുന്നതും. സ്വകാര്യ സർവകലാശാലകളും അവ നടത്തുന്ന കോഴ്സുകളും പൂർണമായും മോശമാണ് എന്നല്ല, അയവുള്ള ഈ സാദ്ധ്യതകൾ പണം ഉണ്ടാക്കാനുള്ള മാർഗമായി എളുപ്പത്തിൽ ഉപയോഗിക്കാൻ സ്വയംഭരണ കോളേജുകൾക്ക് കഴിയുമെന്നാണ് ചൂണ്ടിക്കാട്ടുന്നത്. അങ്ങനെ വന്നാൽ ഉന്നത വിദ്യാഭ്യാസം പണമുള്ളവർക്ക് മാത്രം പ്രാപ്യമായ ഒന്നായി മാറും. രാജ്യത്തിന് മാതൃകയായ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ തകർക്കാൻ അനുവദിച്ചുകൂടാ. ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരം കാത്തു സൂക്ഷിക്കുക എന്നതാണ് ഭാവി തലമുറയ്ക്കായി ചെയ്യാവുന്ന ഏറ്റവും നല്ലകാര്യം. അതു ഉറപ്പാക്കാൻ പുരോഗമന ചിന്തയുള്ള അദ്ധ്യാപക സമൂഹം ജാഗരൂകരായിരിക്കേണ്ടതുണ്ട്.





# ഉന്നതവിദ്യാഭ്യാസമേഖലയിലെ വർഗ്ഗീയവൽക്കരണവും സ്വകാര്യവൽക്കരണവും അവസാനിപ്പിക്കുക.

## എ.കെ.പി.സി.ടി.എ 57-ാം സംസ്ഥാനസമ്മേളനം

**2015 മാർച്ച് 20,21,22, പാലക്കാട്**

അറിവിന്റെ മേഖലയിലെ വർഗ്ഗീയവൽക്കരണവും സ്വകാര്യവൽക്കരണവും അവസാനിപ്പിക്കുകയും പുനരുഥാനവാദത്തെ ചെറുക്കുകയും ശാസ്ത്രീയ അന്വേഷണാത്മകതയ്ക്ക് മുൻതൂക്കം നൽകുകയും ചെയ്യണമെന്ന് എ.കെ.പി.സി.ടി.എ അൻപത്തിയേഴാം സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു.പത്ത് വർഷത്തിനുശേഷം കാർഷിക സംസ്കൃതിയുടെ നാടായ പാലക്കാട്ടേക്ക് എത്തിയ എ കെ പി സി ടി എ സംസ്ഥാന സമ്മേളനത്തിന് ആവേശോജ്വലമായ സ്വീകരണവും ആരംഭവുമായിരുന്നു. മാർച്ച് 20-ാം തിയതി രാവിലെ സംസ്ഥാന പ്രവർത്തകസമിതി, സംസ്ഥാന കമ്മിററി, സംസ്ഥാന കൗൺസിൽ യോഗങ്ങളുടെ സമ്മേളന നടപടികൾ ആരംഭിച്ചു. 4 മണിക്ക് ആരംഭിച്ച സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ ജന സെക്രട്ടറി റിപ്പോർട്ടും സംസ്ഥാന ട്രഷറർ വരവ് ചിലവ് കണക്കും അവതരിപ്പിച്ചു. ഉച്ചയ്ക്ക് ശേഷം നടന്ന ആർ ആർ.സി അനുസ്മരണ പ്രഭാഷണം *പുനരുത്ഥാനവാദവും ഉന്നത വിദ്യാഭ്യാസവും* എന്ന വിഷയത്തിൽ ഡൽഹി സർവ്വകലാശാലാ പ്രഫസർ ഡോ. സതീഷ് ദേശ്പാണ്ഡെ നിർവ്വഹിച്ചു. ചടങ്ങിൽ സംസ്ഥാന അക്കാദമിക് കമ്മിററി കൺവീനർ




പ്രൊഫ. സി. പത്മനാഭൻ സ്വാഗതവും പറഞ്ഞു. സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ. ഡി കെ ബാബു അദ്ധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി ഡോ. കെ. എൽ. വിവേകാനന്ദൻ നന്ദിയും പറഞ്ഞു. അംഗങ്ങളുടെ സജീവമായ ഇടപെടലുകളും ചർച്ചകളും കൊണ്ട് സെക്ഷൻ മികച്ചു നിന്നു. വൈകുന്നേരം 4.30 ന് പ്രതിനിധി സമ്മേളനം ഗ്രൂപ്പ് ചർച്ച പുനരാരംഭിച്ചു. രാത്രി ഭക്ഷണത്തോടുകൂടി ആദ്യദിനം അവസാനിച്ചു.

ശനിയാഴ്ച രാവിലെ സമ്മേളനത്തിന്റെ ഔപചാരികമായ തുടക്കം കുറിച്ച് പതാക ഉയർന്നു. സംസ്ഥാന പ്രസിഡണ്ട് ഡോ. കെ.പി.സുകുമാരൻ നായർ പതാക ഉയർത്തി. തുടർന്നു നടന്ന ഉദ്ഘാടന സമ്മേളനം പാലക്കാട് എം.പി ശ്രീ.എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം ചെയർമാൻ സ. ടി.കെ.നാരായണ ദാസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. കെ പി സുകുമാരൻ നായർ അദ്ധ്യക്ഷനായി. പി.എം.രാമൻ (എൻ.ജി.ഒ) കെ സി ഹരികൃഷ്ണൻ (കെ.എസ്.ടി.എ) പി വി രാജേന്ദ്രൻ (സി സി ജി ഇ ഡബ്ല്യു), ഡോ. കെ കെ ദാമോദരൻ (എ കെ ജി സി ടി), കെ ശിവകുമാർ (കെ ജി ഒ എ) കെ ശ്രീവത്സൻ, ടി.ആർ.അജയൻ (പു.ക.സ) തുടങ്ങിയവർ സംസാരിച്ചു. സമ്മേളനത്തിന്റെ







തുടക്കം കുറിച്ച് രക്തസാക്ഷി-അനുശോചന പ്രമേയങ്ങൾ അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി പ്രൊഫ. വി കുട്ടിയാൻ രക്തസാക്ഷി പ്രമേയവും പാലക്കാട് ജില്ലാസെക്രട്ടറി ഡോ. ആർ.കെ. ജയപ്രകാശ് അനുശോചനപ്രമേയവും അവതരിപ്പിച്ചു.

ഉച്ചയ്ക്ക് 2 മണിക്ക് നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ 75 ഓളം എ കെ പി സി ടി എ പ്രവർത്തകർക്ക് സമ്മേളനം ആവേശകരമായ യാത്രയയപ്പ് നൽകി. സമ്മേളനം ഒററപ്പാലം എം. എൽ.എ ശ്രീ എം. ഹംസ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രഷറർ ആർ മോഹനകൃഷ്ണൻ സ്വാഗതം പറഞ്ഞു. സംസ്ഥാന വൈസ് പ്രസിഡന്റ് എ ജി ഒലീന അദ്ധ്യക്ഷയായി. ചടങ്ങിൽ മുൻ പ്രസിഡന്റ് ഡോ. കെ.ശശിധരൻ, മുൻ സംസ്ഥാന സെക്രട്ടറി പ്രൊഫ. എ.ശിവരാമൻ, മുൻ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. പി.മമ്മദ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വിരമിക്കുന്ന അദ്ധ്യാപകർ അവരുടെ സംഘടനാ അനുഭവങ്ങൾ ചുരുങ്ങിയ വാക്കുകളിൽ വിശദീകരിച്ചു. ചടങ്ങിന് സ്വാഗതസംഘം ജോ. കൺവീനർ ഡോ. വി.കെ. സുധാകരൻ നന്ദി പറഞ്ഞു. പ്രധാന പ്രവർത്തകർ ഒന്നടങ്കം എഴുന്നേററ് നിന്ന് മുദ്രാവാക്യം വിളിച്ചതോടെയാണ് ചടങ്ങ് അവസാനിച്ചത്.

വൈകുന്നേരം 6 മണിക്ക് വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ പാലക്കാട് നഗരത്തെ വലംവച്ച് 1000 ഓളം പ്രവർത്തകർ പങ്കെടുത്ത പ്രകടനം നടന്ന പ്രകടനത്തിന് വിവിധ സഹോദര സംഘടനകൾ അഭിവാദ്യങ്ങൾ നേർന്നു. ഡി വൈ എഫ് ഐ, കെ എസ് ടി എ, എൻ ജി ഒ യൂണിയൻ, ബെഫി, കർഷക സംഘം, കെ.എസ്.കെ.ടി.യു, കെ.ജി.ഒ.എ, ജനാധിപത്യമഹിളാ അസോസിയേഷൻ, സി ഐ ടി യു തുടങ്ങിയ പ്രസ്ഥാനങ്ങൾ അണിചേർന്നു. ചെറിയ കോട്ടമൈതാനത്ത് നടന്ന പൊതു സമ്മേളനം മുൻമന്ത്രി എ കെ ബാലൻ ഉദ്ഘാടനം ചെയ്തു. പി കെ ബിജു എം പി, കെ ഇ ഇസ്മയിൽ തുടങ്ങിയവർ അഭിവാദ്യങ്ങൾ നേർന്നു.

പരിപാടിയിൽ ഡോ.കെ.ശ്രീവൽസൻ സ്വാഗതം പറഞ്ഞു. ഡോ.കെ.പി.സുകുമാരൻ നായർ അധ്യക്ഷത വഹിച്ചു. പ്രൊഫ.ടോമിച്ചൻ ജോസഫ് നന്ദിയും പറഞ്ഞു.


രാത്രി ഭക്ഷണത്തിനു ശേഷം ടൗൺഹാളിൽ പട്ടാമ്പി *സംസ്കാര* അവതരിപ്പിച്ച *രക്ത സാക്ഷികൾ പറയുന്നത്* എന്ന സാമൂഹ്യ രാഷ്ട്രീയ നാടകം അരങ്ങേറി പ്രമേയം കൊണ്ടും അവതരണം കൊണ്ടും നാടകം ശ്രദ്ധേയമായി.








ഞയറാഴ്ച രാവിലെ പ്രതിനിധി സമ്മേളനം റിപ്പോർട്ടിങ്ങോടെ ആരംഭിച്ചു. വിവിധ സർവ്വകലാശാലകളെ പ്രതിനിധീകരിച്ച റിപ്പോർട്ടിങ് നടന്നു. 10 മണിക്ക് ട്രേഡ് യൂണിയൻ സുഹൃത് സമ്മേളനം സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി എം.ചന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. അഭിലാഷ് കൃഷ്ണൻ (കെ എസ് ടി എ) ഡോ. ജെ രാജൻ (എഫ് യു ടി എ), എം നുജൂം ( കെ എം സി എസ് യു) കെ സുനിൽകുമാർ (സി യു എം ഒ) ഒ എസ് മോളി ( കെ ജി എൻ എ) വി ജി












അജയകുമാർ(വി.എസ്.സി.ഇ.യു), ഗോഡ്ഫ്രേ(കെ.എൽ.എസ്.എസ്.എ) തുടങ്ങിയ വിവിധ സർവ്വീസ് സഹോദര സ്ഥാപനങ്ങളുടെ നേതാക്കൾ അഭിവാദ്യം അർപ്പിച്ചു സംസാരിച്ചു. ചടങ്ങിൽ സംസ്ഥാന സെക്രട്ടറി ഡോ. സി അബ്ദുൾ മജീദ് സ്വാഗതവും ഡോ. ടി കെ ശ്രീധരൻ നന്ദിയും പറഞ്ഞു. സംസ്ഥാന വൈസ് പ്രസിഡണ്ട് ഡി കെ ബാബു അദ്ധ്യക്ഷം വഹിച്ചു.

റിപ്പോർട്ടിങിന് ജനറൽ സെക്രട്ടറി മറുപടി പറഞ്ഞു. തുടർന്ന് തിരഞ്ഞെടുപ്പ് വരണാധികാരി പ്രൊഫ. ഫിറോസ് തിരഞ്ഞെടുപ്പ് നടപടികൾ റിപ്പോർട്ട് ചെയ്തു. സമ്മേളന നടപടികൾക്ക് ഡോ.ആർ.കെ ജയപ്രകാശ് നന്ദി പറഞ്ഞു. തുടർന്ന് പ്രവർത്തകരുടെ മുദ്രാവാക്യം വിളികളോടെ എ കെ പി സി ടി എ ശുഭ്ര പതാക താഴ്ത്തി മൂന്ന് ദിവസത്തെ സമ്മേളന നടപടികൾക്ക് ആവേശകരമായ പര്യവസാനമായി.

വിദ്യാഭ്യാസ മേഖലയിലെ പഠന പദ്ധതിയിലടക്കമുള്ള ഫാസിസ്റ്റ് വൽക്കരണവും കാവി വർക്കരണവും അറിവിന്റെ മണ്ഡലത്തെ തകർക്കും. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പ്രമുഖ സ്ഥാപനങ്ങളെ ഹിന്ദുത്വ. പ്രചരണത്തിന്റെ വേദികളാക്കുവാനുള്ള നീക്കങ്ങൾ ഉപേക്ഷിക്കുക, യുഡിഎഫ് സർക്കാറിന്റെ അഴിമതിയും കെടുകാര്യസ്ഥതയും ഉപേക്ഷിക്കുക, സർക്കാർ എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണ പദവി നൽകാനുള്ള ശ്രമങ്ങൾ ഉപേക്ഷിക്കുക. സർക്കാർ എയിഡഡ് എഞ്ചിനീയറിംഗ്







കോളേജുകളിലെ തസ്തിക വെട്ടിക്കുറച്ച് കൊണ്ട് അംഗീകാരം നഷ്ടപ്പെടുത്തുന്ന നയം അവസാനിപ്പിക്കുക, സ്വകാര്യ സ്വാശ്രയ മേഖലയ്ക്കു വേണ്ടി നിലകൊള്ളുന്ന സാങ്കേതിക സർവകലാശാല ജനാധിപത്യപരമായി ഉടച്ചു വാർക്കുക, സർവകലാശാലകളുടെ അധികാരം കവർന്നെടുക്കുന്ന സർക്കാർ നടപടികൾ അവസാനിപ്പിക്കുക, കേരള സർക്കാരിന്റെ അദ്ധ്യാപക ദ്രോഹ ഉത്തരവുകൾ പിൻവലിക്കുക, ആറാം ശമ്പളപരിഷ്കരണത്തിന്റെ കുടിശ്ശിക ഉടൻ നൽകുക, അപ്രൂവൽ നേടിയ മുഴുവൻ അദ്ധ്യാപകർക്കും ഉടൻ ശമ്പളം നൽകുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു. എ. നിശാന്ത് പ്രമേയം അവതരിപ്പിച്ചു.

സംസ്ഥാന ഭാരവാഹികൾ: പ്രസിഡന്റ് പ്രൊഫ. എ.ജി.ഒലീന(എം.ജി.കോളേജ്, തിരുവനന്തപുരം), വൈസ് പ്രസിഡന്റുമാർ ഡോ.ഡി.കെ ബാബു (ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്), ഡോ. പി. കെ.കുശല കുമാരി (എസ്എൻ കോളേജ്, നാട്ടിക), ജനറൽ സെക്രട്ടറി: ഡോ. കെ.എൽ വിവേകാനന്ദൻ (എസ്.എൻ കോളേജ്,ചെമ്പഴന്തി), ഖജാൻജി: പ്രൊഫ.ടോമിച്ചൻ ജോസഫ് (കെ.ഇ. കോളേജ്, മാന്നാനം), സെക്രട്ടറിമാർ: എ.നിശാന്ത് (പയ്യന്നൂർ കോളേജ്), ഡോ. സി.അബ്ദുൾ മജീദ് (യൂനിറ്റി വിമെൻസ് കോളേജ്, മഞ്ചേരി), ഡോ. കെ.കൃഷ്ണദാസ് (ശ്രീ ശങ്കരകോളേജ്, കാലടി), പ്രൊഫ. എം. ശ്രീകുമാർ (എം.എം.എൻ.എസ്.എസ്, കൊട്ടിയം)











# സംസ്ഥാന ഭാരവാഹികൾ

## 2015-2016



പ്രൊഫ. ഏ. ജി. ഒലീന
പ്രസിഡൻറ്



ഡോ. കെ. എൽ. വിവേകാനന്ദൻ
ജനറൽ സെക്രട്ടറി



ഡോ. ഡി. കെ. ബാബു
വൈസ് പ്രസിഡൻറ്



ഡോ. പി. കെ. കുശലകുമാരി
വൈസ് പ്രസിഡൻറ്



പ്രൊഫ. ടോമിച്ചൻ ജോസഫ്
ട്രഷറർ

### സംസ്ഥാന സെക്രട്ടറിമാർ



എ. നിശാന്ത്
കണ്ണൂർ സർവ്വകലാശാല




ഡോ. സി. അബ്ദുൾ മജീദ്
കാലിക്കറ്റ് സർവ്വകലാശാല



ഡോ. കെ. കൃഷ്ണദാസ്
എം. ജി. സർവ്വകലാശാല



പ്രൊഫ. എം. ശ്രീകുമാർ
കേരള സർവ്വകലാശാല




# അന്തകവിത്തുമായി യുജിസി വരുന്നു



**സി.പത്മനാഭൻ**
*കൺവീനർ, അക്കാദമിക് കമ്മിറ്റി*
*എ.കെ.പി.സി.ടി.എ*

**1956** ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്ടിന്റെ വെളിച്ചത്തിലാണ് അതിനും മൂന്നുവർഷം മുമ്പേ സ്ഥാപിക്കപ്പെട്ട യുജിസിയ്ക്കു വിപുലവും നിയമാനുസൃതവുമായ അധികാരങ്ങൾ കൈവരുന്നത്. പ്രസ്തുത അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ടു യുജിസി കാലാകാലങ്ങളിലായി ഒട്ടനവധി ചട്ടങ്ങളും മാർഗരേഖകളും പുറപ്പെടുവിച്ചിട്ടുമുണ്ട്. ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട കേന്ദ്ര സർവകലാശാലകളും സംസ്ഥാനനിയമസഭകൾ പാസ്സാക്കിയ നിയമങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട സംസ്ഥാനതല സർവകലാശാലകളുമാണ് ഇന്ത്യയിലെ സർവകലാശാലകളിൽ ബഹുഭൂരിപക്ഷവും. ഇതിനു പുറമേ യുജിസി യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ കൽപിതസർവകലാശാലകൾ എന്ന പ്രത്യേക പദവി നൽകിയ സ്ഥാപനങ്ങളുമുണ്ട്. വിദ്യാഭ്യാസം ഇന്ത്യൻ ഭരണഘടനയുടെ കൺകറന്റ് പട്ടികയിൽ പെട്ട വിഷയമായതിനാലും സർവകലാശാലകളുടെ അക്കാദമിക സ്വയംഭരണാവകാശം എന്നത് സാർവത്രികമായി അംഗീകരിക്കപ്പെട്ടതും എല്ലാ സർവകലാശാലകളുടെയും നിയമാവലിയിൽ അസന്നിഗ്ദ്ധമായി എഴുതിച്ചേർത്തതുമായ വ്യവസ്ഥയായതിനാലും 1956 ലെ യുജിസി ആക്റ്റിന് രൂപം നൽകിയ വിദ്യാഭ്യാസ/നിയമ വിദഗ്ധർ വളരെ കരുതലോടുകൂടി മാത്രമേ സർവകലാശാലകളുടെ അക്കാദമിക് പ്രവർത്തനങ്ങളിൽ ഇടപെടാൻ യുജിസിക്കു അധികാരം നൽകിയിരുന്നുള്ളൂ. പ്രസ്തുത ആക്റ്റിലെ സെക്ഷൻ 26(1) എഫ് പ്രകാരം സർവകലാശാലകളിൽ നടന്നുവരുന്ന ബിരുദപഠനത്തിന് വേണ്ട മിനിമം അടിസ്ഥാനനിലവാരം നിർവചിച്ചുകൊണ്ടു ചട്ടങ്ങൾ പുറപ്പെടുവിക്കാൻ യുജിസിക്കു അധികാരമുണ്ട്. സർവകലാ

ശാലവിദ്യാഭ്യാസം ഒരു മിനിമം നിലവാരം വിട്ടു താഴേക്കു പോകാതിരിക്കാൻ ഉള്ള കരുതൽ നടപടി എന്ന നിലയിലാണ് ഈ അധികാരം വിഭാവനം ചെയ്തിരിക്കുന്നത് എന്നതിനാൽ വളരെ കരുതലോടുകൂടി മാത്രമേ യുജിസി നാളിതുവരെ ഇത്തരം കാര്യങ്ങളിൽ ഇടപെട്ടിരുന്നുമുള്ളു. നിയമത്തിലെ ഈ വ്യവസ്ഥ ഉപയോഗിച്ചുകൊണ്ടു യുജിസി 1985 ൽ തന്നെ ബിരുദ വിദ്യാഭ്യാസത്തിനായുള്ള മിനിമം നിലവാരം സംബന്ധിച്ച ചട്ടങ്ങൾക്ക് രൂപം നൽകുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥിപ്രവേശനം, ആവശ്യം വേണ്ട പ്രവൃത്തിദിവസങ്ങളുടെ എണ്ണം, പരീക്ഷനടത്തിപ്പുമായി ബന്ധപ്പെട്ട ചില പൊതുനിർദേശങ്ങൾ, അദ്ധ്യാപകനിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ, സ്ഥാപനങ്ങളിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാനസൗകര്യങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ എന്നിവയല്ലാതെ സർവകലാശാലകളുടെ അധികാരപരിധിയിൽപെട്ട പാഠ്യപദ്ധതി, സിലബസ് എന്നിവയുടെ രൂപീകരണം സംബന്ധിച്ച യാതൊരു നിർദ്ദേശവും അതിൽ ഇല്ല. അത്തരം കാര്യങ്ങൾ ചെയ്യാൻ രാജ്യത്തെ എല്ലാ സർവകലാശാലകൾക്കും ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി, അക്കാദമിക് കൗൺസിൽ എന്നീ സമിതികൾ നിലവിലുണ്ട് എന്ന കാര്യം യുജിസി യിലെ വിദ്യാഭ്യാസവിചക്ഷണന്മാർക്ക് അറിയാത്തതല്ലല്ലോ.




എന്നാൽ ഇക്കഴിഞ്ഞ ഏപ്രിൽ10 നു യുജിസി അതിവിചിത്രമായ ഒരു പ്രഖ്യാപനം സ്വന്തം വെബ്സൈറ്റിലൂടെ മുന്നോട്ടുവച്ചിരിക്കുകയാണ്. ഇന്ത്യയിലെ സർവകലാശാലകൾ വൈവിധ്യമാർന്ന മൂല്യനിർണയരീതികൾ സ്വീകരിച്ചുവരുന്നതിനാൽ വിദ്യാർത്ഥികൾക്ക് ഒരു സർവകലാശാല വിട്ട് മറ്റൊന്നിലേക്ക് ചേക്കാറാനും തൊഴിൽദാതാക്കൾക്ക് വിദ്യാർത്ഥികളുടെ നിലവാരം മനസ്സിലാക്കാനും അത്യധികം പ്രയാസം നേരിടുന്നു എന്നതാണ് പ്രസ്തുത കുറിപ്പ് ആദ്യമായി പ്രഖ്യാപിക്കുന്നത്. ചില സർവകലാശാലകളിൽ മാർക്ക് നൽകുന്ന രീതി ആണ് പിന്തുടരുന്നതെങ്കിൽ മറ്റ് ചിലവയിൽ ഗ്രേഡ് ആണ് നൽകുന്നത്. ഈ വൈവിധ്യം ഒഴിവാക്കി പൊതുമൂല്യനിർണയരീതി കൊണ്ടുവരാനാണ് യുജിസി നിർദ്ദേശം മുന്നോട്ടുവച്ചിരിക്കുന്നത്. ഒറ്റ അച്ചിൽ വാർത്തതല്ലെങ്കിലും ഏറെക്കുറെ സമാനതകളുള്ളതും അധുനികവും ആയ മൂല്യനിർണയരീതികൾ സർവകലാശാലകൾ പൊതുവിൽ സ്വീകരിക്കുന്നത് നല്ലതാണ്. എന്നാൽ ഇതിനായി യുജിസി രാജ്യവ്യാപകമായി നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്നത് ചോയ്സ് ബെയ്സ്ഡ് ക്രഡിറ്റ് സെമസ്റ്റർ സമ്പ്രദായം ആണത്രെ. ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായത്തിനായുള്ള അധികാരപരിധിയിൽപെട്ട പാഠ്യപദ്ധതി രൂപീകരണം, കോഴ്സുകളുടെ ഘടന സംബന്ധിച്ച ക്രമീകരണങ്ങൾ, സിലബസിന്റെ പൂർണരൂപം ഉണ്ടാക്കൽ എന്നിങ്ങനെയുള്ള എല്ലാ ജോലികളും നേരിട്ടു ചെയതതിന് ശേഷം ഇവ പൂർണമായി നടപ്പിലാക്കിക്കൊള്ളണം എന്ന നിലപാടാണ് ആണ് യുജിസി ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. അതായത് വിദ്യാർത്ഥികൾക്ക് ചോയ്സ് നൽകാനുള്ള തത്രപ്പാടിൽ സർവകലാശാലകൾ നാളിതുവരെ അനുഭവിച്ചുവന്ന എല്ലാ ചോയ്സും യുജിസി ഇല്ലാതാക്കാൻ പോകുന്നു എന്നു ചുരുക്കം. ഒരു സർവകലാശാല അതിന്റെ കീഴിലുള്ള എല്ലാ കോളേജുകൾക്കും പൊതുവായ പാഠ്യപദ്ധതിയും സിലബസും ബാധകമാക്കുന്നത് ഉന്നതവിദ്യാഭ്യാസരംഗത്തെ വൈവിധ്യം ഇല്ലാതാക്കും. എന്നു പറഞ്ഞുകൊണ്ടു സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ മാർഗരേഖയുമായി വന്ന അതേ യുജിസി തന്നെയാണ് ഇപ്പോൾ രാജ്യമെമ്പാടുമുള്ള സർവകലാശാലകൾക്ക് ഒറ്റ അച്ചിൽ വാർത്ത സിലിബസും പാഠ്യപദ്ധതിയും നിർദേശിക്കുന്നത്. യുജിസി നിർദേശിക്കുന്ന അതേ രീതിയിൽ കാര്യങ്ങൾ നടപ്പിലാക്കിയാൽ കേരളത്തിലെ കോളേജുകളിൽ ഇന്നുള്ളതിൽ ഏതാണ്ട് മുപ്പത്തഞ്ചു ശതമാനത്തോളം അദ്ധ്യാപകരെ മാത്രമേ സ്ഥിരമായി നിലനിർത്തേണ്ടിവരികയുള്ളു. ഭാഷാദ്ധ്യാപകരും ജൂനിയർ അദ്ധ്യാപകരുമടക്കമുള്ള ഒരു വലിയ വിഭാഗം അദ്ധ്യാപകരെ അതതു ഇലക്ടീവ് വിഷയങ്ങൾ വിദ്യാർത്ഥികൾ തെരെഞ്ഞെടുക്കുമ്പോൾ മാത്രമേ ആവശ്യം വരികയുള്ളൂ. വിദ്യാഭ്യാസരംഗത്ത് കേന്ദ്രസർക്കാർ ഏറെകാലമായി ആഗ്രഹിക്കുന്ന കാര്യമാണ് ഭൂരിഭാഗം അദ്ധ്യാപകരെയും കോൺട്രാക്റ്റ് അദ്ധ്യാപകർ ആക്കി മാറ്റുക എന്നത്. അതിനുപറ്റുന്ന തരത്തിലുള്ള വിദ്യാഭ്യാസപരിഷ്കാരമാണ് യുജിസി ഇപ്പോൾ നിർദേശിച്ചിരിക്കുന്നത്. പുതിയ പദ്ധതിയുടെ മാർഗരേഖയ്ക്കൊപ്പം പത്തൊമ്പത് വിഷയങ്ങളുടെ സിലിബസ് യുജിസി അതിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അവയെക്കുറിച്ച് പൊതു അഭിപ്രായം തേടുകയും ചെയ്തിട്ടുണ്ട്. എത്രവട്ടം പരിഷ്കരിച്ചാലും മിനിമം നിലവാരത്തിലേക്കെത്തിക്കാൻ കഴിയാത്ത പിന്നെ അവയിൽ നിന്നും ഇരുപതുശതമാനം മാറ്റം വരുത്താൻ മാത്രമേ സർവകലാശാലകൾക്ക് ഭാവിയിൽ അധികാരമുണ്ടായിരിക്കുകയുള്ളൂ എന്ന ഒരു ഭീഷണിയും നിലവിലുണ്ട്. എന്നാൽ കേരളത്തിലെ സർവകലാശാലകൾ നിലവിൽ പിന്തുടരുന്ന സിലബസിന് പകരം യുജിസി നിർദ്ദേശിക്കുന്ന സിലബസ് അംഗീകരിച്ചാൽ അത് ഉന്നതവിദ്യാഭ്യാസരംഗത്ത് കനത്ത നിലവാരത്തകർച്ചയ്ക്ക് വഴിവയ്ക്കും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. അക്കാദമിക് രംഗത്ത് മിനിമം നിലവാരം ഉറപ്പുവരുത്താനുള്ള അധികാരം മാത്രമുള്ള യുജിസി സമഗ്രാധികാരപ്രവണതയാണ് ഈ പ്രഖ്യാപനങ്ങളിലൂടെ പ്രകടിപ്പിച്ചിരിക്കുന്നത്.

സർവകലാശാലകളുടെ സ്വയംഭരണാവകാശത്തിന് ഒരു പോറൽ പോലുമേൽപ്പിക്കാതെ ആറുവർഷം മുമ്പേ മാതൃകാപരമായി സിബിസിഎസ്എസ് നടപ്പിലാക്കിയ ചരിത്രം കേരളത്തിനുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ



ആത്മാർത്ഥയുണ്ടെങ്കിൽ കേരള മോഡൽ ആയിരുന്നു യുജിസി തങ്ങളുടെ പൂർവമാതൃക ആയി സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ യുജിസിയുടെ ഉദ്ദേശം വേറെയാണ്. രാജ്യത്തെ ഉന്നതവിദ്യാഭ്യാസമേഖലയുടെ ഉള്ളടക്കത്തിൽ ഫാസിസ്റ്റുകൾക്ക് ഇടപെടുക നിലവിൽ എളുപ്പമല്ല. സർവകലാശാലകളുടെ സ്വയംഭരണാവകാശം എന്ന സങ്കൽപം നിലനിൽക്കുന്നിടത്തോളം കാലം കേന്ദ്രസർക്കാരും അവരുടെ ശിങ്കിടികളും പടച്ചുവിടുന്ന സിലബസ് രാജ്യവ്യാപകമായി സ്വീകരിക്കപ്പെടില്ല. അത് സ്വീകരിക്കപ്പെടണമെങ്കിൽ സർവകലാശാലകളുടെ നിലവിലുള്ള ഘടന തകർത്ത് അവയെ നിഷ്ക്രിയമാക്കണം. അതുകൊണ്ടാണ് സർവകലാശാലകളുടെ അക്കാദമിക് പ്രത്യുൽപ്പന്നമതിത്വം നശിപ്പിക്കാൻ ഉതകുന്ന അന്തകവിത്തുമായി യുജിസി യെത്തന്നെ മാരീചവേഷവുമായി മുന്നിൽ ഇറക്കിയിരിക്കുന്നത്. ഒരുവട്ടം ഈ കൃഷി നടന്നാൽ പിന്നീട് കേന്ദ്രം തരുന്ന പാഠ്യപദ്ധതിയും സിലബസും ഇല്ലാതെ സർവകലാശാലകൾക്ക് മുന്നോട്ടുപോകാനാകില്ല. ഈ ശ്രമത്തിൽ യുജിസി വിജയിച്ചാൽ അതോടെ യുജിസി തന്നെ ഇല്ലാതാവുകയും പകരം യഥാർത്ഥ കളിക്കാർ മറനീക്കി രംഗത്തുവരികയും ചെയ്യും. ആയതിനാൽ യുജിസിയുടെ ഈ പുതിയ നീക്കത്തെ ചെറുത്തുതോൽപ്പിക്കേണ്ടത് ഉന്നതവിദ്യാഭ്യാസത്തെ രാഷ്ട്രപുരോഗതിയുടെ അവിഭാജ്യ ഘടകമായി കാണുന്ന മുഴുവൻ ജനാധിപത്യമതേതര വിശ്വാസികളുടെയും അടിയന്തിരകടമയാണ്.

*FOR TOP QUALITY TEXTS ...*

# SOBA PUBLICATIONS

*... wings of wisdom*

*Changanasserry, Kottayam,Kerala State 686101*

***Our prestigeous books which you can confidently follow ...***


- Financial Management (For B.Com / B.B.A) ` *140*
- Income Tax *(For B.Com/ B.B.A) ` 290*
- Direct taxes - Law and Practice *(For M.Com/ MBA/ CA/ ICWA) ` 390*
- Principles of Insurance *(For B.Com/ B.B.A) ` 100*
- Capital Market *(For B.Com.) ` 100*
- Value Added Tax - Concepts and Practices *(For B.Com) ` 110*
- Indian Financial Markets *(For B.Com/ B.B.A) ` 100*
- Capital Market and Investment Management *` 100*
- Indian Financial System *(For B.Com/ B.B.A) ` 100*
- Financial Management *(For M.Com/ MBA/ CA/ ICWA) ` 290*

***Attention Authors and Eminent Professors ...***

*We invite top quality texts for publication, for B.Com, B.B.A., M.Com and M. B. A., on attractive terms. If interested, contact ...*

**The Manager**
**175, Manamel, Boat Jetty Road**
**Changanasserry, Kottayam (Dist) Pin-686 101**
**Ph. 9496752663 / 9446223651**
**Website : www.sobabooks.com**

**SOBA PUBLICATIONS**



# ന്യൂട്രിനൊ പഠനത്തിലെ അഗ്രഗാമികൾ



ഡോ: എം.എസ്.വസന്തകുമാർ
*എസ്.എൻ.കോളജ്, കൊല്ലം*

ന്യൂട്രിനൊ എന്ന അണുഭാഗം പഠന വിധേയമാക്കുന്നതിന് ഇന്ത്യയ്ക്ക് മുൻകൈ ലഭിക്കുന്ന ഒരു പദ്ധതിയാണ് ഇന്ത്യാ ബേയ്സ്ഡ് ന്യൂട്രിനൊ ഒബ്സർവേറ്ററി. അതിനെപ്പറ്റി മഹാശാസ്ത്രജ്ഞനും ഇന്ത്യയുടെ മുൻ പ്രസിഡന്റുമായ എ.പി.ജെ. അബ്ദുൾകലാമും അദ്ദേഹത്തിന്റെ ഉപദേശകനായ ശ്രീജൻപാൽസിംഗും ചേർന്ന് ദി ഹിന്ദു വിൽ ജൂൺ 17 ന് ശ്രദ്ധേയമായ ഒരു ലേഖനം എഴുതുകയുണ്ടായി.

ന്യൂട്രിനൊ എന്ന മൗലിക കണത്തെ അപഗ്രഥിച്ച് പഠിക്കാനുള്ള ഒരു പദ്ധതിയാണ് ഐ.എൻ ഒ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന India Based Neutrino Observatory. ഇതൊരു ഭൂഗർഭ ശാസ്ത്ര ഗവേഷണ കേന്ദ്രമാണ്. തമിഴ് നാട്ടിൽ മധുരയിൽ നിന്ന് 110 കിലോ മീറ്റർ അകലെയുള്ള തേനി ജില്ലയിലെ ബോധി വെസ്റ്റ് ഹിൽ പ്രദേശത്ത് അത് സ്ഥാപിച്ച് ന്യൂട്രിനോ പഠനം നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പരിസ്ഥിതി സ്നേഹികളും രാഷ്ട്രീയ നേതാക്കളും മറ്റും തടസ്സവാദങ്ങൾ ഉന്നയിച്ച് ഇതിനകം പദ്ധതിക്കെതിരെ ഉത്കണ്ഠാകുലരായി പ്രതികരിച്ചു കഴിഞ്ഞു. സംരക്ഷിതമായ കടുവാ സങ്കേതവും ബൃഹത്തും ദുർബലവുമായ അണക്കെട്ടുകളും പദ്ധതി കേന്ദ്രത്തിന് സമീപമാണെന്നതും, സ്ഫോടനാത്മക പരീക്ഷണങ്ങളുടെ സാദ്ധ്യതയുമൊക്കെ ഉത്കണ്ഠാകാരണങ്ങളാണത്രെ. കൂടംകുളത്ത് ആണവ കേന്ദ്രം ഉയർത്തിയ ഉത്കണ്ഠകൾക്ക് വിശദീകരണം നൽകി നമ്മെ സാന്ത്വനപ്പെടുത്തിയ അബ്ദുൾ കലാം തന്നെ ഇക്കുറിയും വിശദീകരണവുമായി എത്തിയിരിക്കുന്നു.

### നാം പയനിയേഴ്സ്

ന്യൂട്രിനൊ ഗവേഷണത്തിന്റെ അഗ്രഗാമികൾ (pioneers) ആണ് ഭാരതീയ ശാസ്ത്രജ്ഞർ. മൈസൂറിന് സമീപമുള്ള കോളാർ സ്വർണ്ണഖനിയുടെ ഗർത്തങ്ങളെ ഇതിന് ഉപയോഗിച്ച ചരിത്രം നമുക്ക് അവകാശപ്പെടാനുണ്ട്. ലോകത്തെ ഏറ്റവും ആഴത്തിലുള്ള പരീക്ഷണ ശാല നാം കോളാറിൽ സ്ഥാപിച്ചത് 1960-ൽ ആണ്. കോളാർ ഗോൾഡ് ഫീൽഡ് ലാബ് എന്നായിരുന്നു ആ ഗവേഷണ ശാലയുടെ പേര്. അന്തരീക്ഷത്തിലുള്ള ന്യൂട്രിനൊകളെ കണ്ടെത്താൻ അവിടെ ഗവേഷകർക്ക് കഴിഞ്ഞിരുന്നു. എന്നാൽ 1992 ൽ ഖനി നഷ്ടത്തിൽ കലാശിച്ച

തിനാൽ ഗവേഷണ ശാല അടച്ചുപൂട്ടേണ്ടി വന്നു. അന്നത്തെ ആ ഗവേഷണ അഗ്രഗാമിത്വവും നേതൃത്വവും തുടരാൻ നമുക്ക് കൈവന്നിരിക്കുന്ന സുവർണാവസരം കൂടിയാണ് INO.

## എന്താണ് ന്യൂട്രിനൊ ?

ആറ്റമിക ഘടനയുടെ അടിസ്ഥാന തത്വങ്ങളിൽ ഒന്നാണ് എക്സ്ക്ലൂഷൻ പ്രിൻസിപ്പിൾ. അത് സമർപ്പിച്ച വുൾഫ്ഗാങ് പൗളിയുടെ പേരിൽ ആ തത്വം Paulis Exlusion Principle എന്ന് അറിയപ്പെടുന്നു. അതേ പൗളി 1930 ൽ , ബീറ്റ ദ്രവീകരണ (beta decay) ത്തിന്റെ ഊർജ്ജ സന്തുലീകരണം വിശദീകരിക്കാൻ നിർദ്ദേശിച്ച കണികയാണ് ന്യൂട്രിനൊ. എന്നാൽ 1932 ൽ ജയിംസ് ചാഡ്‌വിക് ന്യൂട്രോൺ കണ്ടുപിടിച്ചപ്പോൾ ചാർജ്ജില്ലാത്ത ന്യൂട്രിനൊയ്ക്കും ന്യൂട്രോണിനും ഒരേ പേര് (ന്യൂട്രോൺ) ധാരണപ്പിശകിന് ഇടവരുത്തിയതിനാൽ neutrino (ന്യൂട്രൽ ആയ ചെറിയ വസ്തു എന്ന് അർത്ഥമുള്ള ഇറ്റാലിയൻ വാക്ക്) എന്ന് പൗളിയുടെ നിർദേശകത്തിന് പേരിട്ടത് എൻറിക്കോ ഫെർമിയാണ്.

പാർട്ടിക്കിൾ ഫിസിക്സിലെ സ്റ്റാൻഡേർഡ് മോഡലിൽ ഉൾപ്പെട്ടിട്ടുള്ള കണികകളിൽ ലെപ്റ്റോൺ (Leptons) എന്ന വിഭാഗത്തിൽപ്പെടുന്നവയാണ് ന്യൂട്രിനോകൾ. അവ മൂന്ന് തരമുണ്ട്. ഇലക്ട്രോൺ ന്യൂട്രിനൊ, മുവോൺ ന്യൂട്രിനൊ, ടാവു ന്യൂട്രിനൊ ഇവയ്ക്ക് വൈദ്യുത ചാർജ്ജില്ല.

കോസ്മിക് രശ്മികൾ ആറ്റമുകളെ ഇടിക്കുമ്പോൾ ന്യൂക്ലിയർ പ്രതിപ്രവർത്തനങ്ങൾ (Nuclear reactions) നടക്കുന്നു. അപ്പോൾ ബഹിർഗമിക്കുന്നവ ആണ് ന്യൂട്രിനൊകൾ. സൂര്യനിലെ ന്യൂക്ലിയർ റിയാക്ഷനുകൾ പുറത്ത് വിടുന്ന അസംഖ്യം ന്യൂട്രിനൊകൾ ആണ് ഭൂമിയിൽ എത്തുന്നത്. ഒരു സെക്കന്റിൽ 65 ബില്യൺ ($6.5x10^{10}$) സൗര ന്യൂട്രിനോകൾ ഭൂമിയിലെ ഓരോ സ്ക്വയർ സെന്റീമീറ്ററിലൂടെയും കടന്നുപോകുന്നു. സഞ്ചാരത്തിനിടയിൽ അവയുടെ മൂന്ന് തരങ്ങളിലേക്ക് മാറി മാറി രൂപാന്തരം ചെയ്തുകൊണ്ടാണ് ന്യൂട്രിനൊകൾ നീങ്ങുന്നത്.

ഇവയ്ക്ക് ന്യൂക്ലിയസുകളുമായി കൂട്ടിമുട്ടി പുതിയ ന്യൂക്ലിയസുകളെ സൃഷ്ടിക്കാൻ കഴിഞ്ഞേക്കും. ഈ സ്വഭാവം ഉപയോഗിച്ച് ഇവയെ കണ്ടു പിടിക്കാം (detect). പദാർത്ഥത്തിന് പ്രതി പദാർത്ഥമെന്ന മട്ടിൽ ന്യൂട്രിനൊയ്ക്ക് ആന്റി ന്യൂട്രിനൊ ഉണ്ട്.

ഇവയ്ക്ക് പിണ്ഡം (mass) നാമമാത്രമായി ഉള്ളതു കൊണ്ട് പ്രകാശ വേഗത്തിൽ സഞ്ചരിക്കാൻ കഴിയില്ല. ഇവയുടെ വലിപ്പമാകട്ടെ ഒരു നാനോബാൺ അഥവാ $10^{33}$ ഇഞ്ച് വരും.

ന്യൂട്രിനൊകൾ പ്രപഞ്ചോൽപത്തിയോളം പ്രായമുള്ളവ ആണ്. ട്രില്യൺ കണക്കിന് ($1x10^{18}$) ന്യൂട്രിനൊ സാന്നിദ്ധ്യം എവിടെയും ഉണ്ട്. എങ്കിലും സാന്നിദ്ധ്യമറിയിക്കുന്ന ഒന്നും അവ നമ്മിൽ സൃഷ്ടിക്കുന്നില്ല. ഈ മഹാ സംഖ്യാവ്യൂഹത്തിൽ നിന്ന് ഇവയെ വേർതിരിച്ച് പഠിക്കാനാണ് ഭൂമിയ്ക്കുള്ളിൽ 1300 മീറ്റർ ആഴത്തിൽ വച്ച് പരീക്ഷണ വേദി ഒരുക്കുന്നത്.

ന്യൂട്രിനൊ പൊതുവിൽ ശാസ്ത്ര സാങ്കേതിക പുരോഗതിക്ക് വളരെ അനുഗുണമായ ഒരു കണികയാണ്. അവ സമൃദ്ധമാണ്, പിണ്ഡം കുറഞ്ഞവയാണ്, വൈദ്യുത ചാർജ്ജില്ലാത്തവയാണ് എന്നീ പ്രത്യേകതകൾ കൊണ്ട് അനുഗ്രഹിക്കപ്പെട്ടവ ആണ്. അവയ്ക്ക് ഗ്രഹങ്ങളിലൂടെയും നക്ഷത്രങ്ങളിലൂടെയും പാറക്കെട്ടുകളിലൂടെയും മനുഷ്യ ശരീരത്തിലൂടെയും കടന്ന് ബഹുദൂരം സഞ്ചരിക്കാൻ കഴിയുന്നു. അവയിൽ അന്തർലീനമായ വിജ്ഞാനത്തിന്റെ കാണാപ്പുറങ്ങൾ വാനശാസ്ത്രത്തെയും ആസ്ട്രോഫിസിക്സിനെയും വിനിമയ ശാസ്ത്രത്തെയും മാറ്റി മറിച്ചേക്കാം.

അതിനുള്ള ശാസ്ത്രീയമുന്നേറ്റത്തിനുള്ള നേതൃത്വമാണ് നമുക്ക് കൈവന്നിരിക്കുന്നത് എന്ന്



അബ്ദുൾ കലാം വിശ്വസിക്കുന്നു. പൊതുവിൽ ഉയർന്ന് വന്നിട്ടുള്ള സംശയങ്ങളോരോന്നിനും അദ്ദേഹം ഉത്തരം പറയുന്നുണ്ട്. ന്യൂട്രിനൊ കാൻസർ ഉണ്ടാക്കുമോ ? ഇല്ലേയില്ല. കണികകളിൽ ഏറ്റവും നിരുപദ്രവ സ്വഭാവമുള്ളതാണ് ന്യൂട്രിനൊ. ന്യൂട്രിനൊ എന്നത് മുപ്പതുകളിൽ എന്നപോലെ ന്യൂട്രോൺ എന്ന് ധരിച്ച്, ന്യൂട്രോൺ ബോംബ് നിർമിക്കാനുള്ള നിഗൂഢ നീക്കം നമ്മുടെ നാട്ടിൽ വിദേശികൾ നടത്തി തീർക്കാൻ ശ്രമിക്കുന്നതല്ലേ ? ന്യൂട്രിനോയ്ക്ക് ന്യൂട്രോണിന്റെ നൂറ് കോടിയിൽ ഒരു അംശം മാത്രമേ ഉള്ളു ഭാരം. അത് രണ്ടും താരതമ്യം ചെയ്യാനേ കഴിയില്ല. ഭൂഗർഭ പരീക്ഷണ ശാലയിൽ ഉല്പാദിപ്പിക്കുന്ന കൃത്രിമ ന്യൂട്രിനൊ അപകടകാരിയല്ലേ ? ക്രിത്രിമ ന്യൂട്രിനൊ എന്ന് ഒന്ന് ഇല്ല തന്നെ !

നേരെ മറിച്ച് ന്യൂക്ലിയർ ആയുധ നിർമ്മാണ രഹസ്യങ്ങൾ കണ്ടെത്താൻ ന്യൂട്രിനൊകളെ ഉപയോഗിക്കാം. ഭൂമിയുടെ ആഴങ്ങളിൽ ഇനിയും കണ്ടെത്താത്ത എണ്ണ നിക്ഷേപങ്ങളെ കണ്ടെത്താൻ ന്യൂട്രിനൊകളെ ഉപയോഗിക്കാം. ഭൂഗർഭ സ്ഥിതി ആരാഞ്ഞ് ഭൂമികുലുക്കവും, ഭൂകമ്പങ്ങളും മുൻകൂട്ടി പഠിക്കാൻ ന്യൂട്രിനൊകളെ ഉപയോഗിക്കാം. ഇതിനായി ജിയോ ന്യൂട്രിനൊകളെ (യുറേനിയം, തോറിയം എന്നിവയുടെ റേഡിയോ ക്ഷയം കൊണ്ട് ഉണ്ടാകുന്നവ) Neutrino Tomography കൊണ്ട് പ്രയോജനപ്പെടുത്താം.

ഭൂമിക്കുള്ളിലൂടെ ന്യൂട്രിനൊകളെ കടത്തി വിട്ട് നിലവിലുള്ള ഭൗമബാഹ്യ വിനിമയ സംവിധാനത്തെക്കാൾ പ്രാപ്തിയുള്ള വിനിമയ സംവിധാനങ്ങൾക്ക് രൂപം കൊടുക്കുവാൻ ആയേക്കും. ഭൗമബാഹ്യമായ ജീവി സാന്നിദ്ധ്യം (extra terrestrial life) അന്വേഷിക്കാനും, പ്രപഞ്ചത്തിന്റെ തന്നെ വിനിമയവാഹികളാകാനും ന്യൂട്രിനൊകൾക്ക് കഴിഞ്ഞേക്കും. ശ്യാമദ്രവ്യവും, ഊർജ്ജവും (Dark matter and energy) എന്ന പ്രഹേളികകൾക്ക് ഉത്തരമായി ഇവയ്ക്ക് മാറാൻ കഴിഞ്ഞേക്കും എന്ന് വിശ്വസിക്കുന്ന ഒരു പിടി ശാസ്ത്രജ്ഞർ ഉണ്ട്.

കാൻസർ ഉണ്ടാക്കും എന്ന് ചിലരെങ്കിലും സംശയിക്കുന്ന ന്യൂട്രിനൊകൾക്ക് കാൻസർ ചികി

ന്സയ്ക്ക് തന്നെമുതൽക്കൂട്ടാകാൻ കഴിയുന്നതാണ്. എന്തിന് സങ്കല്പ നങ്ങൾക്ക് അപ്പുറമുള്ള സാങ്കേതിക വിദ്യയെ ഇവ ജനിപ്പിച്ചേക്കാം.

**ചരിത്രം**

1989 മുതൽ ഒരു ന്യൂട്രിനൊ ഒബ്സർവേറ്ററിയുടെ ആവശ്യം ഇന്ത്യയിൽ പരിഗണിച്ചിരുന്നു. 2000 ജനുവരി മാസം ചെന്നൈയിൽ നടന്ന (WHEEPP-6) യിൽ പങ്കെടുത്ത ന്യൂട്രിനൊ ഫിസിക്സ് ആന്റ് കോസ്മോളജി വർക്കിംഗ് ഗ്രൂപ്പ് ആണ് വ്യക്തമായി ഇത് പിന്നീട് പരിഗണിച്ചത്. പിന്നെ കൽക്കത്തയില Saha Institute of Nuclear Physics ലും (SINP) (2000 ആഗസ്റ്റ്) Institute of Mathematical Sciences, Chennai (IMSC) യിൽ (2001 ഫെബ്രുവരി) നടന്ന The Neutrino 2001' ലും ഇത് സംഘടിപ്പിക്കുന്നതിന് നിർദ്ദേശങ്ങളുണ്ടായി.

2002 ന്യൂട്രിനൊ അഗ്രഗാമികൾക്ക് നോബൽ സമ്മാനം ലഭിച്ചതും ഈ ദിശയിൽ ഉത്സാഹത്തിന് കാരണമായി. അങ്ങനെ DAE (Dept of Atomic Energy) പ്രഖ്യാപിച്ചതാണ് INO. അതിന് വേണ്ടി DAE ഒരു Neutrino Collaboration Group (NCG) രൂപീകരിച്ചു .

DAE അങ്ങനെ അത് നീലഗിരി കുന്നുകളിലെ സിംഗാരയിൽ സ്ഥാപിക്കാൻ അനുമതി തേടി. മുതുമലൈ കടുവാസംരക്ഷണ മേഖലയ്ക്ക് (Tiger Reserve) സമീപമായത് കൊണ്ടും ബണ്ടിപ്പൂർ കടുവ - ആന സംരക്ഷണ മേഖലയ്ക്കടുത്ത് ആണെന്നുള്ളതു കൊണ്ടും അനുമതി കിട്ടിയില്ല. പകരം സുരുളി വെള്ളച്ചാട്ടത്തിന് അടുത്ത് തമിഴ്നാട്ടിലെ തേനിയിൽ സ്ഥാപിക്കാൻ തീരുമാനമായി.




2010 ഒക്ടോബർ 18 ന് വന-പരിസ്ഥിതി മന്ത്രാലയം ഇതിനായി കാടു തെളിക്കുന്നതിനും ഒബ്സർവേറ്ററി സ്ഥാപിക്കുന്നതിനും അനുമതി നൽകി. 2012 ഫെബ്രുവരിയിൽ 66 കോടി രൂപ ഇതിനായി അനുവദിക്കപ്പെട്ടു. ഗതാഗത സൗകര്യത്തിന് റസിംഗപുരത്തു നിന്ന് പോറ്റിപുരം ഗ്രാമത്തിലേക്ക് ഒരു റോഡിന്റെ അനുമതിയും ലഭിച്ചു. 1500 കോടി രൂപയ്ക്ക് പദ്ധതി പൂർത്തിയാക്കാം എന്ന നിഗമനത്തിലാണ്.

2012 ഒക്ടോബറിൽ കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദനും എം ഡി എം.കെ. നേതാവ് വൈക്കോയും പാരിസ്ഥിതിക-ജനസുരക്ഷാ പ്രശ്നങ്ങൾ ഉന്നയിച്ച് പദ്ധതിക്കെതിരായി പ്രസ്താവനയുമായി വന്നു. പരിസ്ഥിതി പ്രവർത്തകനായ വി.ടി. പത്മനാഭനും ഒബ്സർവേറ്ററിയുടെ പരിസ്ഥിതി വിരുദ്ധമായ സ്വഭാവത്തെക്കുറിച്ച് ഉൽകണ്ഠ രേഖപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി, മുല്ലപ്പെരിയാർ ഉൾപ്പെടെ പന്ത്രണ്ട് അണക്കെട്ടുകൾ പദ്ധതിക്ക് 50 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്നതിനാൽ ഖനനം ഉൾപ്പെടെയുള്ള ഒബ്സർവേറ്ററി പ്രവർത്തനം ഡാമുകൾക്ക് ഭീഷണിയാണ് എന്ന വൈക്കോയുടെ ചൂണ്ടിക്കാട്ടൽ പ്രസക്തമാണ്. ഈ സംശയങ്ങളും ഉൽകണ്ഠകളും ദൂരീകരിച്ചിട്ട് തന്നെ വേണം പദ്ധതി നടപ്പാക്കാൻ.

**INO യുടെ ലക്ഷ്യങ്ങൾ**

TIFR, BARC, IMSc, SINP, VECC, HRI, IOP എന്നീ പ്രമുഖ ശാസ്ത്രസ്ഥാപനങ്ങളും ഇന്ത്യയിലെ പതിമൂന്ന് പ്രമുഖ യൂണിവേഴ്സിറ്റികളും ഭാഗഭാക്കുകളാകുന്ന ഈ അഭിമാന സംരംഭം ലക്ഷ്യമി





ടുന്ന കാര്യങ്ങൾ, സുവ്യക്തവും കൃത്യവും ആയ ന്യൂട്രിനൊ പഠനം, ദ്രവ്യത്തിൽ ന്യൂട്രിനോ ചെലുത്തുന്ന സ്വാധീനവും വരുത്തുന്ന മാറ്റങ്ങളും, സ്റ്റാൻഡേർഡ് മോഡലിനെ ആസ്പദമാക്കിയുള്ള സസൂക്ഷ്മ പഠനം, കോളാർ ലാബിലെ സംഭവങ്ങളുടെ അപഗ്രഥനം തുടങ്ങിയവ ആണ്.

**കലാമിന്റെ ലേഖനം**

Going all out for Neutrino Research എന്ന ശീർഷകമുള്ള ലേഖനത്തിലൂടെ നമ്മുടെ ശാസ്ത്ര പാരമ്പര്യത്തിൽ അധിഷ്ഠിതമായ അഭിമാനമുണർത്തുകയാണ് പ്രഗത്ഭനായ എ.പി.ജെ അബ്ദുൾകലാം. അമേരിക്കൻ ഒബ്സർവേറ്ററി ആയ ഫെർമിലാബിന്റെ ഗുഢനീക്കമല്ല INO എന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുകയാണ് അദ്ദേഹം. അമേരിക്കയിലെ ഫെർമിലാബിലെ ഒരു പ്രൊഫസറെ ഉദ്ധരിക്കുന്നുണ്ട് കലാംജി "Fermi lab is the pride of Chicago ആ സ്ഥാപനത്തെ വെല്ലുന്ന ശാസ്ത്രപ്രൗഢിയുടെ സ്തംഭമാകണം INO എന്ന് അദ്ദേഹം ആഹ്വാനം ചെയ്ത് ഒബ്സർവേറ്ററിക്ക് പച്ചക്കൊടി കാട്ടുന്നു. കൂടംകുളം കമ്മീഷൻ ചെയ്യുമ്പോഴും കലാം എന്ന് വിഷനറി നമ്മുടെ സംശയ ധൂമത്തെയും ഉൽകണ്ഠാ കാർമേഘങ്ങളെയും വീശിയകറ്റിയ അനുഭവം നമ്മുടെ മുന്നിലുണ്ട്.

കടപ്പാട് : 1.
എ.പി.ജെ.അബ്ദുൾ കലാം *Going all out Neutrino Research (The Hindu 17th June 2015)*
2. *Wikipaedia*



# ഉറഞ്ഞു പോയാ മഷിക്കാലങ്ങൾ



**എൻ.രേണുക**
*എൻ.എസ്.എസ്.കോളജ്,ചേർത്തല*

ചരിത്രത്തിലേക്ക് ഏററവും വേഗതയിൽ ഓടി മറഞ്ഞുകൊണ്ടിരിക്കുന്നത് അഞ്ചലോട്ടക്കാരാണ്. അല്ലെങ്കിൽ അവരുടെ മാറിയ രൂപങ്ങളാണ്. സാഹചര്യങ്ങൾ മനുഷ്യരെ പല ആകൃതികളിലുള്ള അറകളിൽ ഉൾപ്പെടുത്തി വിചാരണകളും വിധി തീർപ്പുകളും നടപ്പിലാക്കുമെങ്കിലും മനുഷ്യൻെറ ആത്യന്തികമായ ആഭിമുഖ്യം സഹജീവികളോടു തന്നെയാണ്. മഞ്ഞു മലകളും വൻകടലുകളും കൊടുങ്കാടുകളും അഗ്നിപർവ്വതങ്ങളും മരുഭൂമികളും സൃഷ്ടിക്കുന്ന അജ്ഞാത ദേശങ്ങൾ എന്ന അപരിചിതത്വം ഒരു കാലത്തും മനുഷ്യബന്ധങ്ങളുടെ വിനിമയത്തെ ബാധിച്ചിട്ടില്ല. സാങ്കേതിക വിദ്യയുടെ വികാസത്തിനു മുൻപ് ഭാവനയുടെ ലോകങ്ങളിൽ ദൂതുമായി അലഞ്ഞവർ മനുഷ്യർ മാത്രമായിരുന്നില്ല. അവർ ഋതുപരിവർത്തനങ്ങളിലൂടെ ദൂരങ്ങൾ കടന്നുപോയി. ഇന്ന് ഏററവും മൂല്യമുള്ള ഘടകമായി സമയം മാറി. യന്ത്രങ്ങളും സാമൂഹികമായ ആവശ്യങ്ങളും സംയോജിതമായി സൃഷ്ടിക്കുന്ന ഒരു സമയബോധം നമ്മുടെ ജീവിതത്തെ ഭരിക്കുന്നുണ്ട്. വേഗതയാണ് അതിൻെറ പ്രത്യയശാസ്ത്രം. കടൽദൂരങ്ങളെ മറികടന്ന് നിമിഷങ്ങൾക്കകം സന്ദേശങ്ങൾ കൈമാറാനുള്ള പരസ്പരം കണ്ട് സംവദിക്കാനുള്ള സംവിധാനത്തിലേയ്ക്ക് എത്തിച്ചേർന്നുവെന്നത് മനുഷ്യൻെറ ഇച്ഛാശക്തിയുടെയും വിനിമയ പദ്ധതികളുടെയും പുരോഗതിയെത്തന്നെയാണ് കാണിക്കുന്നത്. എന്നിട്ടും കത്തുകൾ, തപാൽപ്പെട്ടികൾ, പോസ്റ്റ്മാൻ, മണിഓർഡർ, കമ്പിയില്ലാക്കമ്പി, പോസ്റ്റ് മാർവുകൾ, ഇൻപ്ലൻറുകൾ എന്നിവയെല്ലാം നൊസ്റ്റാൾജിയുടെ രൂപകങ്ങളായി നമ്മക്കിടയിൽ വർത്തിക്കുന്നു. പരിണാമത്തിൻെറ വഴികളിൽ തുരുമ്പിച്ചു തുടങ്ങിയ തപാൽപ്പെട്ടികളെയോർത്ത് ആത്മാവിൽ തപിയ്ക്കുന്നു. കഥകളും കവിതകളും ലേഖനങ്ങളും വരുന്നു. നഷ്ടവസന്തങ്ങളെ സൂചിപ്പിക്കേണ്ടി വരുന്ന കാർഡുകളിലും ടെലിവിഷൻ പരിപാടികളുമെല്ലാം പാതിപൂർത്തിയാക്കിയ കത്തുകളും കട്ടിഫ്രെയിമുള്ള കണ്ണാടികളും മഷിയുണങ്ങാറായ പേനകളും ആവർത്തിക്കുന്നു. ആത്മസംവാദങ്ങൾ നിലച്ചു പോകുന്ന ഒരു ഘട്ടത്തിൽ കത്തുകളും ഡയറിക്കുറിപ്പുകളും ഒന്നിനു വേണ്ടിയല്ലാതെ എഴുതി സൂക്ഷിക്കുന്ന പ്രതികരണങ്ങളും എല്ലാം കാണാതാകും. ഇന്ന് ലോകരെമ്പാടും മനുഷ്യർ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയാണിത്. ദാരിതമായ പ്രതിസന്ധി എന്നതിനെ പറയാനാവില്ല. മാനവിക ശൂന്യതകൾ തങ്ങൾ അനുഭവിക്കുന്നുവെന്ന തിരിച്ചറിവ് ആത്മവിശകലനത്തിൻെറ ഫലമാണ്.

ഭരണപരവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾക്കു വേണ്ടി ആരംഭിച്ച തപാൽ സംവിധാനങ്ങൾ മലയാളിയുടെ നൊസ്റ്റാൾജിയയുടെ ഭാഗം എന്നതിനെക്കാൾ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമാണ്. സാംസ്കാരികമായ ഓർമ്മ നിലനിർത്തുന്ന, ഭൂതകാലത്തിന്റെ വീണ്ടെടുപ്പുകൾ ഉള്ള മേഖല എന്ന നിലയിൽ കത്തുകളുടെ തിരോധാനത്തെക്കുറിച്ചും തപാൽസംസ്കാരത്തിന്റെ അവസ്ഥകളെക്കുറിച്ചും വിശകലനം ചെയ്യേണ്ടത് അനിവാര്യമാണ്. കാരണം മനുഷ്യ ജീവിതത്തോട് ഇത്രയേറെ ബന്ധം പുലർത്തിയിരുന്ന മററ് സാമൂഹിക സംവിധാനങ്ങൾ ഒന്നും തന്നെ കണ്ടെത്താനാവില്ല. രാഷ്ട്രതന്ത്രങ്ങളും ചതികളു ം സാമ്പത്തിക വിനിമയങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും കാത്തിരിപ്പുകളും ഹൃദയസംവാദങ്ങളും ഒരുപോലെ ലയിച്ചു ചേർന്ന മനുഷ്യന്റെ ഉള്ളറകളുടെ പ്രതീകം തന്നെയായിരുന്നു. തപാൽപ്പെട്ടികളും ആശയ വിനിമയത്തിന്റെയും ഭരണസംവിധാനങ്ങളുടെയും ശക്തമായ ഇടക്കണ്ണിയായി വർത്തിച്ച തപാൽരീതി ദേശീയമായ ഐഡന്റിററിയുടെ രൂപീകരണത്തിലേക്കാണ് നയിച്ചത്. ഇന്ത്യൻ പോസ്ററൽ സിസ്റ്റം എന്ന വേർതിരിവു പോലും ബാധകമാകാതെ എല്ലാ ദേശീയതകളിലും ഇതു തന്നെയാണ് സംഭവിച്ചിട്ടുണ്ടാവും. സാമൂഹികവും സാംസ്കാരികവും ഭൂമിശാസ്ത്രപരവുമായ ഏകീകരണമാണ് ഇതിലൂടെ സാധ്യമായത്. ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നുവെന്ന മഹാത്മാഗാന്ധിയുടെ ഉൾക്കാഴ്ച പോലെ പ്രാദേശികമായ മേൽവിലാസമുള്ള വ്യക്തി എന്ന അഭിമാനം ഏത് ഉൾ ഗ്രാമത്തിലും ജ്വലിച്ചു. പ്രാചീന ഗ്രീക്ക് റോമൻ സംസ്കൃതികളിലെന്ന പോലെ ഭാരതീയ ഇതിഹാസങ്ങളിലും ഇതര സാഹിത്യകൃതികളിലും എല്ലാം കത്തുകൾ എന്ന സങ്കല്പത്തിന് ഏറെ പ്രസക്തിയുണ്ട്. സന്ദേശം, സന്ദേശം വഹിക്കുന്ന വ്യക്തി, മൃഗങ്ങൾ, പക്ഷികൾ, പ്രകൃതിപ്രതിഭാസങ്ങൾ, മാർഗ്ഗവർണ്ണനകൾ എന്നിവയെക്കുറിച്ച് അവയിൽ സൂചനകളുമുണ്ട്. സന്ദേശകാവ്യം എന്ന കാവ്യരൂപം തന്നെ ഇവിടെ ഉണ്ടായി. ഇന്ത്യൻ സാഹചര്യങ്ങളിൽ ദൂതുമായി പോകുന്നവർ പ്രണയദൂതികൾ മാത്രമായിരുന്നില്ല.വൈയക്തികളായ ചരിത്രത്തെക്കാൾ കത്തുകൾ ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഭൗതികമായ ഒരു വ്യവഹാരരൂപം ചാണക്യന്റെ അർത്ഥ ശാസ്ത്രത്തിൽ ദ്രവ്യവ്യവസ്ഥകളെക്കുറിച്ചുള്ള സൂചനകളിൽ സന്ദേശവുമായി യാത്ര ചെയ്യുന്നവരെക്കുറിച്ച് പരാമർശങ്ങളുണ്ട്. ഇന്ത്യൻ പോസ്റ്റൽ സംവിധാനത്തെക്കുറിച്ചുള്ള സാംസ്കാരിക ചരിത്രങ്ങളിൽ 712 എ ഡി മുഹമ്മദ് ബിൻ ക്യാസിമിന്റെ കാലത്ത് നിലയിൽ വന്ന ആദ്യത്തെ തപാൽവകുപ്പ് Diwan-i-Bard ആണെന്നു പറയുന്നു. ഇസ്നുബത്തുയുടെ യാത്രാവിവരണങ്ങളിലും രണ്ടുതരം തപാൽസംവിധാനങ്ങളെക്കുറിച്ചുള്ള സൂചനകളുണ്ട്. കാൽനടയായി കത്തുകൾ കൈമാറിയിരുന്നവരും കുതിരവണ്ടിയിൽ യാത്ര ചെയ്തിരുന്നവരുമായ സന്ദേശവാഹകർ എല്ലാ പ്രാദേശിക ഭരണാധികാരികൾക്കും special runners എന്നറിയപ്പെട്ടിരുന്ന സന്ദേശ വാഹകർ ഉണ്ടായിരുന്നു. അവർ ദൂരങ്ങളെ അതിവേഗതയുള്ള കാലടികൾ കൊണ്ട് മറികടന്നു. അക്ബർ ചക്രവർത്തിയുടെ കാലത്ത് കൈമാറിയതെന്നു പറയപ്പെടുന്നു. അന്താരാഷ്ട്ര വാർത്താവിതരണ ഏജൻസിയുടെ റോയിററുടെ ആദ്യത്തെ സന്ദേശവാഹകർ പ്രാവുകളായിരുന്നുവെന്ന് ഓർക്കാം.

കാളിദാസന്റെ മേഘസന്ദേശം ഒരുപക്ഷേ തപാൽ സംവിധാനത്തെ ചൂഴ്ന്നു നിൽക്കുന്ന കാല്പനിക ഭാവനകളെ പൂർണ്ണമായും ഉൾക്കൊള്ളുന്നുണ്ട്. കാമനകളും വിരഹവ്യഥകള ും ഋതുക്കളും ഉൾക്കൊള്ളുന്നുണ്ട്. കാമനകളും കാത്തിരിപ്പുകലും ഇടകലർന്ന അലിഖിത സന്ദേശവുമായി കടന്നു പോകുന്ന മേഘം ഏതു കാലത്തും കത്തുകളെ സ്നേഹിക്കുന്നവരുടെ സ്വപ്നം തന്നെയാണ്. സുദീർഘവും അസഹ്യവുമായ കാത്തിരിപ്പുകൾക്ക് ഇന്ന് ആരുടെ ജീവിതത്തിലും സ്ഥാനമില്ല. socially and technologically constructed time സാമൂഹികവും സാങ്കേതികവുമായ ഒരു സമയ ബോധമാണ്. നമ്മുടെ ബന്ധങ്ങളെ ജീവിതത്തെ നിർണ്ണയിച്ചു കൊണ്ടിരിക്കുന്നത് ഇ മെയ്ലുകൾ, ടെക്സ്റ്റ്മെസ്സേജുകൾ, സോഷ്യൽ നെററ്വർക്കിങ് സംവിധാനങ്ങൾ എല്ലാം ജീവിതത്തെ പന്തയക്കുതിരകളെപ്പോലെ ചലുടമാക്കുന്നു. ചലനാത്മകത (mobility) എന്നത് വലിയൊരു ഘടകമാണെന്ന് നാം തിരിച്ചറിയുന്നു. ഓരോ കാലഘട്ടത്തിനും ഓരോ തരം യാഥാർത്ഥ്യവും സ്വഭാവവുമാണ്. ടെക്നോളജിയുടെ എല്ലാത്തരം ആനുകൂല്യവും അനുഭവിച്ചു. ആസ്വദിച്ചു ജീവിക്കുന്ന നമുക്ക് കത്തുകളുടെ പ്രഭവ കാലത്തെ ഒരു പരിധി വരെ ഭൂതകാലാഭിരതികളോടെ മാത്രമേ നോക്കിക്കാണാനാകൂ. കത്തുകളുടെ കാലം അവസാനിക്കുന്നതിനെക്കുറിച്ചുള്ള വ്യഥകൾ ഒരു തലമുറയുടെ മാത്രം കൗമാര യൗവനങ്ങളും അഭിരുചികളും സൗന്ദര്യബോധങ്ങളും ആയി ബന്ധപ്പെട്ടു നിൽക്കുന്ന കേവലമായ ആഗ്രഹം മാത്രമാണ്. കാരണം പുതിയ തലമുറയുടെ ജീവിതത്തിലും സന്ദേശങ്ങളും കാത്തിരിപ്പുകളും ഒക്കെയുണ്ട്. തിരയെഴുത്തായി ഞൊടിയിടയിൽ മാഞ്ഞു പോകുമെങ്കിലും.

ആത്മഭാഷണത്തിന്റെ ഏററവും സഫലമായ എഴുത്തുരൂപമാണ് കത്തുകൾ. പ്രസ്താവനകൾ, കുമ്പസാരങ്ങൾ, ഓർമ്മകൾ, ഉത്തരവുകൾ, അപേക്ഷകൾ,






**ജീവനുള്ള മനുഷ്യരുടെ ഹൃദയ സ്പന്ദനങ്ങളും ശ്വാസാവേഗങ്ങളും ഗന്ധങ്ങളും പതിഞ്ഞ കടലാസ്സുകൾ, അവരുടെ സാന്നിധ്യം ഓർമ്മിപ്പിക്കുന്ന കൈപ്പടകൾ, എഴുതുന്തോറും കറുത്ത് നീലിയ്ക്കുന്ന മഷിപ്പടവുകൾ....**

പ്രണയ ഭാഷണങ്ങൾ, തൂലികാസൗഹൃദങ്ങൾ, ചർച്ചകൾ കത്തുകളുടെ ഉപാധികൾ എന്തുമാവാം. ജീവനുള്ള മനുഷ്യരുടെ ഹൃദയ സ്പന്ദനങ്ങളും ശ്വാസാവേഗങ്ങളും ഗന്ധങ്ങളും പതിഞ്ഞ കടലാസ്സുകൾ, അവരുടെ സാന്നിധ്യം ഓർമ്മിപ്പിക്കുന്ന കൈപ്പടകൾ, എഴുതുന്തോറും കറുത്ത് നീലിയ്ക്കുന്ന മഷിപ്പടവുകൾ.... കത്ത് സമഗ്രമായ ഒരനുഭവമാകുന്നത് ഇങ്ങനെയാണ്. പ്രത്യേക കാലഘട്ടത്തെ ചരിത്ര മുഹൂർത്തങ്ങളെ, സാമൂഹിക പരിണാമങ്ങളെ അതിസൂക്ഷ്മമായി ഉൾവഹിക്കുന്ന മറ്റൊരു സന്ദേശരൂപവുമില്ല. സ്റ്റാമ്പ് ശേഖരണത്തിനും നാണയ ശേഖരണത്തിനും ശേഷം ലോകത്ത് വികസിച്ചു വന്ന വിനോദം പോസ്റ്റ് ഓർഡറുകളുടെ ശേഖരമാണ്, അവയെക്കുറിച്ചുള്ള വിശകലന പഠനമാണ്, നിരവധി ചരിത്ര പഠന കേന്ദ്രങ്ങളും ലൈബ്രറികളും സ്കൂളുകളും സാധാരണക്കാരുടെ ഉപാധിയായിരുന്ന ചിത്രങ്ങളുള്ള പോസ്റ്റ് ഓർഡുകൾ ശേഖരിച്ചിരുന്നു. ഒരു നഗരം പ്രത്യേക ദിശയിൽ എങ്ങനെയായിരുന്നുവെന്ന് മനസ്സിലാക്കുവാനും കുട്ടികളെ ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതിനും പോസ്റ്റ് കാർഡുകൾ ഉപയോഗിച്ചിരുന്നു. കത്തുകൾ വെറും സ്വപ്നങ്ങൾ മാത്രമായി തുടരുന്നില്ല എന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. അതിനപ്പുറം സാമൂഹിക ചരിത്ര സന്ദർഭങ്ങളുമായി കണ്ണിചേരുന്ന ഒരു കാലഘട്ടത്തിന്റെ ലോകബോധത്തെ നിർണ്ണയിക്കുന്ന അതിബൃഹത്തായ ശൃംഖലയാണ് തപാൽ സംവിധാനം. വ്യക്തിയ്ക്കും കാലത്തിനും ദേശത്തിനും പൊതുവായുള്ള സാർവ്വലൗകികമായ വൈകാരിക ജീവിതത്തെ ഇണക്കി നിർണയിക്കുന്ന പോസ്റ്റ് കാർഡുകൾ.. ഇൻസ്പെന്റുകൾ.. കത്തുകളുടെ വിവിധ മാതൃകകൾ സമയം സഞ്ചരിക്കുന്ന വഴികളെക്കുറിച്ച് മനുഷ്യനെ ഓർമ്മിപ്പിക്കുന്നു എന്നതാണ് കത്തുകളുടെ സവിശേഷത. പരിണാമം സ്വാഭാവികമാണെങ്കിലും ജീവിതത്തിൽ ഓരോ ഘടകവും അവസാനിച്ചു പോകുന്നുവെന്ന തീവ്രമായ ബോധ്യങ്ങൾ നൽകുവാൻ കത്തുകൾക്കു കഴിയും. എത്രയോ ചരിത്രങ്ങളിൽ കോളജ് പഠനകാലവും പോസ്റ്റുമാനും കത്തുകളും കാത്തിരിപ്പിന്റെയും അനിശ്ചിതത്വത്തിന്റെയും പ്രതീകങ്ങളുടെയും സൂചകങ്ങളായി മാറി അനുശോചമീറ്റിങ്ങുകൾ പോലെ നിശ്ശബ്ദവും വ്യവസ്ഥിതവുമായ സെൻറോഫ് മീറ്റിങ്ങുകൾക്ക് ഇന്ന് പ്രസക്തിയില്ല. എല്ലാ കൂടിച്ചേരലുകളും വേർപിരിയൽ അവസാനിക്കുന്നു എന്ന രീതിയിലുള്ള ചുവരെഴുത്തുകളോ ചോരയിൽ ചാലിച്ചെഴുതുന്ന യാത്രാമൊഴികളോ വിരഹതാപത്താൽ പൊള്ളുന്ന മാർച്ച് മാസമോ എവിടെയെങ്കിലും വച്ചു കണ്ടാൽ ചിരിക്കണമെന്നും ഓർക്കണമെന്നുമൊക്കെയുള്ള ഓട്ടോഗ്രാഫുകളോ തീവ്രതകളോടെ ആരുടെയും സ്വാസ്ഥ്യം കെടുത്തുന്നില്ല. വിനിമയ സമ്പ്രദായങ്ങൾ ഒന്നും വികസിക്കാത്ത കാലത്ത് ബന്ധങ്ങളിൽ വന്നു ചേരുന്ന അനിശ്ചിതത്വമാണ് ഇത്തരം ക്യാമ്പസ് പ്രവണതകളെയും കൗമാര യൗവ്വനങ്ങളെയും ഊട്ടി വളർത്തിയത്. കത്ത് അന്ന് ഏററവും സ്വകാര്യമായ ഒരു പാധിയായിരുന്നു. പ്രത്യേകിച്ചും കോളജ്പഠനത്തിനു ശേഷം വീട്ടിലെത്തുന്ന പെൺകുട്ടിയ്ക്കു വരുന്ന കത്തിൽ ആഗ്രാമത്തിലെ പോസ്റ്റ്മാൻ അടക്കം എല്ലാവരും ആകുലരായിരുന്നു. ഏററവും കാല്പനികമായ ഒരുപാധിയായി കണക്കാക്കപ്പെടുമ്പോഴും കത്തുകൾക്ക് ഇത്തരം ചില അപകടങ്ങളും ഉണ്ടായിരുന്നു. ഇന്ന് എല്ലാവരും ഓർമ്മയുടെ ശൃംഖലയിൽ ബന്ധിതരാണ്. ബന്ധങ്ങളുടെ നിത്യവർത്തമാനത്തിൽ അവസ്ഥാന്തരങ്ങൾ ആരെയും കാര്യമായി ബാധിക്കുന്നില്ല.

കത്തുകളുടെ ചരിത്രത്തിന് സാമൂഹിക പരിണാമത്തിൽ നിന്നു ഭിന്നമായ അസ്തിത്വമില്ല. കൊളോണിയലിസത്തിന്റെ അനേകം സദ്ഫലങ്ങളിലൊന്നാണ് ആധുനിക രീതിയിലുള്ള പോസ്റ്റ് ആന്റ് ടെലിഗ്രാഫ് പദ്ധതിയും. റെയിൽവേ സംവിധാനം, അച്ചടി, ടെലിഗ്രാഫ്, നഗരവികസനം, തപാൽ എന്നിങ്ങനെ പരസ്പരപൂരകമായ ഘടകങ്ങളുടെ സംയോജനത്തിൽ നിന്നുമാണ് ആധുനിക വാർത്താവിനിമയ പദ്ധതികൾ വികസിച്ചു വന്നത്. മലയാളത്തിലെ ഇൻഫൊർമേററീവ് നോവൽ എന്നു കൂടി വിശേഷിപ്പിക്കാവുന്ന ഇന്ദുലേഖയിൽ സാങ്കേതിവികാസത്തിന്റെ വേഗതയെക്കുറിച്ചും കമ്പിയില്ലാക്കമ്പിയെക്കുറിച്ചും വ്യക്തമായ സൂചനകളുണ്ട്. മനുഷ്യജീവിതത്തിലും ബന്ധങ്ങളിലും പ്രതിസന്ധികളിലും ടെലിഗ്രാഫ് സമയോചിതമായി ഇടപെടനതിനെക്കുറിച്ചുള്ള പരാമർശങ്ങൾ പതിനേഴാം അദ്ധ്യായത്തിൽ ഉണ്ട്. തന്റെ സ്നേഹിതനായ ഗോപിനാഥ ബാനർജിയോട് ടെലിഗ്രാം അയയ്ക്കുന്നവർ സ്ററേഫൻ മാസ്ററോട് അഭ്യർത്ഥിക്കുന്ന മാധവനെ

ഓർക്കാം. ഈസ്ററ് ഇന്ത്യാ കമ്പനിയുടെ വാണിജ്യ താത്പര്യങ്ങളും ക്രൂരതകളും പത്തൊൻപതാം നൂററാണ്ടിലെ നവോത്ഥാന പരിശ്രമങ്ങളും നാഗരിക സംസ്കാരവും വേഗതനിറഞ്ഞ ജീവിതവും വിനിമയ സമ്പ്രദായങ്ങളും ഒരുമിച്ചാണ് ഇന്ത്യയുടെ ഉൾഗ്രാമങ്ങളെപ്പോലും ആധുനികമാക്കിത്തീർത്തത്. കൊളോണിയൽ ആധുനികതയുടെ ബാക്കിപത്രമായി മാത്രമേ കത്തുകൾ അടക്കമുള്ള വാർത്താവിനിമയ സംവിധാനങ്ങളെ കാണാനുള്ള അധികാരം എങ്ങനെ ഗൃഹാതുരതയായി പരിണമിച്ചു. കാല്പനിക ഭംഗികൾ സൃഷ്ടിച്ചു എന്ന ചിന്തയും ഒഴിവാക്കാനാകാത്തതാണ്. ഇന്ത്യൻ തപാൽ സംവിധാനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അലഹബാദിന് ചെറുതല്ലാത്ത സ്ഥാനമുണ്ട്. എയ്ർമെയിലുകളും റെയിൽവേ മെയ്ലുകളും പോസ്ററൽ സംവിധാനവും ആരംഭിച്ചത് അലഹബാദിൽ നിന്നാണ്. അലഹബാദിലെ ധനികനായ ഒരു വ്യാപാരിയുടെ വ്യവസായിക സംരംഭങ്ങൾക്കു വേണ്ടി അലഹബാദിൽ നിന്ന് കാൺപൂരിലേയ്ക്ക് അയച്ച സന്ദേശം പിന്നീട് ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെ പിന്തുണയോടെ കൊൽക്കത്തയിലേയ്ക്കും മീററ്, ദൽഹി, ആഗ്ര, ലഖ്നൗ, ബനാറസ് എന്നീ ദേശങ്ങളിലേയ്ക്കും വ്യാപിക്കുകയാണുണ്ടായത്. തപാൽ സംവിധാനത്തിനു പുറത്ത് തിരുവിതാംകൂറിലും കൊച്ചിയിലും ഭരണപരമായ ആവശ്യങ്ങൾക്കായി നിലനിന്നിരുന്ന അഞ്ചൽസർവ്വീസിൻെറയും ഗതി ഇതു തന്നെയായിരുന്നു. രാഷ്ട്രീയ, വാണിജ്യം എന്നിവയ്ക്കു പുറമേ സ്വകാര്യ വിനിമയങ്ങൾക്കും അഞ്ചൽ ഉപയോഗിച്ചു തുടങ്ങി. അഞ്ചലോട്ടക്കാർ ഈ കാലത്തിൻെറ സൃഷ്ടിയാണ്. കത്തുകളും ടെലിഗ്രാമുകളും മണി ഓർഡറുകളും പോസ്റ്റൽ റണ്ണേഴ്സ് എന്നറിയപ്പെട്ടിരുന്നവരും ഇവർ സഞ്ചരിച്ചിരുന്ന കുതിരവണ്ടികളും അകമ്പടിക്കാരും ഇന്ത്യൻ ഗ്രാമങ്ങൾക്ക് പുതിയ മാററം വരുത്തി. യുവത്വത്തിന് പുതിയ ലോകബോധം നൽകി പോസ്ററൽ സംവിധാനത്തെക്കുറിച്ച് എത്രയോ പുസ്തകങ്ങൾ വന്നു കഴിഞ്ഞു. ചരിത്രപരമായും സാങ്കേതികമായും വിലയിരുത്തുന്ന ഗ്രന്ഥങ്ങളിൽ വരെ വൈകാരികതയുടെ വിഷാദച്ഛായകൾ പടർന്നു കിടക്കുന്നുണ്ട്. പോസ്ററൽ ഹിസ്ററി നൊസ്റ്റാൾജിയയോ സിംപതിയോ പരിണാമത്തെ ഓർത്തുള്ള വിഷാദമോ ആണ് ഉണ്ടാക്കുന്നത്. മഞ്ഞിലും മഴയിലും വെയിലിലും ഏകാകിയായി കത്ത് കൊണ്ടു പോകുന്ന ഒരു മനുഷ്യൻെറ ചിത്രം ആദ്യകാലങ്ങളിൽ ഒട്ടും തന്നെ സുരക്ഷിതമല്ലാത്ത അതിസാഹസികമായ വഴികളിലൂടെയാണ് അവർക്ക് സഞ്ചരിക്കേണ്ടിവന്നതെന്നതിനെക്കുറിച്ചുള്ള തെളിവുകളാണ്. കൊടുകാടുകളിൽ വച്ച് പുലികളാൽ ആക്രമിക്കപ്പെട്ടു. വെള്ളപ്പൊക്കത്തിൽപ്പെടുന്ന വിഷം തീണ്ടിയും കൊള്ളക്കാരാൽ കൊലചെയ്യപ്പെടും മുമ്പ് ജീവത്യാഗം ചെയ്യേണ്ടിവന്ന പോസ്ററ്മാൻ ഒരു യാഥാർത്ഥ്യം തന്നെയായിരുന്നു. പിന്നീട് മണികിലുക്കിയും തകരച്ചെണ്ടുകൾ കെട്ടിയും റാന്തൽവെളിച്ചവുമായും അവർക്ക് കൂട്ടു പോകുന്ന അകമ്പടിക്കാരുണ്ടായി. സാങ്കേതിക വികാസത്തിനു മുൻപ് തന്നെ അപരിഷ്കൃതരെന്നു വിശേഷിക്കപ്പെട്ട ആഫ്രിക്കൻ ജനത അവരുടെ വനാന്തരങ്ങളിൽ നിർമ്മിച്ച കമ്പിയില്ലാക്കമ്പിയെക്കുറിച്ച് എസ് കെ പൊററക്കാട് കാപ്പിരികളുടെ നാട്ടിൽ എഴുതുന്നുണ്ട്.



അന്നു രാത്രിയിൽ ഞാൻ ആഫ്രിക്കയിലെ കാപ്പിരികളുടെ കമ്പിയില്ലാക്കമ്പി സന്ദേശം സഞ്ചരിക്കുന്നത് ആദ്യമായി ശ്രദ്ധിച്ചു. പരിഷ്കാരിയായ വെള്ളക്കാരൻ പോലും അത്ഭുതപ്പെടുന്നതും അസൂയപ്പെടുന്നതുമായ ഒരു കാടൻ ഏർപ്പാടാണിത്.

ആഫ്രിക്കയിലെ കുഗ്രാമങ്ങളിൽ ഉയരമുള്ള മരത്തിൻെറ ശിഖരങ്ങൾക്കിടയിൽ പൊള്ളയായ ഉരുണ്ട മരത്തടിയുടെ ഇരുവശവും മരം കൊണ്ടോ തടിച്ച തോലു കൊണ്ടോ പൊതിഞ്ഞ വലിയ ഒരു ചെണ്ട ഘടിപ്പിച്ചു വെച്ചിരിക്കുന്നതായി കാണാം. രാത്രിയിൽ ഈ ചെണ്ടവഴി സന്ദേശങ്ങൾ സഞ്ചരിക്കുന്നു. താളസ്വരഭേദങ്ങളോടെ ഇടവിട്ട് ഇടവിട്ട് കൊട്ടുകൾ കേൾക്കാം. അടുത്ത ഗ്രാമത്തിലെ മരക്കൊമ്പാപ്പീസ് ചെണ്ട ഈ സന്ദേശം പകർത്തി മറേറ ഗ്രാമത്തിലേക്ക് അയയ്ക്കും. അങ്ങനെ ഇരുന്നൂറും മുന്നൂറും മൈൽ അകലെ കിടക്കുന്ന ഗ്രാമങ്ങളിലേക്ക് പോലും ആദ്യസന്ദേശം എത്തിക്കാൻ സാധിക്കും. എന്താണ് ആ സന്ദേശം? നമുക്കോ ആ ഗ്രാമീണരിലധികം പേർക്കോ വ്യാഖ്യാനിക്കാൻ കഴിയുകയില്ല. അതൊരു രഹസ്യമായ കോഡ് ആണ് ചില മൂപ്പന്മാർക്കും ആ വകുപ്പിലെ വിദഗ്ധന്മാർക്കും മാത്രം ഗ്രഹിക്കാൻ കഴിയുന്ന ആകാശമാണിത്.

ഇരുണ്ട ആഫ്രിക്കയിലെ ശാന്തമായ രാത്രികളിൽ രണ്ടു തരം ശബ്ദങ്ങൾ നമ്മുടെ കരളിനെ ചലിപ്പിക്കുന്ന സിംഹഗർജ്ജനവും കാപ്പിരികളുടെ ഈ കമ്പിയില്ലാക്കമ്പി സന്ദേശം മൃഗരാജൻെറ ആ ഗംഭീരമായ അലർച്ച.

നമുക്കു ഭയം തോന്നും കാരണം, ആ സന്ദേശം നമുക്കജ്ഞാതമാണ്. അതൊരു വിപ്ലവാഹ്വാനമോ മരണവാർത്തയോ ഉത്സവവിളംബരമോ ഒരു വെള്ളക്കാരൻ വരുന്നുണ്ട് എന്ന മുന്നറിപ്പോ




എന്താണെന്നറിയാനുള്ള നമ്മുടെ ആവേശവും നിരാശയും തമ്മിലിടഞ്ഞുണ്ടാകുന്ന ഒരു പുതിയ ഭയം.

മരണസന്ദേശങ്ങൾ മാത്രം കൊണ്ടു വരുന്ന ഒരു പോസ്ററ്മാനെ നാട്ടുകാർ കല്ലെറിഞ്ഞോടിക്കുന്ന വിഭ്രമം ജനിപ്പിക്കുന്ന ഒരു കഥ വി ആർ സുധീഷിന്റേതായുണ്ട്. പോസ്ററ് ഓഫീസുകൾ ഭയമായും കലഹമായും പ്രണയമായും പ്രതീക്ഷയായും ഗ്രാമങ്ങളെ പൊതിഞ്ഞു നിന്ന ഒരു കാലം. മുത്താരം കുന്ന് പി ഒ. എന്ന ചലച്ചിത്രം ഇതിനെ ഉപഹാസാത്മകമായി ആവിഷ്കരിച്ചിട്ടുണ്ട്. കലഹത്തിന്റെ മറെറാരു സാധ്യതയായി മുന്നേറുന്ന ഊമക്കത്തുകൾ. ഹൃദയഭേദകമായ വഴിത്താരക ളിലൂടെ മുന്നേറുന്ന തൂലികാ സൗഹൃദങ്ങൾ, അപർണ്ണസെൻ സംവിധാനം ചെയ്ത ജാപ്പനീസ് വൈഫ് ഉപാധികളിലൂന്നിയ സൗഹൃദം, ഒരിക്കലും കണ്ടുമുട്ടാത്ത പ്രണയം.. കത്തുകളിലൂടെ രൂപപ്പെടുന്ന ഉടമ്പടികൾ അക്ഷരങ്ങൾക്കു മാത്രം മനസ്സിലാക്കുന്ന ദാമ്പത്യം. ബംഗാളി ഗ്രാമത്തിൽ വച്ച് മരണപ്പെടുന്ന കൂട്ടുകാരൻ.. അയാളുടെ വിശ്വസ്തയായ വിധവ.. മിയാമി ചാററർജി എന്ന ജപ്പാൻകാരി കത്തുകൾക്ക് മനുഷ്യജീവിതത്തിൽ സൃഷ്ടിക്കാൻ സാധിക്കുന്ന അഗാധമായ ഉറവകളെക്കുറിച്ചാണ് ജാപ്പനീസ് വൈഫ് പറയുന്നത്.

സംഭാഷണവും കത്തെഴുത്തും തമ്മിലുള്ള വ്യത്യാസങ്ങളിൽ പൊരുത്തപ്പെടാത്ത പലതുമുണ്ടാകാം. കത്തുകൾ വൈകാരികമായ ആർദ്രതകളുടെയും ക്ഷോഭങ്ങളുടെയും വന്യതകളുടെയും സങ്കീർണ്ണമായ പഥങ്ങളിലൂടെ നാമറിയാതെ സഞ്ചരിച്ചു പോകുന്നു. ഉൾക്കാഴ്ചയുള്ള ബന്ധങ്ങൾ, ആന്തരികമായ നിശ്ശബ്ദതകൾ. ജീവിതത്തിന്റെ സമാന്തരതകളിലൂടെയുള്ള ക്ഷണിക യാത്രകൾ, സമയദൂരങ്ങൾ ഇങ്ങനെ മനുഷ്യമനസ്സുമായി ബന്ധമുള്ള അനേകം ശീലങ്ങൾക്ക് കത്തെഴുത്തുമായി അടുപ്പമുണ്ട്. അത് ഓർമ്മകളെ സജീവമായി നിൽനിർത്തുന്നു. സർഗ്ഗാത്മക ബന്ധങ്ങൾ നിലനിർത്തുന്നതിൽ കത്തുകളോളം പങ്കു വഹിച്ചിട്ടുള്ള മററ് ഉപാധികളൊന്നുമില്ല. എത്ര അസൗകര്യങ്ങൾക്കിടയിലും ഭീഷണികൾക്കിടയിലും കത്തുകളുടെ ഭാണ്ഡം സ്വാസ്ഥ്യത്തോടെ വഹിക്കുന്ന എത്രയോ മനുഷ്യർ നമുക്കു ചുററുമുണ്ട്. ഗൂഢാനന്ദങ്ങൾക്കും വേദനകൾക്കും അപ്പുറം എന്ത് ലാഭമാണ് അത്തരം സൂക്ഷിപ്പുകളിൽ നിന്ന് മനുഷ്യൻ നേടുന്നത്? എന്താണ് അതിനവരെ പ്രേരിപ്പിക്കുന്നത്? അത് മനുഷ്യർ എഴുതിയ എന്തോ ഒന്നായതു കൊണ്ടാണ്. തപാൽ ചരിത്രത്തോടുള്ള നീതിയാണത്. ഭൂതകാലത്തിന്റെ താക്കോലുമായി മരണത്തോളം കത്തുകൾ അവർക്കു കൂട്ടുപോകുന്നു. അപൂർവ്വം ചിലത് മരണത്തെ അതിജീവിച്ച് സാഹിത്യ കൃതികളുടെ ഭാഗമാകുന്നു. ജയിലിൽ നിന്ന് അയച്ച കത്തുകളും ആത്മഹത്യാകുറിപ്പുകളും അനശ്വരമായ കാലത്തിലേക്ക് മോചിതമാകുന്നു. എന്നിട്ടും കത്തുകളെക്കുറിച്ചുള്ള എഴുത്തുകളല്ലാതെ കത്തുകളുടെ രൂപത്തിൽ ഒന്നും വരുന്നില്ല.

അതെ, കത്തുകളുടെ കാലവും കഴിഞ്ഞിരിക്കുന്നു
ഉച്ചവെയിലും മഴയും മുദ്രകുത്തിയ
നരച്ച കുട കാണുമ്പോഴേക്ക്
പാതിമറഞ്ഞ് നീണ്ടുവരാറുള്ള
വളക്കൈ കാണാതായി
ജപ്തി നോട്ടീസുകൾ
പതിവായി കൊണ്ടിടാറുള്ള വാതിൽ
ഒരിക്കലും തുറക്കാതായി
അഗതിപ്പെൻഷൻ കാത്തിരുന്ന കണ്ണ്
എന്നേക്കുമായി അടഞ്ഞു പോയി
നിയമനക്കത്ത് അന്വേഷിച്ച്
നടന്നു നടന്നു തേഞ്ഞ കാലുകൾ
ജീവിതത്തിൽ നിന്നു വിരമിച്ചു.
തുരുമ്പിച്ച മുളജാലിൽ
മഴയും മഞ്ഞുമേററ് നരച്ച ഹൃദയപോലെ
തപാൽപ്പെട്ടി അനാഥമായി
ഒടുക്കം ഞാനും ഈ കത്തും മാത്രം
(അവസാനത്തെ തപാൽക്കാരൻ റഫീക്ക് അഹമ്മദ്)

താരതമ്യങ്ങൾക്ക് പ്രസക്തിയില്ല. കത്തുകൾക്കു ശേഷമുള്ള എല്ലാ വിനിമയ രൂപങ്ങളിലും മറച്ചു വയ്ക്കപ്പെട്ട ഒരു ഐഡൻറിററി ഉണ്ട്. സൂക്ഷിച്ചു നോക്കിയാൽ സന്ദേശങ്ങൾക്കെല്ലാം ഒരേ ഘടനയുണ്ട്. ഒരേ റിഥമാണ് ഒരേ താളമാണ്. വ്യക്തിയുടെ ഓർമ്മകളുണർത്തുന്ന കൈപ്പടകളോടെ മനോഹാരിതളോ ഏങ്കോണിപ്പുകളോ ഇല്ല. ശരീരത്തിന്റെയോ ആത്മാവിന്റേയോ മുദ്രകളില്ല ഏററവും സ്വകാര്യമെന്നു കരുതുന്നതെല്ലാം അപകടകമാംവിധം പരസ്യങ്ങളാണ്. കാല്പനിക ഭാഷണങ്ങളുടെ പരിസരങ്ങളിലെല്ലാം ചാരനിഴലുകളുണ്ട്. നൊസ്റ്റാൾജികൾ നഷ്ടപ്പെട്ട ജനത എന്നത് സാംസകാരികമോ ദേശീയമോ ആയ ദുരന്തമാണ്. പോസ്ററൽ കത്തുകളുടെ സംസ്കാരം അവയറിയാതെ തന്നെ ഓരോ ദേശീയതയ്ക്കും അവയുടേതു മാത്രമായ സാംസ്കാരി ഭൂമിശാസ്ത്രം നൽകി. പ്രാദേശികമായ ഐഡൻറിററികൾ ഉ ഇല്ലാതെ പോകുന്നുവെന്നത് ആഗോള മനുഷ്യൻ അനുഭവിക്കുന്ന പ്രതിസന്ധിയാണ്. ആദ്യത്തെ സൈബർ നോവലായി പറയപ്പെടുന്ന എം മുകുന്ദന്റെ നൃത്തത്തിൽ അഗ്നി എന്ന കഥാപാത്രം അനുഭവിക്കുന്ന പ്രതിസന്ധി സ്വന്തം വേരുകൾ നഷ്ടപ്പെടുന്നതിനെക്കുറിച്ചാണ്. ലോകത്തിന്റെ ഏതു കോണിലും അയാളെത്തേടി സന്ദേശങ്ങൾ വരുന്നു. പക്ഷേ പ്രാദേശികമായ മേൽവിലാസങ്ങൾ ഇല്ലാതാവുന്നതിനെ കുറിച്ച് അയാൾ ആകുലപ്പെടുന്നുണ്ട്. ടൈപ്പ് റൈററുകൾ, ടേപ്പ് റെക്കോർഡറുകൾ, മീറ്റർഗേജുകൾ, മണിഓർഡറുകൾ, ടെലിഗ്രാമുകൾ ഒരു കാലഘട്ടം സ്വാഭാവികമായി അവസാനിക്കുകയാണ്. അതിൽ നിഗൂഢതകളൊ ന്നുമില്ല. എല്ലാം മനസ്സ് മെനഞ്ഞെടുക്കുന്ന പരിവേഷ ങ്ങൾ മാത്രമായിരുന്നു.



# മോഹിനിയാട്ട സംജ്ഞയും പരാമർശങ്ങളും



ഡോ:സുമിതാനായർ.എൻ.
പി.ആർ.എൻ.എസ്.എസ്.കോളജ്,മട്ടന്നൂർ

സമ്പന്നവും വൈവിദ്ധ്യപൂർണ്ണവുമായ ഒരു നൃത്തകലാ പാരമ്പര്യമാണ് കേരളത്തിനുള്ളത്. ദൃശ്യകലകളിൽ കേരളത്തിന്റെ തനതു കലാരൂപമെന്ന് നിസ്സംശയം വിശേഷിപ്പിക്കാവുന്നതത്രെ മോഹിനിയാട്ടം. കേരളീയമായ ഇതര ശാസ്ത്രീയ കലകൾക്കെന്നപോലെ മോഹിനിയാട്ടത്തിനും സാങ്കേതഭദ്രമായ ഒരു പശ്ചാത്തലമുണ്ട്. കേരളീയ ജീവിതത്തിന്റെ ലാളിത്യവും പ്രകൃതിഭംഗികളുടെ തെളിയും ആ കലയ്ക്ക് സ്വച്ഛസുന്ദരമായ ഒരു കേരളീയ പരിവേഷം ചാർത്തുന്നുണ്ട്. മോഹിനിയുടെ ആട്ട(നൃത്തം) മെന്ന നിലയ്ക്കാണ് മോഹിനിയാട്ടം പ്രായേണ വ്യവരിക്കപ്പെടുന്നത്. ലിംഗഭേദം നൃത്തത്തിന്റെ പേരിൽ തന്നെ കാണിക്കുന്ന ഏക നൃത്തരൂപം മോഹിനിയാട്ടമാണ്. ഏകാഹാര്യശൈലിയാണ് ഈ നൃത്യകലയുടേത്. മാറിമറിഞ്ഞു വരുന്ന കാലഘട്ടത്തിന്റെ അഭിരുചിപരമായ നിമ്നോന്നതികളിൽ മോഹിനിയാട്ടത്തിനും ഗതിവിഗതികൾ സംഭവിച്ചിട്ടുണ്ട്. കാലത്തെ അതിജീവിക്കാൻ ഏതു കലയ്ക്കും കാലഘട്ടത്തിന്റെ ആവശ്യങ്ങളെയും അഭിരുചികളെയും ഉൾക്കൊള്ളാതെ വയ്യ. മോഹിനിയാട്ടത്തിനും ഇത് ബാധകമാണ്. സങ്കീർണ്ണമായ ജീവിതത്തിലെ വൈകാരികാവിഷ്കാരത്തിന് ഒരു ദൃശ്യകല എന്ന നിലയിൽ മോഹിനിയാട്ടത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**മോഹിനിയാട്ടസംജ്ഞയും പരാമർശങ്ങളും**

മോഹിനിയാട്ടം എന്ന പേര് ആ നടനത്തിന്റെ ലാസ്യാധിഷ്ഠിതമായ ആകർഷണീയതയാണ് വെളിപ്പെടുത്തുന്നത്. മോഹിനി എന്ന പേരുതന്നെയും മനോഹരമായി അംഗചലനങ്ങളും അംഗക്രിയകളും അല്ലെങ്കിൽ ലാസ്യവും ചെയ്യാൻ കഴിവുള്ള മോഹിനാംഗി എന്ന പദത്തിൽ നിന്ന് ലഭിച്ചതായിക്കൂടെന്നില്ല.

അതിമനോഹരമായി അംഗോപാംഗങ്ങളെ ചലിപ്പിച്ച് ആടുന്നവളാണ് മോഹിനി. ആട്ടം എന്ന പദത്തിന് ലാസ്യാധി

ഷ്ഠിത നടനമെന്നു പറയാം. അമൃതമഥനം, രുഗ്മാംഗ ദചരിതം തുടങ്ങിയ കഥകളിലെ മോഹിനിമാർ നമുക്ക് സുപരിചിതരാണല്ലോ. മോഹിനിയാട്ടമെന്ന പദത്തിന് Acting a female character എന്ന അർത്ഥമാണ് ഡോ. ഗുണ്ടർട്ട് നൽകുന്നത്. ആന്ധ്രയിലെ ഗൊല്ലബാമകൾ (പാൽ വിൽപനക്കാരികൾ) കേരളത്തിലെ ശൃംഗാരപ്ര ധാനമായ സ്ത്രീ നൃത്തത്തെപ്പറ്റി കീർത്തിക്കുന്നുണ്ട്. അവരുടെ വർണ്ണനകളിൽ തെളിയുന്ന പല ആശയ ങ്ങളും മോഹിനിയാട്ടത്തിന്റെ ചില പൂർവ്വമാതൃകകളു ടേതുമായി അത്ഭുതകരമായ ചില സാദൃശ്യം കാണു ന്നവയാണ്.

മോഹിനിയാട്ടം എന്ന ആദ്യപരാമർഷം മഴമംഗലം നാരായണൻ നമ്പൂതിരി (1525-1595) രചിച്ച വ്യവഹാരമാലയിലാണ് കാണുന്നത്. കോട്ടയം നെട്ടാശ്ശേരി മണ്ഡപത്തിൽ ഗോദ വർമ്മൻ ഉണ്ണ്യാതിരിയുടെ പക്കൽ നിന്നു ലഭിച്ച വ്യവഹാരമാലയുടെ ആദർശ ഗ്രന്ഥ ത്തിൽ ഒരു പരാമർശമുണ്ട്.

നർത്തകാനാമേഷ ഏവ
ധർമ്മസദ്ഭിരുദാഹൃത:
താളജ്ഞേയ ലഭതേധ്യർത്ഥം
ഗായകാസ്തു സമാംശിന:

ബൃഹസ്പതികൃതമായ ഈ ശ്ലോക ത്തിന്റെ വ്യാഖ്യാനം ഇങ്ങനെയാണ്. മോഹി നിയാട്ടം മുതലായ ആട്ടക്കാർക്ക് ലഭിക്കുന്ന ദ്രവ്യം പങ്കെടുത്ത വിധി, ശിൽപികളുടെ വിധി പോലെയത്രെ ആകുന്നത്. ഇതിൽ താളജ്ഞാ നമുള്ളവർ പാതിക്കുമേലും, പാട്ടുകാരനും, ശേഷമുള്ളവരും സമമായിട്ടും എടുത്തുകൊ ള്ളണം (ടി:49) ഈ പ്രസ്താവത്തിൽ താള ഗാനങ്ങൾ മേളിച്ചിരിക്കുന്ന മോഹിനിയാട്ട ത്തിന്റെ നല്ല .സൂചന ലഭിക്കുന്നു. കാർത്തിക തിരുനാളിന്റെ ബാലരാമഭരത മെന്ന നാട്യശാ സ്ത്രഗ്രന്ഥത്തിൽ സൂചിഹസ്തത്തെപ്പറ്റി പരാ മർശിക്കുന്ന ഭാഗത്ത് മോഹിനീനടനം എന്ന പ്രയോഗം കാണുന്നു.

ശരേശത്ര ച നാരാ ചേ നേത്രകാര പ്രദർശനേ
മോഹിനീ നടനസ്ഥആനേ വക്ഷ: സ്ഥല സമം പുര:
(ബാലരാമവർമ്മ 1982: 130)

പക്ഷേ വിവരണമൊന്നും നൽകുന്നില്ല. കാർത്തി കതിരുന്നാൾ മഹാരാജാവിന്റെ കാലത്താണ് ദാസിയാട്ട ത്തിന് മോഹിനിയാട്ടം എന്ന പേര് നൽകിയതെന്ന് കാണുന്നു. തമിഴ്നാട്ടിൽ ഈ കാലത്ത് ദാസിമാരുടെ അനാശാസ്യജീവിതം സമൂഹത്തിന് വലിയ എതിർപ്പി നിടയാക്കുകയും അക്കാരണത്താൽ ദാസി എന്ന പദ ത്തിന് കർതൃത്വദോഷം ആരോപിക്കുകയും ഇങ്ങനെ വന്നപ്പോൾ തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ കുടുംബക്ഷേത്രമായ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ നടന്നു വന്നിരുന്ന ദാസിയാട്ടത്തിലെ ദാസി പദം നിഷി ദ്ധമായി ഇനിയും പ്രസ്തുത പദം ഉപയോഗിക്കുന്ന ത്. കുടുംബത്തിന് പോരായ്മയാണെന്നു കണ്ടിട്ടാണ് ദാസി എന്ന പദത്തിനു പകരം മോഹിനി എന്ന പദം സ്വീകരിക്കുകയും മോഹിനിയാട്ടം എന്ന പുതിയ കൽപിക്കുകയും ചെയ്തു. (ചന്ദ്രശേഖരൻ) പതിനെട്ടാം നൂറ്റാണ്ട് ആയപ്പോഴേക്കും നർത്തന പാരമ്പര്യത്തിന് മങ്ങൽ ഏറ്റിരിക്കണം. കുഞ്ചൻ നമ്പ്യാർ, ഘോഷയാത്ര, ഓട്ടൻതുള്ളലിൽ



നാടകനടനം നർമ്മവിനോദം
പാഠകപഠനം പാവക്കൂത്തും
മാടണിമുലമാർ മോഹിനിയാട്ടം
പാടവമേറിന പലപല മേളം
(കുഞ്ചൻ നമ്പ്യാർ 1993:44 - 45)

എന്നും നമ്പ്യാർ തന്നെ ചന്ദ്രാംഗദചരിതത്തിൽ
അല്പന്മാർക്കു രസിക്കാൻ നല്ല, ചെ-
റുപ്പക്കാരുടെ മോഹിനിയാട്ടം (1976:877)




എന്നും കാണുന്നു. കുഞ്ചൻനമ്പ്യാരുടെ കാലത്ത് നർത്തകികൾ രാജാക്കന്മാരുടെ വർത്തികളായി ഏതു സഭയിലും നൃത്തം ചെയ്യാൻ തയ്യാറായി കഴിഞ്ഞിരുന്നുവെന്ന് വെളിവാകുന്നു.

എ.ഡി. പതിനെട്ടാം നൂറ്റാണ്ടിൽ ജീവി.ച്ചിരുന്ന വേണാട് രാജവംശത്തിലെ കാർത്തികത്തിരുനാളിന്റെ (ധർമ്മരാജാവ്) ആശ്രിത കവികളെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ മഹാകവി ഉള്ളൂർ പരദേശത്തുനിന്നുവന്ന ദാസിയാട്ടം കണ്ട് പ്രിതമായ മഹാരാജാവ് (കാർത്തിക തിരുനാൾ) അത് കറത്തോടത്ത് ചേമാതിരിയെന്ന തന്റെ സദസ്യനെക്കൊണ്ട് മോഹിനിയാട്ടം എന്ന പേരിൽ കേരളത്തിൽ ഇദംപ്രഥമമായി പ്രചരിപ്പിച്ചു. (1990:327) എന്നു പ്രസ്താവിക്കുന്നുണ്ട്. ഈ കാര്യം കനക് റെലെയും പരാമർശിക്കുന്നുണ്ട്. ഇതിനർത്ഥം ദാസിയാട്ടം തന്നെ മോഹിനിയാട്ടമെന്ന പേരിൽ മാറ്റമൊന്നും കൂടാതെ അവതരിപ്പിച്ചു എന്നാവാൻ ഇടയില്ല. തമിഴിലെ അവിനയക്കൂത്തിനു തുല്യമാണ് കേരളത്തിലെ മോഹിനിയാട്ടമെന്നു പറയാൻ വയ്യ. നാട്യശാസ്ത്രപ്രോക്താങ്ങളായ നിയമങ്ങളനുസരിച്ച് നിർവ്വഹിച്ചു വരുന്ന ലാസ്യപ്രയോഗമാണ് മോഹിനിയാട്ടം. അവിനയക്കൂത്തിന്റെ സ്വഭാവം ഇതല്ല. ഇതിവൃത്തം കൂടാതെ പാട്ടുകളുടെ അർത്ഥം കൈമുദ്രകൾ കൊണ്ട് കാണിച്ച് അഭിനയിക്കുന്നതാണ് അവിനയക്കൂത്തെന്ന് അടിയാർക്കുനല്ലൊരുരൈയിൽ പറഞ്ഞിരിക്കുന്നു. അവിനയം കതൈതഴുവാതു പാട്ടിനതു പൊരുളുക്കു കൈകാട്ടി വല്ലവം ചെയ്യും പലവ കൈക്കൂത്ത് (കുട്ടികൃഷ്ണമേനോൻ, 1957:67).

തമിഴ്നാട്ടിലെ ദേവദാസി സമ്പ്രദായമല്ലേ കേരളത്തിൽ നിലവിൽ വന്നതെന്ന ഒരഭിപ്രായമുണ്ട്. 1930 വരെ തമിഴ്പദം (പാദമംഗലം) എന്ന പേരിൽ അറിയപ്പെട്ടിരുന്ന ദേവദാസികൾ ആചാരത്തിലും ജോലിയിലും ശുചീന്ദ്രത്തും മറ്റുമുണ്ടായവരിൽ നിന്ന് വിഭിന്നരായിരുന്നുവെന്ന് ഡോ. കെ.കെ.പിള്ള ശുചീന്ദ്രം ക്ഷേത്രത്തെപ്പറ്റിയുള്ള ഒരു ഗവേഷണ ഗ്രന്ഥത്തിൽ പറയുന്നു. തിരുവനന്തപുരത്തെ നായർ ദേവദാസികൾക്ക് ഉത്സവത്തിൽ നേതൃത്വം നൽകുക, തിരുവാചകം പാടുക തുടങ്ങിയ ജോലികൾ ഉണ്ടായിരുന്നില്ല. ബിംബത്തിന് കന്യകമാരെ ചടങ്ങിനനുസരിച്ച് വിവാഹം ചെയ്തുകൊടുക്കുന്ന പതിവും രായർ തുടങ്ങിയ പദവികൾ നൽകുകയും ശുചീന്ദ്രം ക്ഷേത്രത്തിൽ മാത്രമേ പതിവുള്ളൂ. ഈ പശ്ചാത്തലത്തിൽ ഇതര പ്രദേശങ്ങളിലെ ദേവദാസി സമ്പ്രദായത്തിൽ നിന്നുമാണ് മോഹിനിയാട്ടം ഉടലെടുത്തതെന്ന് ഡോ.വി.എസ്. ശർമ്മ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്.

# എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി നേതാക്കൾക്ക് യാത്രയയപ്പ് സമ്മേളനം




**എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി നേതാക്കൾ തിരുവനന്തപുരത്തുവച്ച് നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ സ. പിണറായി വിജയൻ സംസാരിക്കുന്നു.**



# Debt crisis in Greece and its welfare implications



**Dr. Kumar S P**
*SN College, Kollam*

Five years of continuous extreme austerity measures in Greece followed by reshuffling of political system (the breakup of the Socialist Party, Pasok, which had been in power for more than twenty years over the last three decades) and national elections on 25th January 2015 led to the victory of Left under Syriza in Greek parliament (gained 149 out of the 300 seats). The government of Syriza is a coalition one with ANEL (Independent Greeks), a small anti-austerity party which was separated from the conservative political camp.

The Greek government debt crisis (also known as the Greek depression) started in late 2009. It was the first of five sovereign debt crises in the eurozone - later referred to collectively as the European debt crisis. The debt crisis in Greece triggered mainly from the factors such as internal recession, structural weakness and confidence crisis among lenders.

As the Great Recession that began in the U.S. in 2007-2009 spread to Europe, the flow of funds from the European core countries to the periphery began to dry up. The fiscal mismanagement and continuous tax evasion of rich section in the society has increased the borrowing on the part of Greece to finance its trade and budget deficit. A country facing a "sudden stop" in private investment and a high debt load typically allows its currency to depreciate (i.e., inflation) to encourage investment and to pay back the debt in cheaper

currency, but this is not an option while Greece remains on the Euro. Instead, to become more competitive, Greek wages fell nearly 20% from mid-2010 to 2014, a form of deflation. This resulted in a significant reduction in income and GDP, resulting in a severe recession and a significant rise in the debt-to-GDP ratio. In 2012, Greece's government had the largest sovereign debt default in history. On June 30, 2015, Greece became the first developed country to fail to make an IMF loan repayment. At that time, Greece's government had debts of •301bn. Along with that unemployment has risen to nearly 25%, from below 10% in 2003.

Initially, European banks had the largest holdings of Greek debt. However, this has shifted as the "troika" (i.e., European Central Bank or ECB, International Monetary Fund or IMF, and a European government-sponsored fund) have purchased Greek bonds. As of early 2015, the largest individual contributors to the fund were Germany, France and Italy with roughly •130B total of the •323B debt. The IMF is owed •32B and the ECB •20B. Foreign banks had little Greek debt.

According to the CIA World Fact book and Eurostat the major economic effect of the depression are follows:

- Greek GDP fell from •242 billion in 2008 to •179 billion in 2014, a 26% decline overall. Greece was in recession for over five years, emerging in 2014 by some measures.
- GDP per capita fell from a peak of •22,500 in 2007 to •17,000 in 2014, a 24% decline.
- The public debt to GDP ratio in 2014 was 177% GDP or •317 billion. This ratio was the third highest in the world after Japan and Zimbabwe. The public debt peaked at •356 billion in 2011; it was reduced by a bailout program to •305 billion in 2012 and has risen slightly since then.
- The annual budget deficit (expenses over revenues) was 3.4% GDP in 2014, much improved versus the 15% GDP of 2009. Greece has achieved a primary budget surplus, meaning it had more revenue than expenses excluding interest payments in 2013 and 2014.
- Revenues for 2014 were •86 billion (about 48% GDP), while expenditures were •89.5 billion (about 50% GDP).
- Interest rates on Greek long-term debt rose from around 6% in 2014 to 10% in 2015. Based on a debt of •317 billion, the 6% rate represents annual interest payments of roughly •20 billion, nearly 23% of government revenues. For scale, U.S. interest is roughly 8% of revenues. Interest rates on German bonds were under 1% in 2015.
- The unemployment rate has risen considerably, from below 10% (2005–2009) to around 27% (2013–2014).
- An estimated 44% of Greeks lived below the poverty line in 2014.

The austerity measures given by IMF and Eurozone have been criticized not only by the present ruling pro-left Syriza party but by majority of the people across the world. Its agenda always exposés the basic characteristic of market oriented capitalistic mechanism which is hard to follow due to its inhuman nature. In reality, economic crises express themselves not only in a lack of effective demand, but above all in a reduction of profitability of the capitalist class. Austerity constitutes a strategy for raising capital's profit rate.

Austerity is the cornerstone of neoliberal policies. On the surface, it works as a strategy of reducing entrepreneurial cost. Austerity reduces labor costs of the private sector, increases profit per (labor) unit cost, and thus boosts the profit rate.

It is complemented by economizing in the use of "material capital" (another demand curtailing strategy); and also by institutional changes that, on the one hand, enhance capital mobility and competition and, on the other, strengthen the power of managers in the enterprise and shareholders and bondholders in society. As regards fiscal consolidation, austerity gives priority to budget cuts over public revenue, reducing taxes on capital and high incomes, and downsizing the welfare state. In February 2012, it was reported that 20,000 Greeks had been made homeless during the preceding year, and that 20 per cent of shops in the historic city centre of Athens were empty. Poul Thomsen, a Danish IMF official overseeing the Greek austerity programme, warned that ordinary Greeks were at the "limit" of their toleration of austerity, and he called for more international recognition of "the fact that Greece has already done a lot [in terms of reforms], at a great cost to the population"; and moreover cautioned that although further spending cuts were certainly still needed, they should not be implemented rapidly, as it was crucial first to give some more time for the implemented economic reforms to start to work. Thus the policy of the Syriza government can only become hegemonic if it does not support the interests of the working majority in their struggle against capital.



# എമിലിറോസ –

## ഒരു ആറാം ക്ലാസുകാരിയുടെ ഗവേഷണം




ഡോ: പി.ആർ.സ്വരൺ
*പയ്യന്നൂർ കോളജ്, പയ്യന്നൂർ*

1998 ൽ ആറാംക്ലാസിൽ പഠിക്കുമ്പോഴാണ് ആ പെൺകുട്ടി ഗിന്നസ് ബുക്കിലിടം നേടിയത്. ഒരു അന്താരാഷ്ട്ര ശാസ്ത്ര ജേർണലിൽ പ്രബന്ധം പ്രസിദ്ധീകരിച്ച ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി എന്ന നിലയിൽ അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ ജേർണലിൽ ആണ് ഈ കൊച്ചുമിടുക്കിയുടെ പ്രബന്ധം പ്രസിദ്ധീകൃതമായത് – തന്റെ പതിനൊന്നാം വയസിൽ!

അമേരിക്കയിൽ അക്കാലത്ത് വ്യാപകമായ സ്പർശചികിത്സ (Therapeartic Touch) യെക്കുറിച്ചായിരുന്നു എമിലിയുടെ പഠനം. 1996 ൽ അവൾ കണ്ട സ്പർശ ചികിത്സയെക്കുറിച്ചുള്ള ഒരു വീഡിയോ ആയിരുന്നു പ്രചോദനം. മനുഷ്യശരീരത്തിലെ പ്രത്യേക ഊർജ്ജ മേഖലയെ (Human Energy Field) തങ്ങളുടെ കൈ ഉപയോഗിച്ച് സ്പർശിക്കാതെ തന്നെ തിരിച്ചറിയാമെന്നും അതുപയോഗിച്ച് രോഗനിർണ്ണയവും ചികിത്സയും നടത്താനാവുമെന്നുമായിരുന്നു സ്പർശചികിത്സകരുടെ അവകാശവാദം.

21 സ്പർശചികിത്സകരെ അവൾ പഠനവിധേയമാക്കി. വളരെ ലളിതമായിരുന്നു അവളുടെ പരീക്ഷണം. ചികിത്സകനും എമിലിക്കുമിടയിൽ പരസ്പരം കാണാനാവാത്ത വിധം ഒരു മറ ചികിത്സകന്റെ രണ്ടുകൈയും മറയുടെ അടിഭാഗത്തെ ദ്വാരങ്ങളിലൂടെ പുറത്ത് മലർത്തിവെക്കണം. എമിലി തന്റെ കൈ ചികിത്സകന്റെ ഏതെങ്കിലും ഒരു കൈയുടെ മുകളിൽ വെക്കും. ഊർജ്ജമേഖല തിരിച്ചറിഞ്ഞ് ഏത് കൈയുടെ മുകളിലാണ് എമിലിയുടെ കൈ എന്നുമാത്രം ചികിത്സകൻ പറഞ്ഞാൽ മതി. ഓരോ ചികിത്സകനും പത്തു ചാൻസ് വീതം നൽകി. സാധാരണക്കാരനുപോലും പകുതി ശരിയാവേണ്ടിടത്ത് സ്പർശചികിത്സകർ പറഞ്ഞത് 44 ശതമാനമേ ശരിയായുള്ളൂ. പഠനം വീഡിയോയിൽ ചിത്രീകരിച്ചിരുന്നതിനാൽ ചികിത്സകർക്ക് ഉത്തരം മുട്ടി. കോഗാണൽ ഡിസ്ചാർജ്ജ് എന്ന ലളിതശാസ്ത്രത്തിലധിഷ്ഠിതമായ കാർലിയൻ ഫോട്ടോഗ്രാഫിയും ഓറയുമെല്ലാം ചേർന്ന് ഇന്നും ജൈവോർജ്ജമേഖല സജീവമാണ്. രാജാവ് നഗ്നനാണ് എന്ന് വിളിച്ചു പറയാൻ ഇനിയും എമിലിമാർ തുനിഞ്ഞിറങ്ങേണ്ടിവരും.



# ഫാസിസത്തിനെതിരെ ഉച്ചത്തിൽ കൊട്ടിയ ചെണ്ട. ഗുന്തർ ഗ്രസ്



**ഡോ.എൻ.എം.സണ്ണി**
*മലബാർ ക്രിസ്ത്യൻ കോളജ്, കോഴിക്കോട്*

**അ**ംഗീകാരത്തിന്റെയും പ്രശസ്തിയുടെയും കൊടുമുടിയിൽ നിൽക്കുമ്പോഴാണ്, യൗവ്വനത്തിലേക്ക് കടക്കും മുമ്പ് താൻ ഹിറ്റ്ലറുടെ നാസി പട്ടാളത്തിൽ അംഗമായിരുന്നു എന്ന വെളിപ്പെടുത്തൽ നടത്താൻ ജർമ്മൻ എഴുത്തുകാരനും, 1999ലെ നൊബേൽ സമ്മാന ജേതാവുമായ ഗുന്തർഗ്രസ് ധൈര്യം കാണിച്ചത്. സദാചാരത്തിന്റെയും, ധാർമ്മി കതയുടെയും പേരിൽ മുഖംമൂടികൾ എഴുത്തിലും, രാഷ്ട്രീയത്തിലും അരങ്ങു വാഴുന്ന ഇക്കാലത്താണ് ഗുന്തർ ഗ്രസ് ഈ തുറന്ന് പറച്ചിൽ നടത്തുന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്. പീലിങ്ങ് ഓഫ് ദ ഒനിയൻ എന്ന അദ്ദേഹത്തിന്റെ ആത്മകഥ പുറത്തിറങ്ങിയ സമയത്തുതന്നെ നടത്തിയ ഈ കുമ്പസാരം ആത്മകഥയുടെ വിൽപ്പന തന്ത്രമാ ണെന്ന ഒരു വാദവും ഉയർത്തിവിട്ടിരുന്നു.

അമേരിക്കൻ അധിനിവേശത്തിനെതിരെ ശക്തമായി എപ്പോഴും അദ്ദേഹം പ്രതികരിച്ചിരുന്നു. ഇറാക്ക്-അഫ്ഗാൻ ആക്രമണങ്ങളെ അധികരിച്ചെഴുതപ്പെട്ട കവി തകൾ ശ്രദ്ധേയമാണ്. പലവട്ടം ഇന്ത്യ സന്ദർശിച്ചിട്ടുള്ള ഗുന്തർഗ്രസ് അടിയന്തിരാവസ്ഥയുടെ തുടക്കത്തിൽ എറണാകുളം മഹാരാജാസിലും വന്നിട്ടുണ്ട്. 1986ൽ ഒരു വർഷം കൊൽക്കത്തയിൽ താമസിക്കുകയുണ്ടായി. അതിന്റെ ഓർമ്മയിലാണ് *ബി ടെർബർട്ട്* എന്ന നോവൽ എഴുതിയത്. ജർമ്മനിയും പോളണ്ടും തമ്മിലുള്ള വംശീയ സംഘർഷങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ നിഴലിട്ട് കാണാവുന്നതാണ്. 89-90കളിലെ ജർമ്മനിയുടെ ഏകീകരണത്തിന് ഗ്രസ് എതിരായിരുന്നു. പരസ്പരം യുദ്ധത്തിലേർപ്പെടുന്ന രണ്ടു രാഷ്ട്ര

ങ്ങളുടെ ഏകീകരണം അതിന്റെ സ്വതന്ത്രമായ വളർച്ചയെ തടസ്സപ്പെടുത്തുമെന്ന ഗുന്തർ ഗ്രസ്സിന്റെ വാദം ജർമ്മനിയിൽ പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു.

ദി ടിൻ ഡ്രം, ക്യാറ്റ് ആന്റ് മൗസ്, ഡോഗ് ഇയേഴ്സ്, ഹുണ്ടയാറെ, ഗ്രിംസ് വോർട്ടർ, ലോക്കൽ അനസ്തെറ്റിക്ക്സ്, ഫ്രം ദ ഡയറി ഓഫ് എ സ്നെയിൽ, എബ്രോഡ് ഫീൽഡ്, മൈ സെഞ്ച്വറി, ദ ബോക്സ്, ഹൗട്ടൻ ആന്റ് സ്വീബൽ എന്നിവയാണ് സാഹിത്യ ലോകത്തിന് ഗുന്തർ ഗ്രസ്സിന്റെ സംഭാവന.

ഒരു പോളിഷ്-ജർമ്മൻ വ്യാപാരിയുടെ പുത്രനായി 1927 ഒക്ടോബർ 16ന് പോളണ്ടിന്റെ ഭാഗമായ ഡാൻസിഗിലാണ് ഗുന്തർ ഗ്രസിന്റെ ജനനം. അഭയാർത്ഥികളുടെ പട്ടികയിൽ നിന്നാണ് ഗ്രസ് തന്റെ അച്ഛനമ്മമാരെ വീണ്ടെടുത്തത്. അൾത്താര ബാലനായിരുന്ന ഗുന്തർ ഗ്രസ്, കല്ലാശ്ശാരിയായും, ഖനി തൊഴിലാളിയായും ജീവിച്ചതിന്റെ നേർനുഭവം അദ്ദേഹത്തിന്റെ രചനകളിൽ പ്രകടമാണ്. നാടകകൃത്തും ശിൽപ്പിയുമായാണ് കലാരംഗത്ത് പ്രവേശിച്ചത്. നാസി ജർമ്മനിയിൽ ഹിറ്റ്ലറുടെ നിർബന്ധിത സൈനികസേവനത്തിന്റെ ഭാഗമായി 1944ൽ പതിനേഴാമത്തെ പിറന്നാൾ ആഘോഷിച്ച് അധികം കഴിയുന്നതിന് മുമ്പ് നാസി സൈനിക വിഭാഗമായ എസ്.എസിൽ അംഗമായി. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുക്കവെ അമേരിക്കയുടെ യുദ്ധ തടവുകാരനായി പിടിക്കപ്പെട്ടു.




*ടിൻ ഡ്രമാ* യിരുന്നു ഗ്രസിന്റെ എഴുത്തുജീവിതത്തിലെ പ്രധാന വഴിത്തിരിവ്. ഫാസിസത്തിനെതിരെ ആക്ഷേപഹാസ്യം മറയാക്കി നാസി ജർമ്മനിയുടെ ഇരുണ്ട കാലഘട്ടത്തെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു കൊണ്ട് ജർമ്മൻ ജനതയുടെ വെളിച്ചവും പ്രത്യാശയുമായിമാറുകയായിരുന്നു ഗുന്തർഗ്രസ്. പ്രവചന സ്വഭാവമുള്ള ഗ്രസിന്റെ വാക്കുകൾക്കായി സാംസ്കാരിക ലോകം കാതോർത്തു. ഏകാധിപത്യത്തിൽ നിന്നുള്ള വിടുതലിന്റെ സ്വരമായി ജർമ്മനിയിലും ലോകമെമ്പാടും അത് സ്വീകരിക്കപ്പെട്ടു. തന്റെ ജന്മനാടായ ഡാൻസിഗിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ടിൻഡ്രം എന്ന നോവലിൽ ലോകത്തെ ക്യാൻസർ പോലെ ബാധിച്ച ഫാസിസ ത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെയും ക്രൂരമുഖം വ്യക്തതയോടെ ഗുന്തർ ഗ്രസ് വരച്ചു കാട്ടി. നാസി ഭീകരതയുടെ കാലത്തെ യുവത്വം അനുഭവിക്കേണ്ടി വന്ന നൃശംസതകളാണ്. പ്രധാന കഥാ പാത്രമായ ഓസ്കർ മാറ്റ്സറേഹ് എന്ന കുട്ടി മൂന്ന് വയസ്സിനു ശേഷം തന്റെ ശരീരം വളരാൻ അനുവദിക്കുന്നില്ല. പിന്നീട് ഒരു ഇന്റർവ്യൂവിൽ ഗ്രസ് തന്നെ വെളിപ്പെടുത്തുന്നത്, ഹിറ്റ്ലറുടെ ജർമ്മനിയിൽ കൗമാ രത്തിൽ നിന്ന് യൗവ്വനത്തിലേക്ക് പ്രവേശിക്കാൻ പറ്റുന്ന സാമൂഹ്യ സാഹചര്യം നിലവിലില്ലാതിരുന്നതിനാൽ കൗമാരത്തിൽ തന്നെ കഴിയാൻ കുട്ടികൾ ആഗ്രഹിച്ചിരുന്നതായിട്ടാണ്. കഥാകൃത്ത് ഓസ്കറിനെ വളരാൻ അനുവദിക്കാ ത്തതിന്റെ കാരണവും അതു തന്നെയാണ്. 1979-ൽ വോക്കർ ഷ്ലോൺ ഡോഫ് സിനിമയാക്കി ടിൻ ഡ്രമിന് കാൻ ഫിലിം ഫെസ്റ്റിവെലിൽ വിദേശ ഭാഷാ ചിത്രത്തിനുള്ള പാം അവാർഡും അക്കാദമി അവാർഡും ലഭിക്കുകയുണ്ടായി.

ഓസ്കറിന് രണ്ട് അച്ഛന്മാരുണ്ടായിരുന്നതായി പറയപ്പെട്ടിരുന്നു. അവന്റെ അമ്മ യുടെ ഭർത്താവ് ആൽഫ്രഡ് മാറ്റ്സ റേഹ് നാസി പാർട്ടിയിലെ ഒരു അംഗമായിരുന്നു. ഓസ്കറിന്റെ അമ്മയുടെ മരണത്തിന് ശേഷം ആൽഫ്രഡ് വീണ്ടും മരിയ എന്നൊരു സ്ത്രീയെ വിവാഹം കഴിച്ചു. അവർ പിന്നീട് ഓസ്കറിന്റെ രഹസ്യ കാമുകിയായി മാറി. മരിയക്ക് ജനിച്ച കുട്ടി കുർത് ഓസ്കറിന്റെ മകനാണ് എന്ന് വ്യാഖ്യാനിക്കപ്പെട്ടു. കുർതും മൂന്നു വയസ്സിനു ശേഷം വളരാൻ വിമുഖതകാണിക്കുന്നതിൽ ഓസ്കർ ദുഃഖിതനായിരുന്നു. മരിയയുടെ മകൻ കുർതിന്റെ സമ്മർദ്ദഫലമായി ഓസ്കർ മരിയയിൽ നിന്ന് അകന്ന് അയൽക്കാരിയായ ഡോറോതിയയോടൊപ്പം താമസിക്കാൻ തീരുമാനിക്കുകയും പിന്നീട് ഡോറോതിയയുടെ കൊലപാതക കുറ്റം ഏറ്റെടുത്ത് മെന്റൽ അസൈലത്തിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു.

ക്യാറ്റ് ആന്റ് മൗസി ൽ നാസി ഭീകരത അതിന്റെ മുഴുവൻ തീവ്രതയോടും കൂടി പ്രത്യക്ഷപ്പെടുന്നുണ്ട്. ഏകാകിയും അച്ഛനില്ലാതെ വളർന്ന ഏക സന്താനവുമായ ജോഷിം മഹേക് ആണ് കേന്ദ്ര കഥാപാത്രം. കഥാകാരനാണ് അയാളുടെ ഏക മിത്രം. കഥാകൃത്ത് ജോഷിമിന്റെ കൗമാര കാലം തൊട്ട് രണ്ടാം ലോക മഹായുദ്ധം വരെയുള്ള കഥ പറയുന്നതാണ് നോവലിന്റെ ഇതിവൃത്തം. അതിന്റെ പേരു തന്നെ ഒരു രൂപകമാണ്. മഹേക് മൗസും സമൂഹം ക്യാറ്റു മാണ് ഇവിടെ. ക്യാറ്റ് ആന്റ് മൗസ് ആ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ കൃതിയായിരുന്നു. ആയിരക്കണക്കിന് ജർമ്മൻ അഭയാർത്ഥികളാൽ കുത്തി നിറക്കപ്പെട്ട കപ്പൽ റഷ്യൻ മുങ്ങികപ്പൽ മുക്കുന്നതിന്റെയും കപ്പലിലുള്ളവരെ കൊല ചെയ്യുന്നതിന്റെയും രണ്ടാം ലോക മഹായുദ്ധത്തിൽ ഇരകളാക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുന്നതിന്റെയും വികാര തീവ്രമായ വിവരണമാണ് ക്യാറ്റ് ആന്റ് മൗസ് കൈകാര്യം ചെയ്യുന്നത്.

ഡാൻസിഗ് ട്രലോഗി ശ്രേണിയിലെ മൂന്നാമത്തെ പുസ്തകമായ ഡോഗ് ഇയേഴ്സ് 1963 ലാണ് ജർമ്മനിൽ പ്രസിദ്ധീകരിച്ചത്. 1965ൽ റാൽഫ് മാഹേയിം അതിന്റെ ഇംഗ്ലീഷ് വിവർത്തനം പുറത്തു കൊണ്ടു വന്നു. 1920മുതൽ 50 വരെയുള്ള കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന ഈ നോവലിൽ പ്രധാമായും മൂന്ന് ഭാഗങ്ങളാണ് ഉള്ളത്. വാൾട്ടർ മാറ്റേണും, എഡ്വേർഡ് ആംസലുമാണ് പ്രധാന കഥാ പാത്രങ്ങൾ. അവർ രണ്ടു പേരും ആത്മ മിത്രങ്ങളായിരുന്നു. പാതി ജൂതനായിരുന്ന എഡ്വേർഡ് പേടിപ്പെടുത്തുന്ന കോലങ്ങൾ ഉണ്ടാക്കുവാൻ മിടുക്കനായിരുന്നു. അഞ്ചാം വയസ്സിൽ തന്നെ ഒരു ജീനിയസ്സായിരുന്ന


എഡ്വേർഡിന്റെ പക്കൽ ഒരു ഡയറി ഉണ്ടായിരുന്നു. അതിൽ ഭീകര രൂപിക ളായ കോലങ്ങളുടെ നിരവധി മാതൃകകളുണ്ടായിരുന്നു. ഈ രാജ്യത്തിന്റെ ചരിത്രം ഞങ്ങളോട് പറഞ്ഞത് നാസി-ജർമ്മനിയുടെ ചരിത്രത്തിലെ ഭീകര ചിത്രങ്ങളും കൊടും ക്രൂരതയുടെ രോദനങ്ങളുമാണ്. വർത്തമാന കാല ജർമ്മനിയിലേക്ക് ഇറങ്ങി വന്നത് അത്രയും ഭീകരതയുടെ പേക്കോലങ്ങളായിരുന്നു എന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. കുതന്ത്രങ്ങളിലൂടെ ജർമ്മനിയിൽ നാസികൾ സ്വീകാര്യത നേടുന്നതിനുള്ള ശ്രമങ്ങളും അതിൽ വിജയിക്കുന്നതും ശ്വാന വർഷങ്ങൾ മുന്നോട്ടു വെയ്ക്കുന്നുണ്ട്.

1977ൽ പുറത്ത് വന്ന ഒരു മുക്കുവന്റെയും അയാളുടെ ഭാര്യുടെയും കഥയെ ആസ്പദമാക്കി എഴുതിയ ദി ഫ്ളോൺഡർ എന്ന നോവൽ ഒരു സ്ത്രീവിരുദ്ധ നോവലെന്നനിലക്കാണ് വായിക്കപ്പെട്ടത്. ഫെമിനിസ്റ്റുകളുടെ നിശിത വിമർശനത്തിന് അത് വിധേയമാവുകയുണ്ടായി. നരേറ്ററും ഭാര്യയും തമ്മിലുള്ള ബന്ധത്തിലൂടെ ഭൂതവും വർത്തമാനവും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് അതിന്റെ ഘടന. വാസ്തവത്തിൽ പുരുഷ മേധാവിത്വത്തിനെതിരെയുള്ള ആ നോവൽ തെറ്റായി വായിക്കപ്പെടുകയായിരുന്നു. 1999ലെഴുതിയ മൈ സെഞ്ച്വറി എന്ന പുസ്തകം ഇരുപതാം നൂറ്റാണ്ടിലെ നിരവധി ക്രൂരത കളുടെയും മനുഷ്യത്വരഹിതമായ പ്രവൃത്തികളുടെയും നേർ വിവരണമാണ്.

2002 ആകുമ്പോഴേക്കും ഗ്രസ്സ് ലോക സാഹിത്യത്തിന്റെ മുൻ നിരയിൽ ഇടം പിടിച്ചു. 2006ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ആത്മകഥയായ പീലിങ് ദ ഒനിയനിൽ തന്റെ കുട്ടിക്കാലം, യുദ്ധകാലം, ശിൽപിയും കവിയുമായിരുന്ന കാലത്തിന്റെ യാതനകൾ ടിൻ ഡ്രമിന്റെ പ്രസിദ്ധീകരണം പ്രശസ്തി എന്നിങ്ങനെ ജീവിതത്തിന്റെ ഉയർച്ച താഴ്ചകളുടെ ശക്തമായ ആവിഷ്കാരം പ്രതിഫലിക്കുന്നു.

ഹിറ്റലറുടെ ആത്മകഥാകൃത്തും ജർമ്മൻ പത്ര പ്രവർത്തകനുമായ ജാഷിം ഫിസ്റ്റ് അറുപതു വർഷങ്ങൾക്ക് ശേഷമുള്ള എസ്.എസിൽ അംഗമായിരുന്ന എന്ന ഈ വെളിപ്പെടുത്തൽ പതിറ്റാണ്ടുകളോളം ധാർമ്മികതയുടെ അപ്പോസ്തലനായി അറിയപ്പെട്ടതിന് ശേഷമുള്ള ഗ്രസ്സിന്റെ വിശ്വാസ്യതക്ക് തന്നെ മങ്ങലേൽപ്പിക്കുകയുണ്ടായി എന്ന് അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ ഗ്രസ്സിന്റെ ആത്മകഥാകൃത്തായ മിഖായേൽ ജർഗ്സ് ആവെളിപ്പെടുത്തലിനെ പിന്നീട് ന്യായീകരിക്കുകയാണ് ചെയ്തത്. പ്രശസ്ത നോവ ലിസ്റ്റായ ജോൺ ഇർവിങ് കൗമാരത്തിലെ ഒരു ചെറിയ പിഴവിന് ജീവിത കാലത്തെ മുഴുവൻ നേട്ടങ്ങളെയും അടച്ചാക്ഷേപിക്കുന്ന സമീപനത്തെ എതിർത്ത് ഗ്രസ്സിന്റെ പക്ഷം പിടിക്കുന്നവരുടെ മുൻ നിരയിൽ നിന്നു. കലയുടെയും കലാകാരന്റെയും സ്വാതന്ത്ര്യത്തിനുവേണ്ടി നില നിന്നിരുന്ന ഗ്രസ് ജർമ്മനിക്കും പോളണ്ടിനു മിടക്ക് ഒരു പാലം പോലെ വർത്തിച്ചിരുന്നു.

ബർതോൾത് ബ്രഹത് പൂർണ്ണമായും ഇടതുപക്ഷ മനസ്സുള്ള എഴുത്തുകാരനായി രുന്നു. ബ്രഹതുമായി തുലനം ചെയ്യുമ്പോൾ ഗ്രസിനെ അങ്ങിനെ വിലയിരുത്താനാവില്ല. കഴിഞ്ഞ ശതകത്തിലെ പോപ്പുലർ കവികളായ പോൾ ഹെലന്റെയും ബ്രക്റ്റിന്റെയും ചിന്താധാരകൾക്ക് നടുവിലാണ് ഗ്രസിന്റെ ഇരിപ്പിടം എന്ന് വിലയിരുത്തപ്പെടുന്നു. ഏറെ കാലം സോഷ്യൽ




ഡെമോക്രാറ്റിക് പാർട്ടിയെ ഗുന്തർ ഗ്രസ് പിൻതുണച്ചിരുന്നു. പീസ് മൂവ്മെന്റിന്റെ ഭാഗമായിരുന്ന അദ്ദേഹം ഇന്ത്യ സന്ദർശിക്കുകയുണ്ടായി. 2012ൽ പ്രസി ദ്ധീകരിച്ച *വാട് മസ്റ്റ് ബി സെഡ്* എന്ന കവിത നിരവധി യൂറോപ്യൻ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ജർമ്മൻ പട്ടാളത്തിന്റെ കപടമുഖം വെളിപ്പെടുത്തുന്നതായിരുന്നു. ആ കവിത. ഇസ്രായേലിന് മുങ്ങികപ്പൽ നൽകിയതായിരുന്നു അദ്ദേഹത്തെ ചൊടിപ്പിച്ചത്.

1954ൽ സ്വിസ് ഡാൻസറായിരുന്ന അന്ന മാർഗരറ്റ് ഷ്വാസിനെ ഗുന്തർ ഗ്രസ് വിവാഹം കഴിച്ചു. 1978ൽ അവസാനിച്ച ആ വിവാഹ ബന്ധത്തിൽ അവർക്ക് ഫ്രൻഷ്, റൗൾ, ലോറ ബ്രൂണോ എന്നിങ്ങനെ നാലു കുട്ടികളായിരുന്നു. പിന്നീട് വെറോനിക്ക ഷ്റോഡർ എന്ന സ്ത്രീയുമായി അടുപ്പത്തിലായി, അവർക്ക് ഒരു കുട്ടിയുമുണ്ടായിരുന്നു. 1979ൽ പരിചയ പ്പെട്ട ഉപകരണ സംഗീത വിദുഷിയായ ഉറ്റേ ഗ്രുനർട്ടായിരുന്നു അവസാന നാളു കളിൽ ഗ്രസിന്റെ ജീവിത പങ്കാളി. മരണ സമയത്ത് അദ്ദേഹത്തിന് പതിനെട്ടു പേരക്കുട്ടികളു ണ്ടായിരുന്നു ജർമ്മൻ നാസി ഭീകരതയുടെ ഭീകരമുഖമാണ് ഗുന്തർ ഗ്രസിലൂടെ പുറം ലോകം കണ്ടത്. ടിൻഡ്രമിന്റെ വരവോടെ ആധുനിക ജർമ്മൻ സാഹിത്യത്തിന്റെ ശബ്ദ മായി ഗുന്തർ ഗ്രസ് മാറുകയായിരുന്നു.



# ഐ ജി ഭാസ്കരപണിക്കർ എ.കെ.പി.സി.ടി.എക്ക് വിത്തു പാകിയ മനീഷി.

മദ്രാസ് പ്രസിഡൻസി കോളേജിൽ നിന്ന് എം.എ ഗണിതശാസ്ത്രം പാസ്സായി 1948ൽ ഐ ജി ഭാസ്കര പണിക്കർ കേരളത്തിലെത്തി. ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി വെടിയേറ്റ് വീഴുമ്പോൾ ഐ ജി ബി മദ്രാസ് പ്രസിഡൻസി കോളേജിൽ ഗണിത ശാസ്ത്ര ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയായിരുന്നു. അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി യിൽ ഐ.ബേബി എന്ന പേരിലാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. (പാർട്ടി പിള ർന്നപ്പോൾ). 1948ൽ തന്നെ എറണാകുളം സെന്റ് ആൽബർട്ടസ് കോളേജിൽ അധ്യാപകനായി ചേർന്നു. സോഷ്യൽ ആക്ടിവിസത്തിനും അധ്യാപനത്തിനും ചേർന്നത് അധ്യാപ കവൃത്തിയാണ്. അതാണ് ആ ജോലി തെരഞ്ഞെടുക്കാൻ കാരണം. ഒരു ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു. സെന്റ് ആൽബർട്ട്സ് വിടേണ്ടി വന്ന അദ്ദേഹം 1950 ൽ ആലപ്പുഴ എസ്.ഡി കോളേജിൽ അധ്യാപകനായി ചേർന്നു. സുശീലാ ഗോപാലനും ബിനോയ് വിശ്വത്തിന്റെ അമ്മ ഓമനയും അന്ന് അവിടെ വിദ്യാർത്ഥിനികളാണ്. ക്ലാസ്സിൽ കർക്കശ്ശക്കാരനായ അധ്യാപകൻ. ക്ലാസ്സിന് പുറത്ത് വിദ്യാർത്ഥികളിലൊരാൾ. അതായിരുന്നു ഐ.ജി.ബി.എസ്.ഡി

കോളജിൽ ജോലി ചെയ്യുമ്പോൾ തന്നെ ഐ.ജി.ബി സ്വകാര്യ കോളേജ് അധ്യാപകർക്കായി ഒരു സംഘടന ഉണ്ടാക്കാൻ ശ്രമിച്ചിരുന്നു. വിജയൻ നായർ എന്നൊരു അധ്യാപകനും, കൊല്ലം എസ് എൻ കോളേജിലെ രാമയ്യരും ആ പരിശ്രമത്തിൽ ഐ.ജി.ബി. ക്കൊപ്പമു ണ്ടായിരുന്നു. പക്ഷേ ആ ശ്രമം വിജയിച്ചില്ല. 1952ൽ എസ്.ഡി കോളേജ് വിടേണ്ടി വന്ന അദ്ദേഹം ഒരു വർഷം തേവര സേക്രട്ട് ഹാർട്ട് കോളേജിൽ ജോലി ചെയ്തു. മാനേജ്മെന്റിന്റെ അധ്യാപക വിരുദ്ധ നടപടിയെ ചോദ്യം ചെയ്ത് ജോലി രാജി വെച്ചു.

1953ൽ ഐജിബി കോഴിക്കോട് സാമൂതിരീസ് ഗുരുവായൂരപ്പൻ കോളേജിൽ അധ്യാപകനായി ചേർന്നു.എസ്.ഡി.കോളേജിൽ സഹപ്രവർത്തകനായിരുന്ന എൻ.ടി മാധവൻ നമ്പ്യാരുടെ ഉപദേശ പ്രകാരമാണ് ഐ.ജി.ബി ഗുരുവായൂരപ്പൻ കോളേജിൽ ചേർന്നത്. എന്നാൽ സഹപ്രവർത്തകരെന്ന നിലയിൽ ഗുരുവായൂരപ്പൻ കോളേജിലെ അവരുടെ സൗഹൃദം അത്ര ഊഷ്മളമായിരുന്നില്ല. പ്രിൻസിപ്പൽ പദവിയിലെത്തിയ മാധവൻ നമ്പ്യാർ മാനേജ്മെന്റിന്റെ പക്ഷത്ത് ചേർന്ന് ഐജിബിയെ ഉപദ്രവിക്കാൻ തുടങ്ങി. ഐജിബിയുടെ സാമൂഹ്യ പ്രവർത്തനവും കുട്ടികൾക്കിടയിലെ സ്വാധീനവുമായിരുന്നു മാധവൻ നമ്പ്യാരെ ചൊടിപ്പിച്ചത്. പ്രശസ്ത എഴുത്തുകാരനായ സി.രാധാകൃഷ്ണൻ അന്ന് സ്റ്റുഡൻസ് ഫെഡറേഷന്റെ നേതൃത്വത്തിലുണ്ടായിരുന്നു. കോളേജ് കാലത്തിനു ശേഷവും സി. രാധാകൃഷ്ണന്റെ പ്രിയപ്പെട്ട ഗുരുനാഥനായിരുന്നു ഐ.ജി.ബി. ഐജിബിയും മാധവൻ നമ്പ്യാരും തമ്മിലുള്ള അഭിപ്രായ വ്യത്യാസം ഐജിബിയുടെ പേരിൽ 42 കുറ്റങ്ങൾ ആരോപിച്ചു കൊണ്ടുള്ള ചാർജ് ഷീറ്റ് കിട്ടുന്നതിലേക്ക് എത്തി. ആരോപിച്ച കുറ്റങ്ങൾ തെളിയിക്കാനായില്ല എന്നതു കൊണ്ട് കോളേജധികൃതർ ഐജിബിയെ പിരിച്ചുവിട്ടില്ല. ഐജിബി ഗുഡ്മോണിങ് പറയുന്നില്ല എന്ന ഒരു കുറ്റം കമ്മീഷൻ കണ്ടെത്തി. മൂന്നു വർഷക്കാലം ഇൻക്രിമെന്റ് നൽകരുതെന്ന് കമ്മീഷൻ ശിക്ഷ വിധിച്ചു. ഐജിബി സർവ്വകലാ ശാലക്ക് പരാതി നൽകി. ആ പരാതിയിൽ ഇടപെടാൻ സർവ്വകലാശാലക്ക് അന്ന് വകുപ്പുണ്ടായിരുന്നില്ല.

ആ സാഹചര്യത്തിലാണ് സ്വകാര്യ കോളേജ് അധ്യാപകർക്ക് ഒരു സംഘടന നിലവിൽ വരുന്നത്. ആദ്യം തിരുവിതാം കൂറിൽ തിരുവിതാംകൂർ പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ , പിന്നെ മലബാർ കൊച്ചി പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ. ഈ സംഘടനകളെ ഏകോപിപ്പിക്കുന്നതിനു വേണ്ടി കേരളത്തിലുള്ള കോളേജുകളിൽ ഐജിബിയും, വി.ആർ സുബ്രഹ്മണ്യവും, എൻ.കെ ശേഷനും കയറിയിറങ്ങി. അങ്ങനെ 1959ൽ ആൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ നിലവിൽ വന്നു.

കൃത്യമായ ശമ്പളം, അത് അതാത് മാസം തന്നെ കിട്ടുക. ഇതായിരുന്നു അന്നത്തെ പ്രധാന മുദ്രാവാക്യം. 1960ൽ തിരുവനന്തപുരത്ത് വി.ആർ സുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിൽ ഗൗൺ ധരിച്ച് നടത്തിയ മൗനജാഥ വിജയിപ്പിച്ചത് എ.കെ.പി.സി.ടി.എക്ക് വലിയ ആത്മവിശ്വാസം നൽകി. ഓരോ കോളേജിലെയും പ്രാദേശിക പ്രശ്നങ്ങൾ ഏറ്റെടുത്തു കൊണ്ടാണ് സംഘടന വളർന്നത്. ഒരു പൊതു പ്രശ്നത്തിൽ സംഘടന ആദ്യമായി ഇടപെടുന്നത് ഗുരുവായൂരപ്പൻ കോളേജിലെ പ്രിൻസിപ്പൽ എൻ.ടി.മാധവൻ നമ്പ്യാരെ സസ്പെൻഡ് ചെയ്ത സംഭവത്തിലാണ്. ഐജിബിയെ പിരിച്ചുവിടുന്നതിന് മുഴുവൻ ശക്തിയും ഉപയോഗിച്ച് പരിശ്രമിച്ച അതേ എൻ.ടി.മാധവൻ നമ്പ്യാർക്ക് വേണ്ടി ആദ്യം സമരരംഗത്തിറങ്ങിയത് ഐജിബി ആയിരുന്നു. ഒരു പ്രിൻസിപ്പലിനെതിരെ മാനേജ്മെന്റിന് ഇങ്ങനെ ചെയ്യാൻ കഴിയുമെങ്കിൽ സാധാരണ അധ്യാപ കരുടെ സ്ഥിതി എന്തായിരിക്കും, ഇതായിരുന്നു ഐജിബിയുടെ വാദം. എ.കെ.പി.സി.ടി.എ മാധവൻ നമ്പ്യാരെ സസ്പെൻഡ് ചെയ്തതിനെതിരെ നിരാഹാര സമരം ആരംഭിച്ചു. ഐ ജി ഭാസ്കരപ്പണിക്കർ, ആർ.വി.ആർ തമ്പുരാൻ, കെ.ടി.മാധവൻ നമ്പ്യാർ പി.പി കുഞ്ഞികൃഷ്ണൻനമ്പ്യാർ, എം ജി ചാക്കോ, മലബാർ ക്രിസ്ത്യൻ കോളേജിൽ അധ്യാപകരായിരുന്ന സി.പി നാരായണൻ, വി.എം.എൻ നമ്പൂതിരി, എൽ.സി ഹണ്ട് എന്നിവർ സമരത്തിൽ ഐ.ജി.ബിക്കൊപ്പം നിന്നു.

ഗുരുവായൂരപ്പൻ കോളേജ് സമരം എകെപിസിടിഎയുടെ ആത്മ വിശ്വാസം വർദ്ധി പ്പിച്ചു. അധ്യാപകരുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കാൻ സംഘടനക്ക് മാത്രമെ കഴിയൂ എന്ന് അധ്യാപകർ തിരിച്ചറിഞ്ഞു. സമരം തീർന്ന ഉടൻ തന്നെ യൂണിവേഴ്സിറ്റി ആക്ടിനു വേണ്ടി വി ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള വക്കീലന്മാരും, എൻവികൃഷ്ണവാര്യരുടെ നേതൃത്വത്തിൽ ബഹുജനങ്ങളും സംഘടനക്കും ഐ.ജി.ബിക്കും പിന്തുണ നൽകി. 1971ൽ അച്ചുതമേനോൻ മുഖ്യമന്ത്രി ആയിരിക്കെ സ്വകാര്യ കോളേജ് അധ്യാപകർക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകണമെന്ന് ആവശ്യപ്പെട്ട് 41 ദിവസം നീണ്ടു നിന്ന സമരം നടന്നു. മുഖ്യമന്ത്രി ഒരു വർഷം സമയം ചോദിച്ചു. അത് എഴുതി തരണമെന്ന് ആവശ്യത്തിൽ സംഘടന ഉറച്ചു നിന്നു. സംഘടന തീരുമാനത്തിൽ പ്രതിഷേധിച്ച് പ്രസിഡണ്ട് കെ.എം.ചാണ്ടി രാജിവെച്ചു. പകരം വൈസ് പ്രസിഡണ്ടായിരുന്ന ഐ.ജി. ബി പ്രസിഡണ്ട് സ്ഥാനം ഏറ്റെടുത്ത് സമരം തുടർന്നു. മുഖ്യമന്ത്രിയായിരുന്ന അച്ചുത മോനോൻ വാക്കു പാലിച്ചു. ഡയറക്ട് പെയ്മെന്റ്, അച്ചടക്ക നടപടിക്ക് ട്രിബ്യൂണൽ, അധ്യാപക നിയമനത്തിന് സർക്കാർ,യൂണിവേഴ്സിറ്റി, മാനേജ്മെന്റ് എന്നിവരുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന സമിതി എന്നിവയെല്ലാം ആ സമരത്തിന്റെ നേട്ടങ്ങളായിരുന്നു. കേരള സർവ്വകലാശാല സെനറ്റംഗവും, കോഴിക്കാട് സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം- ഏഴ് കൊല്ലവും പത്തു മാസവും- എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റ പ്രവർത്തനങ്ങൾ എ.കെ.പി.സി.ടി.എ.ക്കും അധ്യാപക സമൂഹത്തിനും ഏറെ പ്രയോജനം ചെയ്തിട്ടുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്ത്, എകെപിസിടിഎ, യുക്തിവാദി സംഘംകാലിക്കറ്റ് ബുക്ക് ക്ലബ്ബ്, എം.എൻ സത്യാർത്ഥി ട്രസ്റ്റ് തുടങ്ങി നിരവധി സാമൂഹ്യ സാംസ്കാരിക സംഘടനകളിൽ ഐ.ജി.ബി സജീവമാണ്.

*(അവലംബം: കെ.ജി.ബി കർമ്മനിരതമായ ജീവിതം, സുഹൃദ്സംഘം, കോഴിക്കോട്)*

***തയ്യാറാക്കിയത്: ഡോ.എൻ.എം.സണ്ണി***




# ഉന്നതവിദ്യാഭ്യാസവും സ്ത്രീപങ്കാളിത്തവും

## അസമത്വത്തിന്റെ അദൃശ്യ പ്രതലങ്ങൾ



**ആർ. ബിന്ദു**

*ശ്രീ കേരളവർമ്മ കോളജ്, തൃശ്ശൂർ*

മുഖ്യമായും കമ്പോളത്തെ കേന്ദ്രീകരിച്ചുനില്ക്കുന്ന നവലിബറൽനയങ്ങളുടെ കാലത്ത് ജനജീവിതത്തെ കാതലായി ബാധിക്കുന്ന മറ്റേതൊരു മേഖലയിലുമെന്ന പോലെ, വിദ്യാഭ്യാസരംഗത്തും സാമൂഹ്യനീതിയിലധിഷ്ഠിതമായ മാനവികകാഴ്ച്ചപ്പാടുകളുടെ കഴുത്തിൽ കത്തിവെയ്ക്കപ്പെടുന്നു. ലോകമെമ്പാടുമുള്ള രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരബന്ധങ്ങൾ, വാർത്താവിനിമയരീതികൾ, സാമ്പത്തികബന്ധങ്ങൾ, വിദ്യാഭ്യാസപ്രവർത്തനങ്ങൾ എന്നിവയെല്ലാം ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യദശകത്തോടെ മാറ്റിമറിക്കപ്പെട്ടു. ദേശാതിർത്തികൾക്കപ്പുറത്തേക്ക് ഒഴുകിപ്പരക്കുന്ന ഫിനാൻസ്മൂലധനത്തിന്റെ വാഴ്ചയുടെ കാലയളവിൽ ഉന്നതവിദ്യാഭ്യാസമേഖലയും രാജ്യത്തിന്റെ അതിരുകൾക്കുള്ളിൽ പരിമിതപ്പെട്ടു നില്ക്കുന്നില്ല. ഇന്ന്, ഉന്നതവിദ്യാഭ്യാസത്തിനും ഒരു ആഗോളവിപണി രൂപപ്പെട്ടു വന്നിരിക്കയാണ്. ഇന്ത്യയിലെ വരേണ്യവിഭാഗത്തിലെ ഉന്നതശ്രേണിയിൽ പെട്ടവർക്ക് വിദേശസർവ്വകലാശാലകളിൽ വിദ്യാഭ്യാസം ചെയ്യാനുള്ള സാധ്യതകൾ വർദ്ധിച്ചിരിക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളും സർവ്വകലാശാലകളുമെല്ലാം പുതിയ തരം തിരിവുകൾക്കും ശ്രേണീകരണത്തിനും വിധേയമാവുന്നു. വാണിജ്യ - വ്യാപാര - വ്യവസായ മേഖലകളും കോർപ്പറേറ്റ് അധീശത്വവും ചേർന്ന് ഉന്നത വിദ്യാഭ്യാസമേഖലയുമായി കൈകോർത്തു പിടിക്കുമ്പോൾ, വിവിധ തൊഴിലുകൾക്കാവശ്യമായ അറിവും വൈദഗ്ദ്ധ്യവും സംബന്ധിച്ച ധാരണകൾ പുനർനിർവ്വചിക്കപ്പെടുകയും തദനുസാരിയായ മാറ്റങ്ങൾ

കോഴ്സുകളുടെ ഘടനയിലും ഉള്ളടക്കത്തിലും ലഭ്യതയിലുമെല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ശുദ്ധശാസ്ത്രവും നാച്വറൽസയൻസും പ്രായേണ അപ്രധാനങ്ങളായി തീർന്നിരിക്കുന്നുവെങ്കിൽ, മാനവികവിഷയങ്ങളും സാമൂഹ്യശാസ്ത്രസംബന്ധിയായ വിഷയങ്ങളും പാടേ അവഗണിക്കപ്പെട്ടു കഴിഞ്ഞു, പുതുതലമുറ കോഴ്സുകളെന്ന നിലയിൽ മാനേജ്മെന്റ് / ടെക്നിക്കൽ പ്രൊഫഷണൽ കോഴ്സുകളുടെ സ്വീകാര്യത വർദ്ധിച്ചു വരുന്നതോടെ, കോഴ്സുകളുടെ കാര്യത്തിലും ശ്രേണീകരണം സംഭവിക്കുന്നു. വിദ്യാഭ്യാസം പണം കൊടുത്തു വാങ്ങാവുന്ന ചരക്കായി മാറുകയും ഏറ്റവും ഉയർന്ന വിലക്ക് ഈ ചരക്ക് വിപണനം ചെയ്യുന്ന സ്വകാര്യ / സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങൾ അരങ്ങടക്കി വാഴുകയും ചെയ്യുമ്പോൾ, പണം ചെലവാക്കി ഉന്നതവിദ്യാഭ്യാസം ചെയ്യാൻ പരമിതമായ സാദ്ധ്യതകൾ മാത്രമുള്ള ദുർബ്ബലജനവിഭാഗങ്ങൾ പിൻതള്ളപ്പെടുന്നു. ഇന്ത്യൻ സ്ത്രീകളിൽ മെട്രോനഗരങ്ങളിലെ വരേണ്യവെണ്ണപ്പാളിയിൽ പെടുന്ന ഒരു ചെറുന്യൂനപക്ഷം ഒഴികെ മറ്റുള്ളവരെല്ലാം ഇത്തരത്തിൽ ഓരങ്ങളിലേക്ക് മാറ്റപ്പെടുന്ന ഗണത്തിൽ പെടുന്നു.

വർദ്ധിച്ചുവരുന്ന വാണിജ്യവൽക്കരണ - വരേണ്യവൽക്കരണ പ്രവണതകൾ ഉന്നതവിദ്യാഭ്യാസമേഖലയെ ഗ്രസിച്ചിരിക്കുന്ന ഈ സാഹചര്യത്തിലാണ് ഈ രംഗത്തെ സ്ത്രീ പങ്കാളിത്തത്തിന്റെ അളവിലും സ്വഭാവത്തിലും വന്ന മാറ്റങ്ങൾ വിലയിരുത്തപ്പെടേണ്ടത്. വിദ്യാഭ്യാസമേഖലയിൽ നിന്ന് സാമൂഹ്യനീതിയിലധിഷ്ഠിതമായ കാഴ്ച്ചപ്പാടും സമീപനങ്ങളും ഇല്ലാതാകുമ്പോൾ, സ്ത്രീകളും, ദളിത് / ഗോത്രവർഗ്ഗജനവിഭാഗങ്ങളും മറ്റ് പ്രാന്തവത്കൃതവിഭാഗങ്ങളും കൂടുതൽ കൂടുതൽ ബഹിഷ്കൃതരായി കൊണ്ടിരിക്കുകയാണ്. ദളിത് / ഗോത്രവർഗ്ഗവിഭാഗങ്ങളിൽ പെടുന്ന സ്ത്രീകൾക്കാകട്ടെ, പല അക്ഷങ്ങളിലുള്ള വിവേചനങ്ങളും സാമൂഹ്യഅധമാവസ്ഥയും പരമിതികളുടെ കൂച്ചുവിലങ്ങുകളായിത്തീരുന്നു. ഉന്നത വിദ്യാഭ്യാസമേഖലയിലെ പ്രാപ്യതയും അവസരങ്ങളും പരിഗണിക്കുമ്പോൾ പ്രാദേശികമായ വ്യത്യാസങ്ങളും (Regional disparities) നിർണ്ണായകഘടകമാണ്.

ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് ഗുണാത്മകവിവേചനം (Positive discrimination) സംബന്ധിച്ചുള്ള ഭരണഘടനാദത്തമായ സാധ്യതകൾ കാത്തുരക്ഷിക്കാനുള്ള ഉത്തരവാദിത്തമുണ്ട്. ദളിത് ആദിവാസി വിഭാഗങ്ങളിൽ പെടുന്ന കുട്ടികൾക്കുള്ള സാമ്പത്തികസഹായവും, സൗജന്യഹോസ്റ്റൽ സൗകര്യങ്ങളും, സ്റ്റൈപ്പന്റും മറ്റ് സഹായങ്ങളും ആ ദിശയിലേക്കാണ് വിരൽ ചൂണ്ടുന്നത്. സാമൂഹികസമത്വത്തെ സംബന്ധിച്ച് ഏതൊരു ആധുനികസമൂഹത്തിനുമുണ്ടാകേണ്ട ഗുണാത്മകസമീപനം നിലനിർത്തി മുന്നോട്ടുപോകാൻ അത് അനിവാര്യമാണ്. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ സാമ്പത്തികവളർച്ചയും, സാങ്കേതികവിദ്യയുടെ വികാസവും തുല്യതയും അവസരസമത്വവും സാമൂഹ്യോന്നതിയിലേക്കുള്ള ചലനാത്മകതയുമൊക്കെ വർദ്ധിപ്പിക്കുന്നതിനുള്ള ആയുധമായിട്ടാണ് ഉന്നതവിദ്യാഭ്യാസമേഖലയെ കരുതിപ്പോന്നിരുന്നത്. ലിംഗ / വർഗ്ഗ / ജാതി / ഗോത്രതലങ്ങളിലെല്ലാമുള്ള സാമൂഹ്യനീതിയുടെ പ്രശ്നത്തെ വലിയ തോതിൽ അഭിസംബോധന ചെയ്യാനുള്ള പരിശ്രമങ്ങൾ വിദ്യാഭ്യാസമേഖലയിലുണ്ടായി. ഉന്നതവിദ്യാഭ്യാസമേഖലയിലെ 'ഗുണാത്മകവിവേചന'ത്തിന്റെ ഉപയോഗപ്പെടുത്തൽ സ്വാതന്ത്ര്യാനന്തരഭാരതത്തിൽ സ്ത്രീകളുടെ ഉന്നതവിദ്യാഭ്യാസ സാധ്യതകൾ വർദ്ധിപ്പിച്ചു. തുടർന്ന് വന്ന ദശകങ്ങളിൽ ക്രമപ്രവൃദ്ധമായ നിലയിലുള്ള വളർച്ച ഇക്കാര്യത്തിൽ കാണാം. എന്നാൽ 1991 മുതൽ വിദ്യാഭ്യാസമേഖലയിലെ സമീപനങ്ങളിൽ കാതലായ മാറ്റമുണ്ടായി സാമൂഹ്യനീതി എന്ന കാഴ്ച്ചപ്പാടിനെ മെല്ലെമെല്ലെ മായ്ച്ചു കളയുകയും കമ്പോളകേന്ദ്രിതമായ വാണിജ്യപ്രവണതകൾ ശക്തിപ്പെടുകയും ചെയ്തു. വാസ്തവത്തിൽ എൺപതുകളുടെ അന്ത്യപാദത്തിൽ രാജീവ്ഗാന്ധിയുടെ 'ചാലഞ്ചസ് ടു എഡ്യൂക്കേഷൻ: എ പോളിസി പേഴ്സ്പെക്ടീവ് എന്ന നയരേഖയോടുകൂടി തന്നെ വിദ്യാഭ്യാസമേഖലയിലെ അമിതസ്വകാര്യവൽക്കരണത്തിന്റേയും, വാണിജ്യവൽക്കരണത്തിന്റേയും വിത്തുകൾ വിതയ്ക്കപ്പെട്ടുകഴിഞ്ഞിരുന്നു. തൊണ്ണൂറുകളോടെ ആരംഭിച്ച ആഗോളവൽക്കരണപ്രക്രിയയുടെ ഭാഗമായി ആരോഗ്യവും വിദ്യാഭ്യാസവുമുൾപ്പടെ, സേവനമേഖ

**Educational Level Attained (15 years and above), 2004-2005, India and Kerala**

| Educational Level | India | | | Kerala | | |
|---|---|---|---|---|---|---|
| | Men | Women | Total | Men | Women | Total |
| Illiterate | 26.4 | 50.4 | 38.2 | 6.2 | 12.2 | 9.4 |
| Literate and up to Primary | 25.6 | 19.9 | 22.8 | 26.8 | 26.7 | 26.8 |
| Middle | 19.2 | 12.8 | 16 | 33.1 | 28.3 | 30.5 |
| Secondary | 12.5 | 7.7 | 10.3 | 15.4 | 15.3 | 15.4 |
| Higher Secondary | 7.2 | 4.4 | 5.8 | 6.0 | 6.7 | 6.3 |
| Diploma/Certificate | 1.7 | 0.8 | 1.2 | 6.6 | 5.1 | 5.8 |
| Graduate and Above | 7.4 | 4.0 | 5.7 | 5.9 | 5.7 | 5.8 |
| Total | 100 | 100 | 100 | 100 | 100 | 100 |

Source: NSS Report on Education and Vocational Training in India, 2004-05

ലകളിൽ നിന്നുള്ള സർക്കാരിന്റെ പിന്മാറ്റം, സ്വാശ്രയ സ്വകാര്യമേഖലയ്ക്ക് അരങ്ങു പാടെ വിട്ടൊഴിഞ്ഞു കൊടുക്കുന്ന വിധത്തിൽ, ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രതിഫലിക്കപ്പെട്ടു. ഉന്നതവിദ്യാഭ്യാസത്തിന് മെറിറ്റുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ട് വിപണിയിൽ വിനിമയം ചെയ്യുന്ന ചരക്ക് എന്ന നിലയിലുള്ള സമീപനം ശക്തിപ്പെട്ടു. സ്വകാര്യസ്ഥാപനങ്ങളുടെ നിയന്ത്രണത്തിനായി വ്യക്തമായി നിർവ്വചിക്കപ്പെട്ട നയത്തിന്റെ അഭാവം നിലനില്ക്കുമ്പോഴും അത്തരം സ്ഥാപനങ്ങൾ ക്രമാതീതമായി അനുവദിക്കപ്പെട്ടു. ഉന്നതവിദ്യാഭ്യാസരംഗത്തെ സ്വകാര്യമേഖലയുടെ സാന്നിദ്ധ്യം ഇന്ത്യയിൽ പുതിയ

ആദ്യനാലുദശകങ്ങളിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് പബ്ലിക് ഫണ്ടിംഗ് നല്ല പോലെ ഉണ്ടായിരുന്നു. പക്ഷേ ഈ കാലയളവിൽ സ്ത്രീകൾക്ക് തുല്യമായ പ്രാപ്യത സാവധാനത്തിലാണ് ഉണ്ടായി വന്നിരുന്നത്. സാമൂഹ്യമായും സാമ്പത്തികമായും പിന്നിൽ നിൽക്കുന്ന വിഭാഗത്തിൽപെടുന്ന പെൺകുട്ടികളുടെ സ്ഥിതി കൂടുതൽ കഷ്ടമായിരുന്നു. വിദ്യാഭ്യാസമേഖലയിലെ ഗുണാത്മക വിവേചനം പെൺകുട്ടികളുടെ ഉന്നതവിദ്യാഭ്യാസരംഗത്തെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്. 1950-51 ൽ 1000 പുരുഷന്മാർക്ക് 14 സ്ത്രീകൾ എന്നായിരുന്നു. അനുപാതമെങ്കിൽ, 2002-03 ൽ അത്

**Stream-wise Current Attendance, India and Kerala**

| Current Attendance | 1999-2000 | | | 2004-2005 | | |
|---|---|---|---|---|---|---|
| | Total | Men | Women | Total | Men | Women |
| India | | | | | | |
| Arts | 79.2 | 75.8 | 84.5 | 73.9 | 70.8 | 79 |
| Science | 20.8 | 24.2 | 15.5 | 26.1 | 29.2 | 21 |
| Total | 100 | 100 | 100 | 100 | 100 | 100 |
| Kerala | | | | | | |
| Arts | 71.7 | 63.4 | 78.6 | 71.8 | 58.5 | 83.6 |
| Science | 28.3 | 36.6 | 21.4 | 28.2 | 41.5 | 16.4 |
| Total | 100 | 100 | 100 | 100 | 100 | 100 |

**Note**:*Science includes Agriculture, Engineering/Technology and Medicine; Arts include Craft and Other Subjects. For 1999-2000 Science and Arts are for Graduate & Above and Diploma and Certificate. For 2004-2005 Science and Arts are for Graduate & Above and Diploma and Certificate both Below Graduate (BG) and Above Graduate (AG) Levels; Census adjusted

കാര്യമല്ല. പക്ഷേ അവക്ക് നിയതമായ നിയന്ത്രണത്തിന്റെ നിശ്ചിത ചട്ടക്കൂടുണ്ടായിരുന്നു. പക്ഷേ ഇന്ന്, സ്വകാര്യസ്ഥാപനങ്ങളുടെ നടത്തിപ്പുകാരുടെ അത്യാർത്തിയും ഇക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ നിസ്സംഗതയും കുറ്റകരമായ വിധത്തിൽ വർദ്ധിച്ചുവരുന്നു. 123 കോടി ജനസംഖ്യയുള്ള ഇന്ത്യയിൽ കേവലം 18% മാത്രമാണ് ഉന്നത വിദ്യാഭ്യാസമേഖലയിലെത്തുന്നത് എന്നു പറയുമ്പോൾ, ദ്രുതഗതിയിൽ നടക്കുന്ന ചരക്കുവൽക്കരണവും കമ്പോളസ്വഭാവവും എത്ര അപകടകരമാണെന്ന് തിരിച്ചറിയാനാവും. ഉന്നത വിദ്യാഭ്യാസരംഗത്തെത്തുന്ന സ്ത്രീകളാവട്ടെ, കേവലം 6% മാത്രമാണ്.

ആഗോളവൽക്കരണകാലത്ത്, ഉന്നതവിദ്യാഭ്യാസമേഖലയിൽ സ്ത്രീകളുടെ പ്രാപ്യതയും അവർ വിഷയങ്ങൾ തെരഞ്ഞെടുക്കുന്ന രീതിയും ഉന്നതവിദ്യാഭ്യാസത്തിന്റെ ഉയർന്നഘട്ടങ്ങളായ പി.ജി, റിസർച്ച് മേഖലകളിൽ അവരുടെ പ്രാതിനിധ്യവും വിദ്യാഭ്യാസശേഷം തൊഴിൽ മേഖലയിലെ അവരുടെ നിയോജനവുമെല്ലാം ചേർത്തുവെച്ച് പരിശോധിച്ചാൽ, സമൂഹത്തിൽ രൂപപ്പെട്ടുവരുന്ന പ്രതിലോമപരിതസ്ഥിതി വ്യക്തമാകും. ഉന്നതവിദ്യാഭ്യാസമേഖലയിൽ പ്രവേശിക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ സാങ്കേതികാർത്ഥത്തിൽ കേവല വർദ്ധന ഉണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ

67 ആയി ഉയർന്നു. 1990-92 ൽ 16,85,926 (32%) സ്ത്രീകളാണ് എൻറോൾ ചെയ്തതെങ്കിൽ 2002-03 ആകുമ്പോഴേക്ക് അത് 36,95,964 ആയി ഉയർന്നു. എന്നാൽ ഈ വർദ്ധനവിന്റെ കണക്കുകൾ സമർത്ഥമായി മറച്ചുവെക്കുന്ന മറ്റു ചില യാഥാർത്ഥ്യങ്ങൾ കാണാതിരുന്നുകൂടാ. ആകർഷകമായ കണക്കുകളുടെ മൂടുപടത്തിനപ്പുറം അസമത്വത്തിന്റെ വൈകൃതം നിറഞ്ഞ മുഖമുണ്ട്. വിഷയങ്ങൾ തെരഞ്ഞെടുക്കുന്ന കാര്യമെടുത്താൽ, പെൺകുട്ടികളുടെ അക്കാദമികമായ മികവും ഐച്ഛികവിഷയം തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും തമ്മിൽ വലിയ അന്തരമുണ്ട് എന്നു കാണാം. ഇന്ത്യയിൽ അക്കാദമിക് രംഗത്തെ പെൺകുട്ടികളുടെ പ്രകടനം ആൺകുട്ടികളുടേതിനേക്കാൾ മെച്ചമോ അല്ലെങ്കിൽ അതിനൊപ്പം തന്നെയോ ആണ്. ഓരോ വർഷം സെക്കന്ററി/ഹയർ സെക്കന്ററി തലത്തിൽ പരീക്ഷാഫലം വരുമ്പോൾ പത്രങ്ങൾ പെൺകുട്ടികളുടെ നേട്ടങ്ങൾ പ്രകീർത്തിക്കുന്നുണ്ട്. പക്ഷേ, ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുക്കുന്ന കാര്യത്തിൽ പെൺകുട്ടികൾക്ക് വിലക്കുകൾ നിലനില്ക്കുന്നു. സയൻസ് വിഷയങ്ങളോ, പ്രൊഫഷണൽ കോഴ്സുകളോ തെരഞ്ഞെടുക്കുന്നതിൽ നിന്ന് അവരെ പിന്തിരിപ്പിക്കുന്നു. പണച്ചെലവുള്ള കോഴ്സുകൾക്ക് അവരെ പറഞ്ഞയക്കാൻ കുടുംബത്തിനുള്ള വിമുഖത ഇപ്പോഴും പ്രകടനമാണ്.

പ്രവേശനപരീക്ഷകൾക്ക് വേണ്ടിയുള്ള പരിശീലനങ്ങൾക്ക് പെൺകുട്ടികളെ പറഞ്ഞയക്കുന്നത് വ്യർത്ഥവ്യയമാണെന്ന കാഴ്ചപ്പാട് ഇപ്പോഴും പല കുടുംബങ്ങളിലും രൂഢമൂലമാണ്.

കളൊഴിച്ചുള്ള മറ്റ് അണ്ടർ ഗ്രാജ്വേറ്റ് കോഴ്സുകൾ, വീണ്ടും ഉയർന്ന വിദ്യാഭ്യാസയോഗ്യതകളിലേക്കുള്ള ചവിട്ടുപടിയായാണ് കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ ഇന്ന്, ഇത്തരം വൈദഗ്ദ്യ-കേന്ദ്രീത അണ്ടർഗ്രാജ്വേറ്റ്

**Source: Based on Unit level data NSS 55th Round (1999-2000) and 61st Round (2004-2005)**

**Share of Technical and Non-technical Education Attained, India and Kerala[1]**

| Educational Level Attained (Technical) | 55th Round (1999-00) | | | 61st Round (2004-05) | | |
|---|---|---|---|---|---|---|
| | Men | Women | Total | Men | Women | Total |
| India<br>No technical education | 91.0. | 91.6. | 91.3 | 86.8 | 89.1 | 87.8 |
| With technical education | 9.0 | 8.4 | 8.7 | 13.2 | 10.7 | 12.2 |
| Total | 100 | 100 | 100 | 100 | 100 | 100 |
| Kerala | | | | | | |
| No technical education | 82.0 | 85.0 | 83.8 | 68.1 | 78.3 | 73.8 |
| With technical education | 18.0 | 15.0 | 16.2 | 31.9 | 21.7 | 26.2 |
| Total | 100 | 100 | 100 | 100 | 100 | 100 |

**Note**: This division pertains to those who have attained education beyond higher secondary. Census adjusted.
**Source**: Based on Unit level data NSS 55th Round (1999-2000) and 61st Round (2004-2005), Schedule

പെൺകുട്ടികൾ കൂടുതലായി തെരഞ്ഞെടുത്തിരുന്ന ശുദ്ധശാസ്ത്രവിഷയങ്ങൾ, സാമൂഹ്യശാസ്ത്രവിഷയങ്ങൾ, ആർട്സ് / മാനവികവിഷയങ്ങൾ എന്നിവ പൊതുസ്ഥാപനങ്ങളിൽ മാത്രമാണുള്ളത്. ചെലവുകുറഞ്ഞതും കുറഞ്ഞകാലംകൊണ്ട് പൂർത്തിയാക്കാൻ കഴിയുന്നതുമായ ഇത്തരം കോഴ്സുകളാണ്, അത്യാവശ്യം സാമ്പത്തികശേഷിയുള്ള കുടുംബങ്ങളിൽ നിന്നു വരുന്ന പെൺകുട്ടികൾക്കുപോലും തെരഞ്ഞെടുക്കാൻ കഴിയുന്നത്. ˇ. എന്നാൽ 1991 മുതൽ വൈദഗ്ദ്ധ്യം (Skill) ആവശ്യമുള്ള ഒരു പ്രത്യേകതരം മാനേജ്മെന്റ് / സാങ്കേതിക പ്രൊഫഷണൽ കോഴ്സുകൾക്കാണ് ഏറ്റവും മതിപ്പുള്ളത് എന്ന നില ഉണ്ടായി വന്നു. പ്രൊഫഷണൽ കോഴ്സുകളും സാങ്കേതികസ്ഥാപനങ്ങളുമാണ് ഇന്ന് കൂടുതൽ തൊഴിൽദായകമായി കാണപ്പെടുന്നത്. വിഷയങ്ങളുടേയും സ്ഥാപനങ്ങളുടേയും സർവ്വകലാശാലകളുടേയും ശ്രേണീകരണവും തരംതിരിവുകളും ദുർബ്ബലവിഭാഗത്തിൽപെട്ട സ്ത്രീകളെ സംബന്ധിച്ചിടത്തോളം വലിയ വിവേചനത്തിന് കളമൊരുക്കുന്നു. ജനറൽ കോഴ്സുകളിൽ നിന്ന് സ്പെഷ്യലൈസ്ഡ് പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പോക്ക്, തൊഴിൽലഭ്യതക്കും തൊഴിലിലുള്ള ഉയർച്ചക്കും അനിവാര്യമാണ് എന്ന സ്ഥിതി സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നു. സ്പെഷ്യലൈസ്ഡ് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്, വിശേഷിച്ച് വൈദഗ്ദ്ധ്യകേന്ദ്രിതമായ മാനേജ്മെന്റ് / ടെക്നിക്കൽ കോഴ്സുകൾക്ക് തൊഴിൽ കമ്പോളത്തിൽ കൂടുതൽ മൂല്യമുള്ള സ്ഥിതിയാണിന്നുള്ളത്. മുമ്പ് എഞ്ചിനീയറിംഗ്, മെഡിസിൻ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ കഴിയുന്നതോടെ തന്നെ വിദ്യാഭ്യാസം പൂർത്തീകരിച്ചു എന്ന കാഴ്ചപ്പാടാണ് പ്രബലമായി വരുന്നത്. ഇത്തരം വിഷയങ്ങളാവട്ടെ, ദ്രുതഗതിയിൽ വികസിക്കുന്ന സ്വകാര്യമേഖലയിലാണ് ലഭ്യമാവുന്നത്. കമ്പ്യൂട്ടർ അപ്ലിക്കേഷനും, സോഫ്റ്റ് വെയർ കമ്പ്യൂട്ടർ എഞ്ചിനീയറിംഗും പഠിക്കുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പക്ഷേ, അവർ ദൃശ്യമാകുന്നത് കാൾസെന്ററുകൾ, ടെലിമാർക്കറ്റിംഗ്, മൾട്ടിനാഷണൽ കമ്പനികളിലേയും ബാങ്കുകളിലേയും 'ഫ്രണ്ട്ഡസ്ക്' ജോലികൾ, ആശുപത്രികളുടേയും ഹോട്ടലുകളുടേയും റിസപ്ഷനുകൾ എന്നിവിടങ്ങളിലാണ്. ഈ ജോലികളിലധികവും കുറഞ്ഞ കാലത്തേക്കുള്ള കോൺട്രാക്റ്റ് നിയമനങ്ങളാണ് എന്നു മാത്രമല്ല. സ്ത്രീധർമ്മത്തെ സംബന്ധിച്ച പരമ്പരാഗതധാരണകളുടെ ചട്ടകൂടിനകത്ത് നില്ക്കുന്നവയാണവ - സജീവകർതൃത്വമോ ധിഷണാപരമായ കണ്ടെത്തലുകളോ ആവശ്യമില്ലാത്തവ. കുറഞ്ഞ വേതനം നൽകുന്നതും ചെറിയ കാലയളവിൽ ഒതുങ്ങുന്നതുമായ കോൺട്രാക്റ്റ് നിയമനങ്ങളോടൊപ്പം സ്വകാര്യമേഖലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപനവും സ്ത്രീകളുടെ ജോലിയായി കരുതപ്പെടുന്നു. (അദ്ധ്യാപനമേഖലയുടെ സ്ത്രൈണവൽക്കരണം ഉന്നത വിദ്യാഭ്യാസമേഖലയുടെ ഒരു സുപ്രധാന മുഖമുദ്രയായി തീർന്നിരിക്കുന്നു.എന്നാൽ അതേസമയം, കേന്ദ്രസർവ്വകലാശാലകളിലും നാഷണൽ ലബോറട്ടറികളിലുള്ള സ്ഥിരം വനിതാഫാക്കൽറ്റികളുടെ എണ്ണം പരിശോധിച്ചാൽ വളരെ പരമിതമാണെന്നു കാണാം.)

ഐ. ഐ. ടി, റീജണൽ എഞ്ചിനീയറിംഗ് കോളേ

ജുകൾ തുടങ്ങിയ വിദ്യാഭ്യാസസ്ഥാപനങ്ങളിലാണെങ്കിൽ വരേണ്യവിഭാഗത്തിൽ പെട്ട ആൺകുട്ടികൾക്കാണ് ഭൂരിപക്ഷം. മുഖ്യമായും പുതുതലമുറ കോഴ്സുകളിലധികവും ആൺകുട്ടികൾക്കും മെട്രോ നഗരങ്ങളിലെ വരേണ്യകുടുംബങ്ങളിൽ നിന്നുമുള്ള പെൺകുട്ടികൾക്കുമാണ് പഠിക്കാൻ സാധിക്കുന്നത്. സ്ത്രീകളുടെ ഉന്നതവിദ്യാഭ്യാസമേഖലയിലെ പ്രവേശനവും പങ്കാളിത്തവും തടസ്സപ്പെടുത്തുന്ന വിലങ്ങുതടികളായി ലിംഗപരവും, വർഗ്ഗപരവുമായ അധമാവസ്ഥ ഇപ്പോഴും പ്രവർത്തിക്കുന്നു. ഉപരിപ്ലവമായ നോട്ടത്തിൽ, ഉന്നതവിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളുടെ ദൃശ്യതയും സാന്നിധ്യവും വർദ്ധിച്ചു എന്ന് എന്റോൾമെന്റിന്റെ സാങ്കേതികമായ കണക്കുകളുടെ അടിസ്ഥാനത്തിൽ നമുക്കു തോന്നാം. എന്നാൽ കോഴ്സുകൾ, ഡിസിപ്ലിനുകൾ, സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം കാര്യത്തിൽ വർദ്ധിതമായികൊണ്ടിരിക്കുന്ന ശ്രേണീകരണം പെൺകുട്ടികളെ വിപരീതമായി ബാധിക്കുന്നു. കേരളം പോലെ പെൺകുട്ടികളുടെ ഉന്നതവിദ്യാഭ്യാസമേഖലയിലെ സാന്നിദ്ധ്യം ഏറെ സജീവമായ സംസ്ഥാനത്തുപോലും അവർ കോഴ്സുകളുടെ പഴയ വാർപ്പുമാതൃകാരീതികളിൽ കുടുങ്ങി കിടക്കുകയാണ് എന്നു കാണാം. പെൺകുട്ടികളിൽ കൂടുതലും തെരഞ്ഞെടുത്തുപോന്നിരുന്ന ഭാഷാ / മാനവി കവിഷയങ്ങൾ, ശുദ്ധശാസ്ത്രം, നാച്വറൽ സയൻസ് എന്നിവ വിദ്യാഭ്യാസരംഗത്ത് ഉരുത്തിരിഞ്ഞുവരുന്ന പുതിയ ശ്രേണീവൽകൃതസമീപനത്തിൽ താഴെ തട്ടിലാണുള്ളത്. വിഷയങ്ങളുടേയും സ്ഥാപനങ്ങളുടേയും കാര്യത്തിൽ ശ്രേണീബദ്ധമായ ഉച്ചനീചത്വസ്വഭാവം സമൂഹത്തിൽ സ്ത്രീകളുൾപ്പെടെയുള്ള ദുർബ്ബലജനവിഭാഗങ്ങളുടെ പ്രാപ്യതയും പങ്കാളിത്തവും പരമിതപ്പെടുത്തുകയും ഇതര പ്രബലവിഭാഗങ്ങളുടെ മേധാവിത്വം ശക്തിപ്പെടുത്തുകയും ചെയ്യുന്നു. സ്ഥാപനങ്ങളുടെ റാങ്കിംങ്ങും മറ്റും സാമൂഹ്യമായ പക്ഷപാതിത്വങ്ങളാൽ സ്വാധീനിക്കപ്പെടുന്ന പശ്ചാത്തലത്തിൽ, അത്തരം നീക്കങ്ങൾ സവിശേഷമായ 'പുറന്തള്ളൽ'രീതി കളിൽ ചെന്നുപെടും എന്ന കാര്യത്തിൽ സംശയം വേണ്ട. സമൂഹത്തിൽ നിലവിലുള്ള അധികാരഘടനയുടെ അസമമായ അവസ്ഥ ഇല്ലാതാക്കുക എന്ന വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്തം അട്ടിമറിയ്ക്കപ്പെട്ട് അസമത്വം കൂടുതൽ രൂക്ഷമാക്കുന്ന സ്ഥിതിയാണ്, ഇത്തരം ശ്രേണീകരണസമീപനങ്ങൾ സൃഷ്ടിക്കുക. ലിംഗപരമായ ധർമ്മങ്ങളെക്കുറിച്ചുള്ള സാമൂഹികധാരണകൾ പെൺകുട്ടികളുടെ ജീവിതത്തെ ഗാർഹികമായ ഉത്തരവാദിത്തങ്ങളുടെ പരമമിതവൃത്തത്തിനകത്തേക്ക് ഒതുക്കാൻ ഇന്നും ശക്തമായ ശ്രമം തുടരുന്നതും വിവാഹവും വിവാഹക്കമ്പോളവുമായി ബന്ധപ്പെട്ടുകൂടിയാണ് സ്ത്രീവിദ്യാഭ്യാസം സംബന്ധിച്ച മനോഭാവങ്ങൾ നിർണ്ണയിക്കപ്പെടുന്നത് എന്നതും ഈ വിഷയത്തിൽ സുപ്രധാന ഘടകമായി പ്രവർത്തിക്കുന്നു.

ഉന്നതവിദ്യാഭ്യാസമേഖലയിലെ താക്കോൽസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് വൈസ്ചാൻസലർ പദവി മുതൽ സെനറ്റ്, സിന്റിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവ പോലുള്ള ഭരണസംവിധാനങ്ങളിൽ വരെ സ്ത്രീകളുടെ സാന്നിധ്യം തുലോം കുറവാണ്. കലാലയങ്ങളിലും തീരുമാനങ്ങളെടുക്കുന്ന വേദികളിൽ സ്ത്രീപക്ഷത്തുനിന്നും കാര്യങ്ങൾ കാണാൻ കഴിയുന്ന വിധത്തിൽ വനിതാ പങ്കാളിത്തം പലപ്പോഴും ദൃശ്യമല്ല. ഇതെല്ലാം തന്നെ ഈ മേഖലയിലെ സ്ത്രീപങ്കാളിത്തത്തിന് പരിമിതികൾ സൃഷ്ടിക്കുന്നുണ്ട്.

അസമമായ അധികാരസമവാക്യങ്ങളിൽ ഗുണപരമായ മാറ്റം വരുത്തുക എന്ന സാമൂഹ്യധർമ്മം വിദ്യാഭ്യാസമേഖലയിലൂടെ നിർവ്വഹിക്കപ്പെടേണ്ടതുണ്ടെങ്കിൽ, ഉന്നതവിദ്യാഭ്യാസരംഗത്തെ സ്ത്രീപങ്കാളിത്തം സാർത്ഥകമായ വിധത്തിൽ സാധ്യമാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1) സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മെറിറ്റുള്ള വിദ്യാർത്ഥിനികൾക്ക് ആകർഷകമായ സ്കോളർഷിപ്പ് നൽകുക. സ്റ്റൈപ്പന്റുകൾ, ഫെല്ലോഷിപ്പുകൾ മറ്റ് ഇൻസന്റീവുകൾ എന്നിവ പെൺകുട്ടികൾക്ക് പ്രത്യേകമായി അനുവദിക്കുക.
2) വൈദഗ്ദ്ധ്യകേന്ദ്രിതസാങ്കേതിക / പ്രൊഫഷണൽ കോഴ്സുകൾ കുറഞ്ഞ ചെലവിൽ പൊതുസ്ഥാപനങ്ങളിൽ ലഭ്യമാക്കുക.
3) മാനവികവിഷയങ്ങളും ഭാഷാപഠനവും ശുദ്ധശാസ്ത്രം, നാച്വറൽ സയൻസ് തുടങ്ങിയ പ്രാഥമിക വിഷയങ്ങളും, വിദ്യാഭ്യാസമേഖലയിൽ അനിവാര്യമായും ഉണ്ടാകേണ്ടതാണെന്ന പൊതുബോധം വളർത്തുക. വിഷയങ്ങളെ സംബന്ധിച്ച ശ്രേണീകരണം തിരുത്തുന്നതിനുള്ള സമീപനം സ്വീകരിക്കുക.
4) സെക്കന്ററി തലത്തിൽ തന്നെ ലിംഗപരമായ സമത്വത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് സാംശീകരിക്കാൻ കഴിയുന്ന വിധത്തിൽ മാതാപിതാക്കൾക്കും, കുട്ടികൾക്കും, കുടുംബത്തിനാകെയും കൗൺസിലിംഗ് നൽകുക.
5) സെക്കന്ററി തലത്തിലും അതിനു താഴെയും പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
6) ഉന്നതവിദ്യാഭ്യാസമേഖലയിലെ നയരൂപീകരണവേദികളിൽ സ്ത്രീകളെ കൂടുതലായി ഉൾപ്പെടുത്തുക.. കലാലയങ്ങളിലും, സർവ്വകലാശാലകളിലും സുപ്രധാന തീരുമാനമെടുക്കുന്ന വേദികളിൽ സ്ത്രീപങ്കാളിത്തം തുല്യമായ വിധത്തിൽ ഉണ്ടെന്ന് ഉറപ്പാക്കുക
7) പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പ്രത്യേക സൗജന്യ ഗതാഗത സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക.
8) നേരത്തെയുള്ള വിവാഹവും സ്ത്രീകളുടെ സാമ്പ്രദായികറോളുകളെ സംബന്ധിച്ച പരമ്പരാഗതധാരണകളും ഒഴിവാക്കുവാൻ ബോധപൂർവ്വം നടപടികൾ സ്വീകരിക്കുക.

ഉന്നതവിദ്യാഭ്യാസരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം സജീവവും സകർമ്മകവും സമത്വപൂർണ്ണവും ആകേണ്ടത് ഏതൊരു ആധുനികസമൂഹത്തിന്റേയും പുരോഗതിക്ക് അനിവാര്യമാണ് എന്ന കാഴ്ച്ചപ്പാട് ഉയർത്തിപ്പിടിച്ചുകൊണ്ട്, അമിതസ്വകാര്യവൽക്കരണത്തേയും ശ്രേണീകരണത്തേയും ചെറുക്കുവാനും സാമൂഹ്യനീതിയിലധിഷ്ഠിതമായ തുല്യതാസങ്കല്പനങ്ങൾ ഉയർത്തിപ്പിടിക്കാനും എ. കെ. പി. സി. ടി. എ പോലുള്ള അദ്ധ്യാപകപ്രസ്ഥാനങ്ങൾക്ക് സവിശേഷമായ ഉത്തരവാദിത്തമുണ്ട്.



# ശ്രീശങ്കരാ കോളേജ് സമരചരിത്രം



**ഡോ.കെ.കൃഷ്ണദാസ്**
*എസ്. എസ്. കോളജ് , കാലടി*

കാലടി ശ്രീശങ്കരാ കോളേജ് സ്ഥിതി ചെയ്യുന്ന മറ്റൂർകുന്നിന് ആ പേര് ലഭിക്കാനുള്ള സാഹചര്യത്തെക്കുറിച്ച് ഒരു ഐതീഹ്യമുണ്ട്. ജഗദ്ഗുരു ശ്രീശങ്കരാചാര്യർ തന്റെ അമ്മയുടെ മരണശേഷം കാലടിയിൽ നിന്ന് മറ്റ് ഉര്തേടി പോകുന്നതിനായി വിജനമായിരുന്ന ഈ കുന്നിൻപ്രദേശത്ത് ധ്യാനനിദ്രയിൽ കഴിഞ്ഞിരുന്നതായി, പറയുന്നു. മറ്റ് ഊർ തേടിപ്പോയതിനാൽ ഈ കുന്നിന് മറ്റൂർ എന്ന് പേരുവന്നു എന്ന് സ്ഥലനാമപണ്ഡിതന്മാർ വിശ്വസിക്കുന്നു.

കാലടി ശ്രീശങ്കരാ കോളേജ് 1954-ൽ സ്വാമി ആഗമാനന്ദനാൽ സ്ഥാപിക്കപ്പെട്ടു 1954 ജൂലൈ 12-ാം തീയതി കോളേജ് പ്രവർത്തനം ആരംഭിച്ചു. അന്ന് പ്രീ-ഡിഗ്രിയോ, ഡിഗ്രി ക്ലാസ്സുകളോ ഉണ്ടായിരുന്നില്ല. പകരമായി ഇന്റർമീഡിയറ്റ് കോഴ്സുകളാണ് ഇവിടെ ആരം ിച്ചത്. ഫസ്റ്റ്, സെക്കന്റ്, തേഡ് ഗ്രൂപ്പുകൾക്കുംകൂടി ആദ്യവർഷം 300 വിദ്യാർത്ഥികളും 15 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ഉണ്ടായിരുന്നു. അന്നുണ്ടായിരുന്ന അദ്ധ്യാപകരിൽ പ്രൊഫ: കെ.വി. കൃഷ്ണയ്യർ, പ്രൊഫ: സി.കെ. ശിവരാമപിള്ള എന്നിവർ മാത്രമേ ഇന്ന് ജീവിച്ചിരിപ്പുള്ളൂ.

1936-ൽ കാലടി ശ്രീരാമകൃഷ്ണ അദ്വൈതാശ്രമ സ്ഥാപനത്തിനു ശേഷം നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന് സ്വാമി ആഗമാനന്ദൻ നേതൃത്വം നൽകി. ഇന്ന് കാലടിയിൽ തലയുയർത്തി നിൽക്കുന്ന മറ്റൊരു സ്ഥാപനമായ ബ്രാഹ്മനന്ദോദയം സ്കൂളും സ്ഥാപിച്ചത്. പൂർവ്വാശ്രമത്തിൽ കരുനാഗപ്പള്ളി പന്മന പുതുമന മഠത്തിൽ കൃഷ്ണൻ നമ്പ്യാതിരി ആണ് പിന്നീട് സ്വാമി ആഗമാനന്ദനായത്. ഗ്രാമീണ മേഖലയിലുള്ള നിരവധി പേർക്ക്, അതോടൊപ്പംതന്നെ ഇടുക്കി, വയനാട് തുടങ്ങിയ മേഖലകളിലെ പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങൾക്ക്, വിദ്യാഭ്യാസം നൽകുന്നതിനാണ് ഇത്തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടത്. സാമ്പത്തികലാഭത്തിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസക്കച്ചവടക്കാർ ആഗമാനന്ദസ്വാമികളുടെ വിദ്യാഭ്യാസവീക്ഷണം പഠിക്കുന്നതും മനസ്സിലാക്കുന്നതും നന്നായിരിക്കും. തിരുവിതാംകൂർ മഹാരാജാവിൽ നിന്ന് കരമൊഴിവായി ലഭിച്ച 19 ഏക്കറും, കൂടാതെ കാലടിയിലെ അറിയപ്പെടുന്ന സാമൂഹ്യപരിഷ്കർത്താവായ പറയത്ത് കുട്ടൻമേനോനെ പോലെയുള്ള സന്മനസ്സുകൾ ദാനമായി നൽകിയ 17 ഏക്കറുമുൾപ്പടെ 36 ഏക്കറിലാണ് ശ്രീശങ്കരാ കോളേജ് സ്ഥാപിച്ചത്. സർക്കാരിൽ നിന്നോ ശ്രീരാ


മകൃഷ്ണാശ്രമത്തിൽ നിന്നോ വലിയ സാമ്പത്തിക സഹായമി ല്ലാതെ തന്റെ വ്യക്തിപ്രഭാവം ഒന്നു കൊണ്ടു മാത്രമാണ് ശ്രീശങ്കരാ കോളേജിന്റെ പ്രവർത്തനം സ്വാമി ആഗമാനന്ദൻ മുന്നോട്ടു കൊണ്ടു പോയത്. കേരളത്തിലെ പ്രശസ്ത മായ ക്ഷേത്രങ്ങളിൽ അദ്വൈത സിദ്ധാന്തത്തെക്കുറിച്ചും സനാതന ധർമ്മത്തിന്റെ മഹത്വത്തെക്കുറിച്ചും പ്രസംഗിക്കുകയും പ്രഭാഷണങ്ങ ളിൽ നിന്നും പുസ്തക വിൽപ്പന യിൽ നിന്നും ലഭിക്കുന്ന എളിയ സംഖ്യ ഉപയോഗിച്ചായിരുന്നു ശ്രീശങ്കരാ കോളേജിലെ അദ്ധ്യാപ കർക്കും മറ്റു ജീവനക്കാർക്കും വല്ല പ്പോഴും തുച്ഛമായ ശമ്പളം നൽകി യിരുന്നത്. അതോടൊപ്പംത്തന്നെ ഈ കോളേജിനോടനുബന്ധിച്ച് പാവപ്പെട്ട കുട്ടികൾക്ക് മതമോ, ജാതിയുടേതോ ആയ പരിഗണന കൾ ഒന്നുംത്തന്നെ ഇല്ലാതെ വിദ്യാ ഭ്യാസം നൽകുന്നതിനായി ഒരു ട്രൈബൽ ഹോസ്റ്റൽ അദ്ദേഹം നട ത്തിയിരുന്നു. അവിടുത്തെ കുട്ടി കൾക്ക് ക്ഷണം നൽകുന്നതി നായും സ്വാമി ആഗമാനന്ദൻ വള രെയധികം പരിശ്രമിച്ചിരുന്നു. സംസ്കൃതത്തിൽ മദ്രാസ് പ്രസി ഡൻസി കോളേജിൽ നിന്ന് എം. എ. പരീക്ഷ പാസായി ഹരിജന ങ്ങളെ സംസ്കൃതം പഠിപ്പിക്കുന്ന തിന് തയ്യാറായി. അന്ന് ഇൻഡ്യ യിൽ ജീവിച്ചിരുന്ന സംസ്കൃത പണ്ഡിതന്മാരിൽ ഒരാളായിരുന്നു സ്വാമി ആഗമാനന്ദൻ. 1952 മുതൽ സ്വാമി ആഗമാനന്ദൻ ശ്രീശങ്കരാ കോളേജ് സ്ഥാപിക്കുന്നതിന് ശ്രമം ആരംഭിച്ചു. വളരെ അവികസിതമാ യിരുന്ന മറ്റൂർകുന്നിലേക്ക് നല്ല വഴി പോലുമില്ലായിരുന്നു. അന്ന് കാലടി പ്രദേശത്ത് ക്രിസ്ത്യൻ മത ത്തിൽപ്പെട്ട ധാരാളം സുമനസ്സുകൾ അന്നത്തെ കർദ്ദിനാളായിരുന്ന ജോസഫ് പാറക്കോട്ടലിന്റെ നിർദ്ദേ ശപ്പകാരം കോളേജിലേക്കുള്ള റോഡിന് സ്ഥലം സൗജന്യമായി നൽകി. ചെവ്വരാൻ, പുണോളി, കാക്കശ്ശേരി തുടങ്ങിയ ക്രിസ്തീയ കുടുംബങ്ങൾ മാതൃകാപരമായ നിലപാടുകൾ സ്വീകരിച്ചതിനാ ലാണ് എം.സി. റോഡിൽ നിന്നുള്ള യാത്രാമാർഗം സാധ്യമായത്. കാലടി ശ്രീശങ്കരാ കോളേജ് ഒരു സംസ്കൃത സർവ്വകലാശാലയായി തീരണമെന്നതായിരുന്നു സ്വാമി ആഗമാനന്ദന്റെ സ്വപ്നം.

മഹാരാജാവും മറ്റു സുമന സ്സുകളും നൽകിയ ഒരു വലിയ കുന്നിൻപ്രദേശം ബുൾഡോസർ ഉപയോഗിച്ച് നിരത്തിയാണ് ഇന്ന് കാണുന്ന കോളേജ് കെട്ടിടം നിർമ്മിച്ചത്. 1953 ആഗസ്റ്റ് മാസം 28-ാം തീയതി പ്രശസ്ത പണ്ഡി തനായിരുന്ന അന്നത്തെ കൊച്ചി രാജാവിന്റെ സാന്നിദ്ധ്യത്തിൽ തിരു വിതാംകൂർ മഹാരാജാവായിരുന്ന ശ്രീ. ചിത്തിര തിരുനാൾ ബാലരാ മവർമ്മയാണ് കോളേജിന്റെ ശിലാ സ്ഥാപനം നിർവ്വഹിച്ചത്. തിരുവി താംകൂർ സർവ്വകലാശാലയായി രുന്നു അന്ന് നിലവിലുള്ളത്. കോ ളേജ് തുടങ്ങാൻ വലിയ തുക ക്യാപ്പിറ്റേഷൻ ഫീസായി കെട്ടിവ യ്ക്കുവാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ ധനാഢ്യനും വ്യവ സായ പ്രമുഖനുമായിരുന്ന മങ്കൊമ്പ് എൻ. കൃഷ്ണയ്യരിൽ നിന്നും സാമ്പത്തിക സഹായം തേടുകയും തുടർന്ന് കോളേജ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അന്ന് അദ്ദേഹത്തിന് കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടു വന്ന സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കുന്നതി നായി ഭൂസ്വാമിമാർ എന്നറിയപ്പെട്ടി രുന്ന മങ്കൊമ്പ് കിഴക്കേമഠം അഡ്വ: എൻ. കൃഷ്ണയ്യർ ശ്രീശങ്കരാ കോളേജ് ഭരണസമിതിയിൽ അംഗ മായി. എന്നാൽ കോളേജിലെ ചെല വുകൾ നേരിടുന്നതിന് സ്വാമി ആഗ മാനന്ദൻ പലപ്പോഴും സാമ്പത്തിക പ്രതിസന്ധിയിൽ പെട്ടിട്ടുണ്ട്. അന്ന് പ്രവർത്തിച്ചിരുന്ന അദ്ധ്യാപകർക്ക് ശമ്പളം വല്ലപ്പോഴും മാത്രമേ ലഭി ച്ചിരുന്നുള്ളൂ. കോളേജിന്റെ വൈസ് പ്രസിഡന്റായിരുന്ന മങ്കൊമ്പ് എൻ. കൃഷ്ണയ്യരെക്കുറിച്ച് അദ്ധ്യാപക നിയമനവും വിദ്യാർത്ഥി പ്രവേശന വുമായി ബന്ധപ്പെട്ട് സാമ്പത്തിക ഇടപാടുകളിൽ ആക്ഷേപം ഉയർന്നതു മൂലം ആഗമാനന്ദസ്വാ മികൾ എൻ.കൃഷ്ണയ്യരെ ഭരണസ മിതിയിൽ നിന്ന് പുറത്താക്കുകയും തുടർന്ന് എൻ. കൃഷ്ണയ്യർ കേരള ഹൈക്കോടതിയെ സമീപിക്കുക യും, ജസ്റ്റിസ് രാമൻനായരുടെ ബഞ്ചിൽ കേസ് വളരെക്കാലം നട ക്കുകയും ചെയ്തു. കോടതി ഉത്ത രവുപ്രകാരം എൻ. കൃഷ്ണയ്യർ മാനേജരാകുകയും ശ്രീരാമകൃ ഷ്ണാശ്രമത്തിന് കോളേജ് നടത്തി പ്പിൽ താൽപര്യമില്ലാത്തതിനാൽ കോളേജിന്റെ ദൈനംദിന നടത്തിപ്പ് ഒരു വലിയ പ്രതിസന്ധിയിലാകു കയും ചെയ്തു. തുടർന്ന് ശ്രീശ ങ്കരാ കോളേജ് ഏറ്റെടുത്ത് നടത്തു ന്നതിനായി മന്നത്തു പത്മനാഭ നുൾപ്പടെയുള്ള സമുദായനേതാക്ക ന്മാരോട് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ വലിയ സാമ്പ ത്തിക ബാധ്യത ഉള്ളതിനാൽ അവ രാരും കോളേജ് ഏറ്റെടുക്കുവാൻ തയ്യാറായില്ല. തുടർന്ന് ശൃംഗേരി ശ്രീശങ്കരമഠം ഈ കോളേജ് ഏറ്റെ ടുക്കുകയും ശ്രീ എൻ.കൃഷ്ണയ്യരെ കോളേജ് മാനേജരായി തുടരാൻ അനുവദിക്കുകയും ചെയ്തു.

പ്രഗത്ഭരായ അദ്ധ്യാപകരുടെ സേവനം കോളേജിൽ ലഭ്യമാ ക്കാൻ ആഗമാനന്ദസ്വാമികൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി ചിറ്റൂർ ഗവ: കോളേജിൽ നിന്നും പ്രൊഫ: കെ. വി. കൃഷ്ണയ്യരെ ഇവിടെ നിയമി ച്ചിരുന്നു. അദ്ദേഹമായിരുന്നു ശ്രീശ ങ്കരാ കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പൽ. വളരെയധികം പ്രഗ ത്ഭമതികളായ അദ്ധ്യാപകർ ഈ കോളേജിന്റെ പ്രിൻസിപ്പൽ പദം അലങ്കരിച്ചു. ഇന്ന് കാണുന്ന കോളേജിനെ ഹരിതാഭമാക്കിയ പ്രൊഫ: സേതുരാമനെ പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. വൈകിട്ട് ക്ലാസ് കഴിയുമ്പോൾ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന് ഈ കാമ്പസിൽ മരം നട്ടു പിടിപ്പിച്ചിരുന്നു. അന്ന് ഫിസിക്സ് പഠിപ്പിച്ചിരുന്ന പ്രൊഫ: ഇ.വി. രാമൻ മേനോൻ മഹാരാജാസ് കോളേജിൽ നിന്നും റിട്ടയർ ചെയ്തതായിരുന്നു. മദ്രാസ് പ്രസി ഡൻസി കോളേജിൽ നിന്നും വിര മിച്ച പ്രൊഫ: ശ്രീനിവാസ രാഘവ നായിരുന്നു കണക്ക് പഠിപ്പിച്ചിരുന്ന ത്. അന്ന ഹിന്ദി വിഭാഗം മേധാവിയായിരുന്നത് പ്രൊഫ: സി.കെ ശിവരാമപിള്ള ആയിരുന്നു. ഇൻഡ്യയിലെ തന്നെ പ്രഗത്ഭരായ അദ്ധ്യാപകരുടെ ഒരു നിരതന്നെ ശ്രീശങ്കരാകോളേജിന്റെ അഭിമാന മായിരുന്നു. മലയാള വിഭാഗത്തിൽ പ്രൊഫ: കൃഷ്ണകുമാർ, ഡോ: എസ്.കെ. വസന്തൻ, വദാസൻ എന്നിവരും സാമ്പത്തികശാസ്ത്ര വിഭാഗത്തിൽ പ്രൊഫ: എൻ. കേശ വൻ നമ്പൂതിരി, വാണിജ്യശാസ്ത്ര വിഭാഗത്തിൽ പ്രൊഫ: അനന്ത കേശ മാരാർ തുടങ്ങിയവർ

സേവനം അനുഷ്ഠിച്ചിരുന്നു. അന്ന് അദ്ധ്യാപകരുടെ പരമാവധി ശമ്പളം 75 രൂപയായിരുന്നു. ഇത് കൃത്യമായി ലഭിച്ചിരുന്നില്ല. ശമ്പളം ആവശ്യപ്പെട്ടാൽ മാർച്ച് 31ന് പിരിച്ചുവിടുകയും, പിന്നീട് ജൂണിൽ ക്ലാസുകൾ ആരംഭിക്കുമ്പോൾ മാനേജ്മെന്റിന് ഇഷ്ടമുള്ളവരെ നിയമിക്കുകയും ചെയ്തിരുന്നു. ശമ്പളം കൃത്യമായി ല ിക്കാത്തതിനാൽ കുറച്ച് അദ്ധ്യാപകർ സ്കൂളുകളിൽ ജോലിക്കുപോയതായും കേട്ടിട്ടുണ്ട്. ആദ്യ ബാച്ചിലെ വിദ്യാർത്ഥികൾ പലരും അദ്ധ്യാപകരെക്കാൾ പ്രായമുള്ളവരും, പലരും വിവാഹിതരുമായിരുന്നു. ആദ്യ ബാച്ചുകളിൽ പഠിച്ച പല വിദ്യാർത്ഥികളും ഇവിടെ പിന്നീട് അദ്ധ്യാപകരായി വന്നിട്ടുണ്ട്. വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിൽ നല്ല സ്നേഹബന്ധങ്ങൾ ഉണ്ടായിരുന്നു.

1957-ൽ ആണ് ശ്രീശങ്കരാകോളജിൽ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നത്. അതേ വർഷം തന്നെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഉള്ള ഹോസ്റ്റലും ആരംഭിച്ചു. എന്നാൽ കോമേഴ്സ് ഡിഗ്രി ക്ലാസുകൾ ആരംഭിക്കുന്നതിനായി ആൺകുട്ടികളുടെ ഹോസ്റ്റൽ നിർത്തലാക്കുകയും അവിടെ ക്ലാസുകൾ ആരംഭിക്കുകുയും, ഇത് പിന്നീട് വിദ്യാർത്ഥിസമരങ്ങൾക്ക് കാരണമാകുകയും ചെയ്തു. സമരത്തെ തുടർന്ന് കോളേജിൽ 1957-ൽ ഒരു കാന്റീൻ ആരംഭിച്ചു വിദ്യാർത്ഥികൾക്ക് സസ്യ ക്ഷണം നൽകിത്തുടങ്ങി. ഇവിടെ സസ്യേതര ഭക്ഷണം വേണമെന്നാവശ്യപ്പെട്ട് മുട്ടസമരം എന്നറിയപ്പെടുന്ന വിദ്യാർത്ഥി സമരം അരങ്ങേറി. ഇല്ലായ്മകളും വല്ലായ്മകളും എപ്പോഴും വിദ്യാർത്ഥി സമരങ്ങൾക്ക് ആക്കം കൂട്ടിയിരുന്നു. കോളേജിലെ മോശപ്പെട്ട ഭൗതിക സാഹചര്യങ്ങൾ വിദ്യാർത്ഥി പ്രക്ഷോ ത്തിന് എരിതീ പകർന്നു. പ്രത്യേകിച്ച് 1968 മുതൽ 1985 വരെയുള്ള കാലഘട്ടത്തിൽ കോളേജിലെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ ഉള്ള സാഹചര്യങ്ങൾ നിലനിർത്തുന്നതിനോ അന്നത്തെ മാനേജരായിരുന്ന മങ്കൊമ്പ് എൻ. കൃഷ്ണയ്യർ ശ്രദ്ധിച്ചിരുന്നില്ല. കോളേജിലെ അദ്ധ്യാപക നിയമനത്തിന് പണം വാങ്ങുമായിരുന്നു. മെറിറ്റിന് വലിയ വിലയൊന്നും നൽകിയിരുന്നില്ല. കേരളത്തിൽ നിന്നും ആദ്യമായി ജ്ഞാനപീഠം പുരസ്കാരം ല ിച്ച പ്രശസ്തനായ കവി ജി. ശങ്കരക്കുറുപ്പ് ആദ്യകാലങ്ങളിൽ ഇവിടെ അദ്ധ്യാപകനായി അപേക്ഷ നൽകിയിരുന്നു. എന്നാൽ മറ്റുചില പരിഗണനകൾ വച്ചുകൊണ്ട് അദ്ദേഹത്തിന് നിയമനം നൽകിയില്ല.



**ഇൻഡ്യയുടെ ആദ്യത്തെ രാഷ്ട്രപതി ഡോ: രാജേന്ദ്രപ്രസാദ് 1959 – ൽ ശ്രീശങ്കരാ കോളേജ് സന്ദർശിച്ചു. കാലടിയിൽ എത്തുന്നതിന് പെരിയാറ്റിനു കുറുകെയുള്ള കടത്തുവഞ്ചിയിൽ മറുകരയിൽ എത്തിയപ്പോൾ സ്വാമി ആഗമാനന്ദന്റെ അഭ്യർത്ഥന മാനിച്ച് ഒരു പാലം പണിയുന്നതിന് ഉത്തരവിടുകയുണ്ടായി. അതാണ് ഇന്നുകാണുന്ന ശ്രീശങ്കരാ പാലം.**

### രാഷ്ട്രപതിമാർ ശ്രീശങ്കരയിൽ

ഇൻഡ്യയുടെ ആദ്യത്തെ രാഷ്ട്രപതി ഡോ: രാജേന്ദ്രപ്രസാദ് 1959-ൽ ശ്രീശങ്കരാ കോളേജ് സന്ദർശിച്ചു. കാലടിയിൽ എത്തുന്നതിന് പെരിയാറ്റിനു കുറുകെയുള്ള കടത്തുവഞ്ചിയിൽ മറുകരയിൽ എത്തിയപ്പോൾ സ്വാമി ആഗമാനന്ദന്റെ അഭ്യർത്ഥന മാനിച്ച് ഒരു പാലം പണിയുന്നതിന് ഉത്തരവിടുകയുണ്ടായി. അതാണ് ഇന്നുകാണുന്ന ശ്രീശങ്കരാ പാലം.

പിന്നീട് 2004-ൽ അന്നത്തെ രാഷ്ട്രപതി ഡോ: എ.പി.ജെ. അബ്ദുൽ കലാം കോളേജിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുന്നതിനായി എത്തിയിരുന്നു.

### വിദ്യാർത്ഥിപ്രസ്ഥാനങ്ങളും പൂർവ്വ വിദ്യാർത്ഥികളും

ഈ കോളേജിലെ പ്രത്യേക സാഹചര്യങ്ങളിൽ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ തഴച്ചുവളർന്നു. എസ്.എഫ്.ഐ, കെ.എസ്.യു., എ.ബി.വി.പി., എ.ഐ.എസ്.എഫ്., എന്നീ വിദ്യാർത്ഥി സംഘടനകൾ ശക്തമാണ്. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ വളരെ വാശിയോടുകൂടി നടക്കുന്നു. കാലമെത്ര കഴിഞ്ഞിട്ടും സർവ്വകലാശാല നിയമങ്ങൾക്കനുസൃതമായി കലാലയ യൂണിയനുകൾ ജനാധിപത്യപരമായി സംഘടിപ്പിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാകുകയും ചെയ്യുന്നു. ഇവിടുത്തെ വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന ഒത്തിരിയധികം രാഷ്ട്രീയനേതാക്കളെ സംഭാവന ചെയ്തിട്ടുണ്ട്. സുപ്രീംകോടതി ജഡ്ജായ ജസ്റ്റിസ് കുര്യൻ ജോസഫ് ഈ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയും കോളേജ് യൂണിയൻ ഭാരവാഹിയുമായിരുന്നു. മന്ത്രി കെ. ബാബു, എം.എൽ.എ. മാരായ സാജു പോൾ, ബെന്നി ബഹനാൻ, മുൻമന്ത്രിയും എം.എൽ.എ.യുമായ ജോസ് തെറ്റയിൽ, മുൻ എം.എൽ.എ. പി.ജെ. ജോയ്, ശ്രീ. ടി.യു. ശശി എന്നിവർ ശ്രീശങ്കരാ കോളേജിലെ വിദ്യാർത്ഥി നേതാക്കളായിരുന്നു. സിനിമാതാരങ്ങളായ ജയറാം, ആശാ ശരത്, ന്യൂസ് റീഡറായ ബാലകൃഷ്ണൻ, അഡീഷണൽ അഡ്വക്കേറ്റ് ജനറലായിരുന്ന വി.കെ. ബീരാൻ, കായികപ്രതിഭയായിരുന്ന എൽദോസ്, നൗഷാദ്, പ്രശസ്ത കാർഡിയോളജിസ്റ്റായിരുന്ന ഡോ: ബഷി, അഭിനേതാവായിരുന്ന എൻ.എഫ്. വർഗീ

സ്, തുടങ്ങിയ നിരവധി പ്രതിഭാശാലികളെ പൊതുസമൂഹത്തിന് സംഭാവന ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഒട്ടനവധി പേരുകൾ ഇനിയും സൂചിപ്പിക്കാനുണ്ടെങ്കിലും വിസ്തര യത്താൽ അതിനു മുതിരുന്നില്ല.

**വിനോഭബാവെ ശ്രീശങ്കരയിൽ**

1957-ൽ ഭൂദാന പ്രസ്ഥാനത്തിന്റെ ഒരു സമ്മേളനം ഈ കോളേജിൽ വച്ച് നടന്നു. ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ സോഷ്യലിസ്റ്റ് നേതാവ് ജയപ്രകാശ് നാരായണൻ, വിനോഭബാവെ, കേരളഗാന്ധി എന്നറിയപ്പെടുന്ന കേളപ്പൻ, എ.കെ.ജി., തുടങ്ങിയവരും ശ്രീശങ്കരാ കോളേജിൽ എത്തിയിരുന്നു.

**അഖിലേന്ത്യാ കിസാൻസ സമ്മേളനം - എ.കെ.ജി. ശ്രീശങ്കരയിൽ**

1959-ൽ അഖിലേന്ത്യാ കിസാൻസഭയുടെ സമ്മേളനം കാലടി ശ്രീശങ്കരാ കോളേജിൽ വച്ച് നടന്നു. അന്ന് കമ്മ്യൂണസ്റ്റ് പാർട്ടിയുടെ സമുന്നത നേതാക്കൻമാരെല്ലാവരും ഈ കോളേജിലെ ഹോസ്റ്റലിൽ ആയിരുന്നു താമസം. പാവങ്ങളുടെ പടനായകൻ സ: എ.കെ. ഗോപാലൻ മുഴുവൻ സമയവും ഇവിടെ താമസിച്ചിരുന്നു. സഖാക്കളായ ഇ.എം.എസ്., ടി.കെ. രാമകൃഷ്ണൻ, കെ.ആർ. ഗൗരിയമ്മ, പി. ഗോവിന്ദപ്പിള്ള എന്നിവരെല്ലാം തന്നെ ആഗമാനന്ദ സ്വാമിയുമായി നല്ല സുഹൃദ്ബന്ധം ഉള്ളവരും ഈ കോളേജിൽ പല വട്ടം വന്നുപോയവരുമാണ്.

**എ.കെ.പി.സി.റ്റി.എ.യും സമരങ്ങളും**

കാലടി ശ്രീശങ്കരാ കോളേജിലെ മാനേജ്മെന്റിന്റെ നിലപാടുകൾ പലപ്പോഴും അദ്ധ്യാപക വിരുദ്ധമായിരുന്നു. ആഗമാനന്ദസ്വാമിയുടെ മഹാസമാധിക്കു ശേഷം (1961) കോളേജിന്റെ മരണം പൂർണ്ണമായും മങ്കൊമ്പ് എൻ. കൃഷ്ണയ്യരുടെ കൈകളിലായിരുന്നു. ശമ്പളം നൽകാതിരിക്കുക, കുറഞ്ഞ വേതനം നൽകുക, ശമ്പളം നൽകുന്നതിന് നിശ്ചിതസമയം പാലിക്കാതിരിക്കുക, ജോലി സുരക്ഷയില്ലായ്മ, ഏതു നിമിഷവും പിരിച്ചുവിടൽ ഭീഷണി, സ്ത്രീകളായ അദ്ധ്യാപകർക്ക് പ്രസ



വാവധി ഉൾപ്പടെ നിഷേധിക്കുക, വിവാഹശേഷം ജോലിയിൽ നിന്ന് പിരിച്ചുവിടുക, തുടങ്ങിയ ഒത്തിരിയധികം പീഢനപർവ്വം അരങ്ങേറിയിട്ടുള്ള കലാലയമാണ് ശ്രീശങ്കരാ കോളേജ്. ഈ കോളേജിൽ എ.കെ.പി.സി.റ്റി.എ. എന്ന അദ്ധ്യാപകപ്രസ്ഥാനം രൂപം കൊള്ളുന്നതിന് മുമ്പുതന്നെ *തിരുവിതാംകൂർ കോളേജ് ടീച്ചേഴ്സ് അസോസ്സിയേഷന്റെ* നേതൃത്വത്തിൽ ഒത്തിരിയധികം സമരങ്ങൾ നടന്നിട്ടുണ്ട്. ശ്രീശങ്കരാ കോളേജിലെ അദ്ധ്യാപകരുടെ സമരങ്ങൾ കോട്ടയം തിരുനക്കരയ്ക്ക് സമീപം ഉള്ള മങ്കൊമ്പ് എൻ.കൃഷ്ണയ്യരുടെ വീട്ടുപടിക്കൽ വരെ വ്യാപിച്ചിട്ടുണ്ട്. 1964-65 കാലഘട്ടങ്ങളിൽ ശ്രീമദ് സച്ചിദാനന്ദ സരസ്വതി എന്ന ഒരു സന്യാസി മാനേജരായി പ്രവർത്തിച്ചു. വിദ്യാർത്ഥികളും അദ്ധ്യാപകരുമായി നല്ല ബന്ധം സ്ഥാപിച്ചിരുന്ന



സച്ചിദാനന്ദ സരസ്വതിയുടെ കാലം ഒരുപരിധി വരെ സമരരഹിതമായിരുന്നു. 1968 മാർച്ച് 3ന് ഇംഗ്ലീഷ് വിഭാഗം ഉൾപ്പടെ 4 അദ്ധ്യാകരെ പിരിച്ചുവിട്ടു. ഇവരെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ട് ശ്രീശങ്കരാ കോളേജിൽ എ.കെ.പി.സി.റ്റി.എ. ശക്തമായ സമരം ആരംഭിച്ചു. ഇതിനോടനുഭാവം പ്രകടിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളും സമരസജ്ജരായി. സമരത്തെ നേരിടുവാൻ മാനേജ്മെന്റ് കോളേജിനു പുറത്തുള്ള കവലച്ചട്ടമ്പികളുടെ സഹായം തേടി. സമരാനുകൂലികൾക്ക് മുൻ സ്പീക്കറായിരുന്ന സ: എ.പി. കുര്യനുൾപ്പടെയുള്ള രാഷ്ട്രീയ-സാമൂഹ്യ മേഖലകളിലുള്ളവരുടെ പൂർണ്ണ പിന്തുണ ല ിച്ചു. ഈ സമരവുമായി ബന്ധപ്പെട്ട് കോളേജിന് പുറത്തുനിന്നും വന്നവർ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും മർദ്ദിച്ചവശരാക്കുകയും അന്ന് സി.പി.ഐ.(എം)-ന്റെ സമുന്നത് നേതാവും, പിന്നീട് നിയമസഭാ സ്പീക്കറുമായിരുന്ന സ: എ.പി. കുര്യനുൾപ്പടെയുള്ളവർക്ക് സംഘട്ടനത്തിൽ ഗുരുതരമായ പരിക്കുകൾ ഉണ്ടായി. സംഘട്ടനത്തിനിടയിൽ ഇംഗ്ലീഷ് വിഭാഗത്തിലെ അദ്ധ്യാപകനായിരുന്ന പ്രൊഫ: കൃഷ്ണൻ നായർ ഹൃദയാഘാതത്തെ തുടർന്ന് മരിച്ചു. നാലു മാസത്തോളം നീണ്ടുനിന്ന സമരത്തിനൊടുവിൽ എ.കെ.പി.സി.റ്റി.എ. നടത്തിയ ചരിത്ര സമരം വിജയിക്കുകയും പിരിച്ചുവിടപ്പെട്ട അദ്ധ്യാപകരെ തിരിച്ചെടുക്കുകയും ചെയ്തു.

എ.കെ.പി.സി.റ്റി.എ. യുടെ ശക്തമായ സാന്നിദ്ധ്യം എല്ലാ കാലഘട്ടത്തിലുമുള്ള കോളേജായിരുന്നു ശ്രീശങ്കരാ കോളേജ്. 1970-കളിൽ ഡയറക്ട് പെയ്മെന്റ് സമരം നടക്കുമ്പോൾ സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് പ്രൊഫ: കെ.എം. ചാണ്ടിയും സംസ്ഥാന ജനറൽ സെക്രട്ടറി കാലടി ശ്രീശങ്കരാ കോളേജിലെ പ്രൊഫ: സി.കെ ശിവരാമപിള്ളയും ആയിരുന്നു. കൂടാതെ 1975 ജൂൺ 25ന് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച സമയങ്ങളിൽ സംഘടനാപ്രവർത്തനം വളരെ ദുഷ്കരമായിരുന്നു. അന്ന് സംഘടനയുടെ സംസ്ഥാന ട്രഷററായി പ്രവർത്തിച്ചത് കാലടി ശ്രീശങ്കരാ കോളേജിലെ പ്രൊഫ: എൻ. കേശവൻ

നമ്പൂതിരിയായിരുന്നു. എ.കെ.പി.സി.റ്റി.എ. യും പുരോഗമന പ്രസ്ഥാനങ്ങളും ഒരുമിച്ചു നിന്ന് ഈ കോളേജിൽ ഒത്തിരിയധികം സമരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

### മാത്യു സമരം

1969-ൽ കൊമേഴ്സ് വിഭാഗത്തിൽ നിയമിതനായ കെ.പി. മാത്യു എന്ന അദ്ധ്യാപകനെ പ്രൊബേഷൻ പീരിയഡ് കഴിയുന്നതിനു മുൻപേ പിരിച്ചുവിട്ടു. അതിനെതിരെ എ.കെ.പി.സി.റ്റി.എ.യുടെ നേതൃത്വത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും പൊതുജനങ്ങളും ഒറ്റക്കെട്ടായി സമരം ചെയ്തു. ശക്തമായ സമരത്തിനു മുന്നിൽ മാനേജ്മെന്റ് മുട്ടുമടക്കി ഈ അദ്ധ്യാപകനെ തിരിച്ചെടുത്തു.

### പ്രസവാവധിക്ക് അപേക്ഷിച്ചപ്പോൾ പിരിച്ചുവിട്ടു.

കാലടി ശ്രീശങ്കരാ കോളേജിലെ ഹിന്ദി വിഭാഗം അദ്ധ്യാപികയായിരുന്ന ശ്യാമള ടീച്ചർ വിവാഹശേഷം പ്രസവാവധിക്ക് അപേക്ഷിച്ചപ്പോൾ, *Unexpected pregnancy, no leave granted and terminated from service* എന്ന ഉത്തരവോടുകൂടി അന്നത്തെ മാനേജരായിരുന്ന ശ്രീ. എൻ. കൃഷ്ണയ്യർ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടു. ശ്യാമള ടീച്ചറിന് നിയമാനുസൃതം ലഭിക്കേണ്ട പ്രസവാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് എ.കെ.പി.സി.റ്റി.എ. സമരം ചെയ്യുകയും, അതിനെത്തുടർന്ന് പ്രസവാവധി അനുവദിച്ചു കൊണ്ട് ശ്യാമള ടീച്ചറെ സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തു.

### *യാരുതാൻ പർമനന്റ് ഇന്ത ഉലകില് ?*

1968-ൽ ശ്രീശങ്കരാ കോളേജിൽ സാമ്പത്തികശാസ്ത്ര അദ്ധ്യാപകനായി നിയമിക്കപ്പെട്ട കെ.പി. നടരാജപിള്ള, മാനേജരായിരുന്ന എൻ. കൃഷ്ണയ്യരോട് ഒരു ചോദ്യം ചോദിച്ചത് വളരെ താത്വികമായ ഒരു മറുചോദ്യം കൊണ്ട് നേരിട്ടത് വളരെ കൗതുകകരമാണ്. സ്വാമി ഞാൻ പർമനന്റാണോ? എന്ന ചോദ്യത്തിന് തമിഴ് ഭാഷാപണ്ഡിതനായ കൃഷ്ണയ്യർ നൽകിയ മറുപടി : യാരുതാൻ പർമനന്റ്? നാൻ പർമനന്റാ? നീ പർമനന്റാ?, ഇന്ത ഉലകത്തിലാരുമേ പർമനന്റല്ലെ. Go ahead". പിന്നെ നടരാജപിള്ള സർ അവിടെ നിന്നില്ല.

### സഹകരണ നിരാഹാര സമരം

1963-64 കാലഘട്ടത്തിൽ 15 അദ്ധ്യാപകരെ കൂട്ടമായി പിരിച്ചുവിട്ടു. ഇതിനെത്തുടർന്ന് സഹകരണ നിരാഹാരം എന്ന - ക്ലാസെടുത്തു സഹകരിക്കുകയും നിരാഹാര സമരം നടത്തുകയും ചെയ്യുന്ന - ഒരു പുതിയ സമരമുറ ആവിഷ്കരിച്ചു. ഈ സമരത്തിൽ വളരെ സജീവമായിരുന്ന പ്രൊഫ: കേശവ പിഷാരടി പിന്നീട് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ അദ്ധ്യാപകനായി.

1968-69 കാലഘട്ടത്തിൽ ജൂനിയർ ലക്ചററായ ഏതാനും ചിലർക്കു മാത്രം ലക്ചററായി പ്രൊമോഷൻ നൽകുകയും മറ്റ് അദ്ധ്യാപകർക്ക് പ്രൊമോഷൻ നിഷേധിക്കുകയും ചെയ്തതിനെതിരെ സമരം നടന്നു. സമരം തുടരുകയും, കോളേജ് മാനേജർ അഡ്വ: എൻ. കൃഷ്ണയ്യരുടെ കോട്ടയത്തെ വസതിക്കു മുൻപിൽ കോളേജ് ഗവൺമെന്റിനു വിടുക എന്ന മുദ്രാവാക്യവുമായി ശക്തമായ സമരം തുടർന്നു. ഇതോടൊപ്പം എ.കെ.പി.സി.റ്റി.എ. ഡയറക്ട് പേയ്മെന്റിനുള്ള സമരം തുടരുകയും ചെയ്തു.

### കുമാരമേനോൻ സമരം

1984-ൽ പ്രൊഫ: കുമാരമേനോനെ പിരിച്ചുവിട്ടതിനെതിരെ അദ്ധ്യാപകരും വിദ്യാർത്ഥികളും പൊതുജനങ്ങളും കൂടി എ.കെ.പി.സി.റ്റി.എ. യുടെ നേതൃത്വത്തിൽ കോളേജ് പടിക്കൽ 67 ദിവസം നീണ്ടുനിന്ന ഉജ്ജ്വലസമരം നടത്തി. അന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായിരുന്ന ടി.എം. ജേക്കബ് മുൻകൈയ്യെടുത്ത് നടന്ന ചർച്ചയ്ക്ക് ഒടുവിൽ പ്രൊഫ: കുമാരമേനോനെ സർവ്വീസിൽ തിരിച്ചെടുത്തു. ഒരു സൂപ്പർന്യൂമററി പോസ്റ്റ് അനുവദിച്ച സർവ്വീസിൽ നിന്ന് പുറത്തുപോയ ഗിരിജ എന്ന അദ്ധ്യാപികയെ സംരക്ഷിക്കുകയും ചെയ്തു.

### മൈക്രോബയോളജി സമരം

1998-ൽ ആരംഭിച്ച മൈക്രോബയോളജി എം.എസ്.സി. കോഴ്സിന്റെ നിയമാനുസൃതമായി ലഭിക്കേണ്ട 80 ശതമാനം സീറ്റും മെറിറ്റിനും സംവരണത്തിനുമായി നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് എസ്.എഫ്.ഐ. യും എ.കെ.പി.സി.റ്റി.എ. യും സംയുക്തമായി സമരം ആരംഭിച്ചു. ഈ സമരത്തോടനുബന്ധിച്ച് കോളേജിൽ പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മർദ്ദനങ്ങൾ ഏൽക്കേണ്ടതായും വന്നിട്ടുണ്ട്. മുൻ എം.പി. പി. രാജീവ് ഉൾപ്പടെയുള്ള അന്നത്തെ വിദ്യാർത്ഥി സംഘടനാ നേതാക്കൾ ഈ സമരത്തിന് നേതൃത്വം നൽകി. അദ്ധ്യാപകരായ പ്രൊഫ: വെങ്കിട്ടരമണൻ, പ്രൊഫ: ശിവശങ്കരൻ, ഡോ: കെ. കൃഷ്ണദാസ് തുടങ്ങിയവർക്ക് കാരണം കാണിക്കൽ നോട്ടീസ് ഉൾപ്പടെ നൽകി. മുൻ നിയമസഭാ സ്പീക്കറായിരുന്ന സ: എ.പി. കുര്യന്റെ മധ്യസ്ഥതയിൽ നടന്ന ചർച്ച വിജയിക്കുകയും മെറിറ്റ് അടിസ്ഥാനത്തിൽ 60 ശതമാനം സീറ്റിലും സംവരണത്തിലൂടെ 20 ശതമാനം സീറ്റിലും അഡ്മിഷൻ നടത്തുവാൻ മാനേജ്മെന്റ് തയ്യാറായി.

1985നു ശേഷം മാനേജരായി വന്ന ആലപ്പുഴ അഡ്വ: എൻ. നാരായണസ്വാമി കോളേജിനു ലഭിക്കുന്ന വരുമാനം ഇവിടെത്തന്നെ ചെലവാക്കുവാൻ തുടങ്ങി. പിന്നീടു വന്ന ശ്രീകൃഷ്ണമൂർത്തിയും ഇതേ പാത പിന്തുടർന്നു. കോളേജിനു ചുറ്റുമതിൽ കെട്ടുകയും നീന്തൽക്കുളം നിർമ്മിക്കുകയും, കോളേജിനോടു ചേർന്ന് ഒരു ഹയർ സെക്കന്ററി സ്കൂൾ - ശ്രീ ശാരദാ വിദ്യാലയം - തുടങ്ങുകയും ചെയ്തു. പിന്നീട് മാനേജരായി വന്ന അഡ്വ: ഡോ. ബി.എസ്. കൃഷ്ണന്റെ കാലഘട്ടത്തിൽ ബി.എഡ്. കോളേജ്, എൻജിനീയറിംഗ് കോളേജ്, ആയുർവ്വേദ കോളേജ്, തുടങ്ങി ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും, ഹോസ്റ്റലുകളും കാന്റീനുകളും കോളേജ് ഗ്രൗണ്ടും എല്ലാം നല്ലരീതിയിൽ സജ്ജമാക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ കോളേജിന് നാക് അക്രഡിറ്റേഷൻ ലഭിക്കുകയും മൈക്രോബയോളജിയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ആദ്യത്തെ എയിഡഡ് പി.ജി. കോഴ്സ് ആരംഭിക്കുകയും ചെയ്തു. ഇപ്പോഴത്തെ മാനേജർ അഡ്വ: ആനന്ദ് ആണ്. ഇപ്പോൾ 14 ബിരുദ കോഴ്സുകളും 9 ബിരുദാനന്തര ബിരുദ കോഴ്സുകളും 4 റിസർച്ച് സെന്ററുകളും ഉൾപ്പടെ പ്രവർത്തിക്കുന്നു.

# അവധിയുമായി ബന്ധപ്പെട്ട പൊതുവ്യവസ്ഥകൾ



**ഡോ.കെ.പി.വിനോദ്**
*കൺവീനർ, സർവ്വീസ് സെൽ*

**ജീ**വനക്കാർക്ക് അവധി അവകാശം ഉണ്ടെങ്കിലും അർഹതയുടെ പേരിൽ അവധിക്കു വേണ്ടി അവകാശം ഉന്നയിക്കാവുന്നതല്ല. പൊതു താത്പര്യം മുൻനിർത്തി ഏതു തരത്തിലുള്ള അവധിയും നിരാകരിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം അവധി അനുവദിക്കൽ അധികാരം ഉള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. ജീവനക്കാർ അപേക്ഷിച്ച അവധിയുടെ തരം വ്യത്യാസപ്പെടുത്താൻ അവധി അനുവദിക്കാത്ത അധികാരിക്ക് അനുവാദമില്ല. അതിനുള്ള അധികാരം അപേക്ഷകനു മാത്രം നിക്ഷിപ്തമായിട്ടുള്ളതാണ്. സാധാരണ ഗതിയിൽ അവധി ആരംഭിക്കുന്നത് അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരൻ തന്റെ ഔദ്യോഗിക ചുമതല മററാരാൾക്ക് കൈമാറുന്ന ദിവസം മുതലാണ്. വീണ്ടും ചുമതല ഏററെടുക്കു ന്നതിന്റെ തലേ ദിവസം അവധി അവസാനിക്കുകയും ചെയ്യും. അവധി തുടങ്ങുന്നതിനു തൊട്ടു മുമ്പുള്ള ദിവസം പൊതുഅവധി ദിനം അല്ലെങ്കിൽ തുടർച്ചയായി ഒഴിവു ദിനങ്ങളുടെ ഭാഗം ആയിവരികയാണെങ്കിൽ അങ്ങനെയുള്ള പൊതു ഒഴിവു ദിവസത്തിന്റെയോ ദിവസങ്ങളുടേയോ തൊട്ടു മുമ്പുള്ള പ്രവൃത്തി ദിവസം വൈകുന്നേരം ചുമതല കൈമാറി അവധിയിൽ പ്രവേശിക്കാവുന്നതാണ്. അതു പോലെ അവധി തുടങ്ങുന്നതിന് തൊട്ടടുത്ത ദിവസം ഒരു പൊതു ഒഴിവുദിനം അല്ലെങ്കിൽ തുടർച്ചയായി ഒഴിവു ദിവസങ്ങളുടെ ഭാഗം ആയി വരികയാണെങ്കിൽ അങ്ങനെയുള്ള ഒഴിവു ദിവസങ്ങൾ കഴിഞ്ഞിട്ടുള്ള ആദ്യ ദിവസം ജോലിക്ക് ഹാജരായാൽ മതി. അതായത് അവധിക്ക് മുമ്പും അവധിക്കു കഴിഞ്ഞുമുള്ള പൊതു ഒഴിവുദിനങ്ങൾ അവധിയുടെ ഭാഗമായി കണക്കാക്കുകയില്ല.

മെഡിക്കൽ സർട്ടിഫിക്കററിന്റെ ബലത്തിൽ എടുക്കുന്ന അവധിയെ സംബന്ധിച്ച് അതും വ്യത്യസ്തമായ ചട്ടമാണ് അവധി എടുക്കാൻ ഉദ്ദേശിക്കുന്ന തീയതിക്ക് തൊട്ടു മുമ്പായി പൊതു അവധി ദിവസമോ ദിവസങ്ങളോ ഉണ്ടായിരിക്കുകയും അങ്ങനെയുള്ള പൊതു ഒഴിവുദിവസങ്ങൾ കൂടി ഉൾപ്പെടുത്തി മെഡിക്കൽ സർട്ടിഫിക്കററ് ഹാജരാക്കുകയും ചെയ്താൽ പോലും അവധി എടുക്കാൻ ഉദ്ദേശിക്കുന്ന തീയതിക്ക് മുമ്പുള്ള പൊതു ഒഴിവു ദിവസങ്ങൾ അവധിയുടെ ഭാഗമായി കണക്കാക്കുകയില്ല. എന്നാൽ അവധിക്കാലത്തെ തുടർന്ന് പൊതു ഒഴിവു ദിവസമോ ദിവസങ്ങളോ വരികയും മെഡിക്കൽ

സർട്ടിഫിക്കററിൽ അങ്ങനെയുള്ള ഒഴിവു ദിവസങ്ങൾ ഉൾപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ആ ഒഴിവു ദിവസം അല്ലെങ്കിൽ ദിവസങ്ങൾ കൂടി അവധിയായി തന്നെ കണക്കാക്കും. മെഡിക്കൽ സർട്ടിഫിക്കററിന്റെ ബലത്തിൽ എടുത്ത അവധിക്കുശേഷം ജോലിയിൽ പ്രവേശിക്കാൻ ഒരു ജീവനക്കാരൻ യോഗ്യനാണെന്ന് സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ ഫിററ്നസ് സർട്ടിഫിക്കററ് ഹാജരാക്കുമ്പോൾ, എന്ന് മുതൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ യോഗ്യനാണെന്ന് സാക്ഷ്യപ്പെടുത്തുന്നുവോ ആ ദിവസം ഉൾപ്പെടെ അവധിക്കു ശേഷം വരുന്ന ഒഴിവു ദിവസം അഥവാ ദിവസങ്ങൾ അവധിയോട് കൂടി ചേർത്തെടുക്കാൻ അനുവദിക്കും. അങ്ങനെയുള്ള ഒഴിവു ദിവസങ്ങൾ അവധിയുടെ ഭാഗമായി വരുന്നില്ല.

എന്നാൽ സർട്ടിഫിക്കററ് പ്രകാരം അങ്ങനെ സാക്ഷ്യപ്പെടുന്ന തീയതിക്ക് തൊട്ടുമുമ്പായി വരുന്ന ഒഴിവുദിവസങ്ങളെ അവധിയായി തന്നെ പരിഗണിക്കും. അവധിയിൽ ഇരിക്കുന്ന ജീവനക്കാരൻ മേലുദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ മറ്റെന്തങ്കിലും സേവനത്തിൽ ഏർപ്പെടാനോ ഏതെങ്കിലും ജോലി സ്വീകരിക്കാനോ പാടുള്ളതല്ല. എന്നാൽ എക്സാമിനേഷൻ ജോലികൾക്കോ മററു സാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്നതിനോ ഈ ചട്ടം ബാധകമല്ല.

ബന്ധപ്പെട്ട അധികാരിയുടെ അനുമതിയോടെ പ്രയോജനപ്പെടുത്തുന്ന നിയന്ത്രിത അവധി ദിവസവും പൊതു ഒഴിവുദിനമായി പരിഗണിക്കും.

13-6-66 ലെ G.O(P) 455/66 പഠനത്തിനു വേണ്ടിയുള്ള അവധി. (സ്റ്റഡി ലീവ്) ഒരേ സമയം നാല് മാസത്തിൽ അധികം വരുന്ന ശമ്പളമില്ലാത്ത അവധി എന്നിവ ഒഴികെയുള്ള അവധികൾ അനുവദിക്കാനുള്ള അധികാരികളെ നിശ്ചയിച്ചുകൊണ്ട് സർക്കാരിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. 4-7-70 ലെ G.O(P) 481/70 സ്വകാര്യ കോളജ് അദ്ധ്യാപകരുടെ കാര്യത്തിൽ ഈ അധികാരം ഒരേ സമയം 4 മാസത്തിൽ കൂടുതൽ വരുന്ന ശമ്പളമില്ലാത്ത അവധി അനുവദിക്കാനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. (19-11-66 മുതൽ പ്രാബല്യം) മെഡിക്കൽ സർട്ടിഫിക്കററിന്റെ ബലത്തിൽ അനുവദിക്കപ്പെട്ട ജീവനക്കാർ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പ് യോഗ്യതാസർട്ടിഫിക്കററ് (Fitness Certificate) ഹാജരാക്കേണ്ടതാണ്.

അസിസ്റ്റന്റ് സർജന്റെ പദവിയിൽ താഴെയല്ലാത്ത ഓഫീസർ നിശ്ചിത ഫോറത്തിൽ നല്കിയ യോഗ്യതാ സർട്ടിഫിക്കറ്റാണ് ഹാജരാകേണ്ടത്.

ചുരുക്കംചില സന്ദർഭങ്ങളൊഴികെ നിഷ്കർഷിക്കുന്ന ഏതുതരത്തിലുള്ള അവധിയും മറെറാരവധിയോട് ചേർത്ത് എടുക്കാവുന്നതാണ്. കെ എസ് ആർന്റെ അനുബന്ധം *X II A, X II B, X II C* എന്നി വിശദീകരിക്കുന്ന സന്ദർഭങ്ങൾ ഒഴികെയുള്ള അവധികളാണ് ഇങ്ങനെ ചേർത്ത് എടുക്കാവുന്നത്. (6-11-97 ലെ *G.O (P) 1002/ 97/ Fin*) ഇന്ത്യക്ക് അകത്തോ പുറത്തോ മറെറാരു ജോലി സ്വീകരിക്കുന്നതിനായി അനുവദിക്കുന്ന ശമ്പളമില്ലാത്ത അവധി *X II B* കെ എസ് ആർ ന്റെ ഒന്നാം ഭാഗം 88,91 എന്നി ചട്ടങ്ങളിലെ നിബന്ധന പ്രകാരം അവധിക്ക് അർഹതയില്ലാത്തവർക്ക് ഉപരിപഠനത്തിന് അനുവദിക്കുന്ന ശമ്പളമില്ലാത്ത അവധി. *X II C* അകലെയുള്ള ഭർത്താവിനോടോ ഭാര്യയോടോ ഒപ്പം ജീവിക്കുന്നതിനായി അനുവദിക്കുന്ന ശമ്പളമില്ലാത്ത അവധി ഇതിൽ തന്നെ അനുബന്ധം *X II A, X IIC* ലെ അവധികൾ ചില നിബന്ധനകൾക്ക് വിധേയമായി മററു അവധികളുമായി ചേർത്ത് എടുക്കാവുന്നതാണ്.

Rule 74 ലെ ചില വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഏതുതരം അവധിയും ഒഴിവുകാലത്തോട് ചേർത്ത് അതിന്റെ തുടർച്ചയായി എടുക്കാം.

ഒഴിവു കാലവും സമ്പാദിത അവധിയും (*Earned Leave*) ചേർത്ത് 180 ദിവസത്തിൽ കൂടാൻ പാടില്ല. എൻഡ്ലിവും കമ്മ്യൂട്ടഡ്ലിവും ചേർത്ത് എടുക്കുമ്പോൾ മൊത്തം 24 ദിവസത്തിൽ കൂടാൻ പാടില്ല പകുതി ശമ്പളത്തോടു കൂടിയ അവധി ഒരേ സമയം ഏതുവരെ ആകാമെന്നു വ്യവസ്ഥയില്ല. പെൻഷനു പ്രാരംഭമായി അവധി എടുക്കുമ്പോഴു ം ഇത് തന്നെയാണ് ചട്ടം.

രണ്ട് അവധികൾക്കിടയിൽ വരുന്ന ഒഴിവുകാലം, ഒഴിവുകാലം ഒഴിവുകാലമായി തന്നെ ഉപയോഗിക്കാവുന്നതാണ്. അതായത് ഒഴിവു കാലത്തിന് തൊട്ടുമുമ്പും തൊട്ടുപിമ്പും അവധി എടുക്കാം. ഇടയിൽ വരുന്ന ഒഴിവുകാലം അവധിയായി കണക്കാക്കുകയില്ല. അതുപോലെ അവധിയോട് ചേർന്ന് ഒഴിവുകാലം ഉപയോഗപ്പെടുത്താവുന്നതാണ്. അവധിക്ക് തൊട്ടു മുൻപിൽ വരുന്നതോ, തൊട്ടു പിൻപിൽ വരുന്നതോ രണ്ടും ചേർന്നതോ ആയ ഒഴിവുകാലം ഒഴിവുകാലമായി തന്നെ പരിഗണിക്കും. ഇങ്ങനെയുള്ള അവസരങ്ങളിൽ എൺഡ് ലിപ്പും ഒഴിവുകാലം ചേർത്ത് മേൽപറഞ്ഞ 180 ദിവസം കൂടാൻ പാടില്ല. അതുപോലെ 16-12-63 ലെ 90/63 *Fin* സർക്കുലർ പ്രകാരം എൻഡ്ലിപ്പും, കമ്മ്യൂട്ടഡ് ലിവും ഒഴിവുകാലവും ചേർത്ത് 240 ദിവസങ്ങളിൽ അധികമാകാൻ പാടില്ല. ജോലിയിൽ നിന്ന് വിരമിക്കേണ്ട തീയതിക്കൊപ്പം ഒരു തരത്തിലുള്ള അവധിയും അനുവദിക്കാൻ പാടില്ല. 13-10-81 G.O(P) 465/ 81 Fin.


സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിക്കുന്ന വിവിധതരത്തിലുള്ള അവധികൾ രണ്ട് വിഭാഗമായി തരംതിരിച്ചിട്ടുണ്ട്. സാധാരണ അവധി (Ordinary Leave), പ്രത്യേക അവധി (Special Levae) എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലും കൂടി 9 തരം അവധികളാണ് അനുവദിക്കുന്നത് ഇതിൽ ആകസ്മിക അവധി പെടുത്തില്ല. കാഷ്വൽ അവധി സാധാരണ അവധിയുമല്ല.

**സാധാരണ അവധി**

1. സമ്പാദിത അവധി ( Earned Leave)
2. പകുതി ശമ്പളത്തോടു കൂടിയുള്ള അവധി( Half Pay Leave)
3. പരിവർത്തിതാവധി ( Commuted Leave)
4. അർഹത എത്താത്ത അവധി ( Leave not Due)
5. ശൂന്യവേതനാവധി ( Leave without allowance or leave on loss of pay)

**പ്രത്യേക അവധികൾ**

1. പ്രത്യേക അവശതാവധി (Special Disability leave)
2. പഠനാവധി (Study Leave)
3. പ്രസവാവധി (Maternity Leave)
4. ആശുപത്രി അവധി (Hospital Leave)




# സായി കേന്ദ്രം ആത്മഹത്യ ഒരു പിൻകുറിപ്പ്



**സോണി ജോൺ**
*ക്രൈസ്റ്റ് കോളജ്, ഇരിങ്ങാലക്കുട*

കേരള മനഃസാക്ഷിയെ ആകമാനം ഞെട്ടിച്ച സംഭവമാണ് സ്പോർട്സ് അതോറിററി ഓഫ് ഇന്ത്യയുടെ കീഴിലുള്ള ആലപ്പുഴയിലെ ജല കായിക കേന്ദ്രത്തിലെ നാലു പെൺകുട്ടികളുടെ ആത്മഹത്യാ ശ്രമവും അതിലൊരാളുടെ മരണവും. കൂട്ട ആത്മഹത്യകൾ സാധാരണമായ കേരളത്തിൽ അവർക്ക് സാധാരണയിൽ കവിഞ്ഞൊരു പ്രാധാന്യം ദൃശ്യ പത്രമാധ്യമങ്ങൾ നൽകുന്നത് അപൂർവമാണ്. എന്നാൽ ആലപ്പുഴ സംഭവം മലയാള മാധ്യമങ്ങളിൽ മാത്രമല്ല ദേശീയ മധ്യമങ്ങളിലും വാർത്താ പ്രാധാന്യം നേടുകയും ചർച്ചയാവുകയും ചെയ്തു. കേരളത്തിൽ നിന്നുള്ള പാർലമെൻറ് അംഗങ്ങളായ ശ്രീ എം ബി രാജേഷും ശ്രീമതി ടീച്ചറും ശ്രീ കെ സി വേണുഗോപാലും സംഭവം പാർലമെൻറിൽ ചർച്ചയാക്കുകയും സംഭവത്തെക്കുറിച്ച് പാർലമെൻറിൽ പ്രസ്താവന നടത്താൻ കേന്ദ്രസർക്കാർ നിർബ്ബന്ധിതരാവുകയും ചെയ്തു.

ഒരുപക്ഷേ, നാടിൻെറ പ്രതീക്ഷകളായിരുന്ന ഒരു പററം കൗമാരം കഴിയാത്ത പെൺകുട്ടികൾ, പ്രത്യേകിച്ചും കായികതാരങ്ങൾ ഉൾപ്പെട്ടതുകൊണ്ടായിരിക്കാം ഈ സംഭവത്തിന് മാധ്യമങ്ങൾ ഏറെ പ്രാധാന്യം നൽകിയത്. ആലപ്പുഴയിലെ ജല കായിക കേന്ദ്രം സർക്കാരിൻെറ സംവിധാനം ആയതു കൊണ്ടു തന്നെ ക്രിയാത്മകമായ വിമർശനം ആ സംവിധാനത്തെ മെച്ചപ്പെടുത്താൻ ഉതകുമെന്ന ചിന്തയും മാധ്യമങ്ങൾക്ക് ഉണ്ടായിട്ടുണ്ടാവാം. 1982 ലെ ഡൽഹി ഏഷ്യൻ ഗെയിംസിനു ശേഷം അതിൻെറ സംഘാടക സമിതി വിപുലമാക്കിയാണ് 1984 ൽ കേന്ദ്ര സർക്കാർ സ്പോർട്സ് അതോറിററി ഓഫ് ഇന്ത്യക്കു രൂപം കൊടുത്തത്. കായിക പരിശീലകരെ വാർത്തെടുക്കന നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് സ്പോട്സും തിരുവനന്തപുരത്തെ കായിക അദ്ധ്യാപക പരിശീലന കേന്ദ്രവും രാജ്യത്തെമ്പാടും വ്യാപിച്ചു കിടക്കുന്ന പരിശീലന കേന്ദ്രങ്ങളും ഒക്കെ ഉൾക്കൊള്ളുന്ന സായിയാണ് രാജ്യത്തി

ൻെറ കായിക മേഖലയുടെ പതാകാവാഹകർ. ഇന്ത്യയുടെ കായിക രംഗത്തിന് അതുവരെയില്ലാതിരുന്ന ഒരുണർവ് നൽകാൻ സായിയുടെ സ്ഥാപനത്തോടെ കഴിഞ്ഞിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. ആലപ്പുഴയിലെ ഒരൊററപ്പെട്ട സംഭവത്തിൻെറ വെളിച്ചത്തിൽ സായിയെ കുററപ്പെടുത്തുന്നത് മര്യാദയല്ലെങ്കിലും ഒരു വിലപ്പെട്ട ജീവൻെറ നഷ്ടം ലഘുവായി കാണാവുന്ന സംഗതിയല്ല.

ഒരു വിവാഹ സൽക്കാരത്തിൽ പങ്കെടുത്ത സായിയിലെ നാലു വിദ്യാർത്ഥികൾ ബിയറു കഴിച്ചതുമായി ബന്ധപ്പെട്ട് ഉടലെടുത്ത പ്രശ്നങ്ങളാണ് ഒരു കുട്ടിയുടെ മരണത്തിലേക്കെത്തിയ സംഭവങ്ങൾക്ക് വഴിവെച്ചത്. സംഭവമറിഞ്ഞ അധികാരികൾ അതു കൈകാര്യം ചെയ്ത രീതിയിലെ പിഴവ് ലഘുവല്ല. സംഭവം ശ്രദ്ധയോടെ കൈകാര്യം ചെയ്ത് അതിലുൾപ്പെട്ട കുട്ടികൾക്ക് അവശ്യം വേണ്ട കൗൺസിലിങ്ങുൾപ്പെടെയുള്ള തെററുതിരുത്തൽ നടപടികൾ എടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഒരു വിലപ്പെട്ട ജീവൻ നഷ്ടപ്പെടാതെ നോക്കാമായിരുന്നു. മറിച്ച് സംഭവം വിദ്യാർത്ഥികൾക്കിടയിൽ വാർത്തയാവുകയും സംഭവത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് വലിയ മാനസിക വ്യഥ അനുഭവിക്കേണ്ടി വരികയും ചെയ്തു എന്നുള്ളത് നിർഭാഗ്യകരമായിപ്പോയി വാർത്ത പുറംലോകമറിഞ്ഞാൽ ഉണ്ടാകാവുന്ന മാനഹാനി ഒരുപക്ഷേ തങ്ങൾക്കു സഹിക്കാവുന്നതിലും അപ്പുറമാകുമെന്ന് പെൺകുട്ടികൾ ഭയന്നിട്ടുണ്ടാകാം.

കായിക താരങ്ങൾക്കിടയിൽ പൊതുവെ ആത്മഹത്യാനിരക്ക് കുറവാണ് എന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കായിക മത്സരങ്ങളിലെ പരാജയ ങ്ങളെ ഉൾക്കരുത്തോടെ നേരിടാൻ അവർക്കു കഴിയുന്നു എന്നതു കൊണ്ടു തന്നെ ജീവിതത്തിലെ വിഷമതകളെ നേരിടാൻ മററുള്ളവരേക്കാൾ കഴിവുള്ളവരാണു കായികതാരങ്ങളെന്നാണു നിഗമനം. അതുകൊണ്ടു തന്നെ സായിയിലെ കായികതാരങ്ങളുടെ ആത്മഹത്യാശ്രമം ഗഹനമായ അന്വേഷണത്തിനും പഠനത്തിനും വിധേയമാക്കപ്പെടേണ്ടതാണ്,. സാധാരണ സംഘങ്ങളിൽ നിന്നുപരിയായി അടുത്ത വ്യക്തി ബന്ധങ്ങൾ സ്പോർട്സ് സംഘാംഗങ്ങളിൽ കണ്ടു വരാറുണ്ട്. കായികാദ്ധ്വാനവും ഒത്തൊരുമയും ആവശ്യമുള്ള കായിക മത്സരങ്ങളിൽ തുടർച്ചയായി ഏർപ്പെടുന്നതു കൊണ്ടു തന്നെയാണത്. അതുകൊണ്ടു തന്നെ തങ്ങളുൾപ്പെടുന്ന സംഘത്തോട് നിസ്സീമമായ ആത്മാർത്ഥതയും ഇവർക്കുണ്ടാവാറുണ്ട്. അതേ ഐക്യബോധം തന്നെയാണോ ഒരുമിച്ചൊരേ റൂമിൽ കഴിഞ്ഞിരുന്ന ഈ നാലു കൂട്ടുകാരികളെ ഒരുമിച്ചു തന്നെ മരണത്തെ പുൽകാൻ പ്രേരിപ്പിച്ചത്?

കായിക താരങ്ങൾ പ്രത്യേകിച്ചും കൗമാരപ്രായക്കാർ ബിയറുൾപ്പെടെയുള്ള മദ്യമുപയോഗിക്കുന്നത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്ന സംഗതിയല്ല. അതുപോലെ തന്നെയാണ് ഏതുകുററത്തിൻെറ പേരിലായാലും ആരെങ്കിലും അനിയന്ത്രിതമായി പീഢിപ്പിക്കപ്പെടുന്നതും. പെൺകുട്ടികളുടെ മദ്യ ഉപയോഗം തീരെ സ്വീകാര്യമല്ലാത്ത ഒരു ഗ്രാമാന്തരീക്ഷത്തിൽ, ഇത്തരത്തിലു ഒരവസ്ഥ സൃഷ്ടിക്കുന്ന മനോവ്യഥ ഊഹിക്കാവുന്നതേ ഉള്ളൂ. കൗമാരത്തിൻെറ ചാഞ്ചാട്ടത്തിൽ സംഭവിച്ചു പോയ തെററിന് അവർക്കു നൽകേണ്ടി വന്ന വില പക്ഷേ വളരെ വലുതായിപ്പോയി. ഒരു വേള ജീവിതത്തിലെ ചില സന്ദർഭങ്ങളിൽ സംഭവിക്കാവുന്ന ഇത്തരം തെററുകൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് സമൂഹത്തിനു വിലയിരുത്താനുള്ള ഒരു സന്ദർഭം കൂടിയാണ് ആലപ്പുഴ സായി സംഭവം.

ആലപ്പുഴയിലെ സായി കേന്ദ്രത്തിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രത്തിനകത്തു തന്നെ താമസസൗകര്യവും യഥാസമയം കൗൺസിലിങ്ങും മനശ്ശാസ്ത്രപരമായ പിന്തുണയുമെല്ലാം നൽകാൻ സായി തയ്യാറെടുക്കുന്നു എന്നത് അഭിനന്ദനീയം തന്നെ. തങ്ങളുടെ തെററിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് കൂടുതൽ ജാഗ്രതയോടെ സായിക്കും ആലപ്പുഴ സായി കേന്ദ്രത്തിലെ പരിശീലകർക്കും താരങ്ങൾക്കും മുൻപോട്ടു പോകാൻ കഴിയട്ടെ എന്നു നമുക്കാശംസിക്കാം.

## ആദരാഞ്ജലികൾ



ദീർഘകാലം കോഴിക്കോട് ദേവഗിരി കോളജിലെ ബോട്ടണി വിഭാഗം അധ്യാപകനും എ.കെ.പി.സി.ടി.എയുടെ സജീവ പ്രവർത്തകനുമായിരുന്ന പ്രൊഫ. ജോസ് മേരി ദാസിന്റെ അകാല നിര്യാണത്തിൽ എ.കെ.പി.സി.ടി.എ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



57-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ പ്രബന്ധ രചനാ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ രചന.

# ഉന്നതവിദ്യാഭ്യാസമേഖല : ഭീഷണികളും വെല്ലുവിളികളും



**ആതിര പ്രകാശ്**
*II MA, പൊളിറ്റിക്കൽ സയൻസ്*
*ശ്രീനാരായണ കോളേജ്, കൊല്ലം*

**അ**റിവ് സമ്പാദ്യമാണ്. അമിതമായാലും ആപത്തില്ലാത്ത ഒന്ന്. ദൗർഭാഗ്യവശാൽ, അതിഭീകരമായ ധനമുതലാളിത്തത്തിന്റെ വർത്തമാനകാലത്തിലാണ് നാം ജീവിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗം നിരന്തരം കുത്തകവൽക്കരണത്തിനും, കമ്പോളവൽക്കരണത്തിനും, കാവിവൽക്കരണത്തിനും വിധേയമായിക്കൊണ്ടിരിക്കുമ്പോൾ, ജനപക്ഷ വിദ്യാഭ്യാസക്രമം നിലനിർത്താൻ പ്രബുദ്ധപൗരസമൂഹം എന്ന നിലയിൽ നാം എത്രമാത്രം കടമകൾ ക്രിയാത്മകമായി നിറവേറ്റിവരുന്നുണ്ട് എന്ന് വിമർശനാത്മകമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മാനസികമായ കോളനിവത്കരണത്തിലൂടെ ഇച്ഛകളേയും, സ്വപ്നങ്ങളേയുമെല്ലാം അധികാര ചിന്തകളുടെ പക്ഷത്താക്കി പൊതു സമ്മതിയുടെ അഴിഞ്ഞാട്ടം നടത്തി ക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ വിമോചനത്തിന്റെ വിപ്ലവകരമായ ബോധനോപാധികൾ എന്തെന്ന് വിളിച്ചു പറയുവാനുള്ള ചരിത്രബാധ്യത നാം ഓരോരുത്തർക്കുമുണ്ട്.

ഉച്ചനീചത്വങ്ങളുടെ ഉള്ളടക്കങ്ങൾ തുറന്നുകാട്ടിക്കൊണ്ട്, അധിനിവേശത്തിന്റെ രീതി ശാസ്ത്രവും അധികാര രസതന്ത്രവും സൂക്ഷ്മമായി അപഗ്രഥിക്കുവാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ അത് അത്യന്തം ഗുരുതരമായ അപകടങ്ങളുടെ ആഴങ്ങളിലേയ്ക്കുള്ള പതനമായിരിക്കും. ഭരണകൂടങ്ങളും കോർപ്പറേറ്റുകളും തമ്മിലുള്ള സമ്പൂർണ്ണ ലയനമാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ ഫാസിസം. ഒപ്പം ജാതി-മത ബോധങ്ങളുടെ വരേണ്യമായ അഹന്തകളും കൂടി ഫണ മുയർത്തുമ്പോൾ പുരോഗമന വിപ്ലവബോധത്തിൽ അധിഷ്ഠിതമായ അദ്ധ്യാപക- വിദ്യാർത്ഥി സമൂഹം ജാഗ്രതയുടെ മൂന്നാംകണ്ണ് തുറന്നു പിടിക്കേണ്ടിയിരിക്കുന്നു.

വിജ്ഞാനം ഉത്പന്നമാവുകയും, വിജ്ഞാന മൂലധനത്തിന്റെ വിന്യാസം കമ്പോളകേന്ദ്രീകൃതമാവുകയും ചെയ്യുന്ന ആഗോള പ്രവണതകൾക്ക് വേഗം കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ചൂഷക ചിന്തകളുടെ ബുൾഡോസറുകൾ സാധാരണക്കാരായ മനുഷ്യരുടെ ഉന്നത വിദ്യാഭ്യാസ മോഹങ്ങളുടെ നെഞ്ചകം പിളർക്കുകയാണ്. അതുകൊണ്ടു തന്നെ അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് അവരുടേതായ ബൗദ്ധികവും, സംഘടനാപരവുമായ രൂപങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഇന്ന് നിലനിൽക്കുന്ന അധീശ വർഗ്ഗങ്ങളുടെ മേൽക്കോയ്മയെ കൃത്യമായി ചോദ്യം ചെയ്യേണ്ടിവരാറുണ്ട്.

വിദ്യാഭ്യാസത്തിൽ നിന്ന് പടിപടി

യായി അതിന്റെ വിമോചക ധർമ്മത്തെ ചോർത്തിക്കളയാനുള്ള ഒരു പദ്ധതി ഇന്നത്തെ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളിൽ അന്തർഭവിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ശ്രേണീബദ്ധമായ വിദ്യാഭ്യാസ സമ്പ്രദായം വ്യാപകമാവുന്നതോടെ ഇന്നുള്ള സാമ്പത്തിക വിഭജനം ഒരു 'ബൗദ്ധിക വിഭജനം' (Intellectual Divide) ആയി മാറില്ലേ എന്ന് വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്.

വിദ്യാഭ്യാസ പദ്ധതിയിൽ നിന്ന് മാനവിക വിഷയങ്ങൾ ഘട്ടംഘട്ടമായി ഉപേക്ഷിക്കപ്പെട്ട് തുടങ്ങിയിട്ടുണ്ട്. പഠിപ്പിക്കപ്പെടുന്ന ചരിത്രം പോലും ഏറെ വളച്ചൊടിക്കപ്പെട്ട ഒന്നായിമാറുകയും ചെയ്യപ്പെടുന്നു. ജ്ഞാനോദയ കാലത്തുണ്ടായിരുന്ന വിദ്യാഭ്യാസത്തെപ്പറ്റിയുള്ള വിപ്ലവ സങ്കല്പത്തെ തിരിച്ചുപിടിക്കുകയും, അത് ഇന്നത്തെ വിപ്ലവ വർഗ്ഗങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് കൃത്യമായി നിർവ്വചിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ മുമ്പിലുള്ള കടമ. ഇതിന് ലളിതമായ മാർഗ്ഗങ്ങൾ ഇല്ല. വിപുലമായ ചർച്ചയിലൂടെ സമൂഹം ആ ദൗത്യം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ആകസ്മികമായി ഉണ്ടായി വരും എന്ന് തോന്നുന്ന പലകാര്യങ്ങളും വളരെ എളുപ്പത്തിൽ പ്രതിലോമ പ്രത്യയശാസ്ത്രഘടനയുമായി യോജിച്ചു പോകുന്നുണ്ടോ എന്നതാണ് നാം പരിശോധിക്കേണ്ട മറ്റൊരു കാര്യം.

വളരെ ചുരുങ്ങിയ സമയത്ത് നൽകാവുന്ന പരിമിതമായ കുറെ അറിവുകൾ കൈമാറുകയും, അതിന്റെ അടിസ്ഥാനത്തിലുള്ള പഠന രീതികളിൽ വെള്ളം ചേർക്കപ്പെടുകയും ഒക്കെ ചെയ്യുന്ന ഒരു പ്രക്രിയ നവബോധനശാസ്ത്രതന്ത്രങ്ങളുടെ ഭാഗമായി മാറികൊണ്ടിരിക്കുകയാണ്. 'അറിവ്' (knowl- edge) എന്നതിനേക്കാൾ കൂടുതൽ 'വിവരം' (Information) ആണ് ഇന്നത്തെ വിദ്യാഭ്യാസത്തിലെ മുഖ്യ ഇനം. ഒരു വിഷയത്തെപ്പറ്റിയുള്ള സമഗ്രമായ ധാരണയ്ക്ക് പകരം, പരീക്ഷയോ അതിന്റെ പ്രായോഗിക തലങ്ങളോ മാത്രം മുന്നിൽക്കാണുന്ന കുറെ വിവരങ്ങൾ വികസിച്ചു വരുകയും തുടർന്ന് ഇത് പഠിക്കാനുള്ള രീതികളും രൂപങ്ങളുമൊക്കെ വിദ്യാർത്ഥികൾ സ്വായത്തമാക്കുന്ന ഒരു പ്രക്രിയയും ഇതിന്റെ കൂടെ നടക്കുന്നുണ്ട്. എന്നാൽ എല്ലാ മണ്ഡലങ്ങളിലും വ്യാപരിക്കുവാൻ കഴിവുള്ള, ജിജ്ഞാസ പ്രകടിപ്പിക്കുന്ന ഒരു തലമുറയെ നമ്മുടെ വിദ്യാഭ്യാസ ക്രമത്തിലൂടെ വാർത്തെടുത്താൽ മാത്രമേ ഗ്രാംഷിയൻ സമീപനം പോലൊരു 'ഓർഗാനിക് ഇന്റല ക്ചൽസി'നെ (Organic Intellectuals) സൃഷ്ടിക്കുവാൻ നമുക്കു കഴിയുകയുള്ളൂ. അതുകൊണ്ടുതന്നെ വിദ്യാഭ്യാസം മാർക്സ് പറയുന്നതുപോലെ 'educator must be educated' എന്ന തത്വചിന്താപരമായ സമീപനത്തെ ഉൾക്കൊള്ളുന്നു. ഇത്തരത്തിൽ കരുപിടിപ്പിച്ചെടുക്കുന്ന ബോധപൂർവ്വമായ ബദലുകളിലൂടെ മാത്രമേ ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രതിലോമ പ്രത്യയ ശാസ്ത്രത്തിന്റെ വെല്ലുവിളികളെ നമുക്ക് നേരിടാനാവൂ.

ഉന്നതവിദ്യാഭ്യാസ രംഗത്ത് നാം നേടിയെടുത്ത സാമൂഹിക നീതിയും, ജനാധിപത്യബോധവും ആസൂത്രിതമായി അട്ടിമറിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ ഒരു പശ്ചാത്തലത്തിൽ നമ്മുടെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ കേന്ദ്രതല പരിഷ്കാരങ്ങളുടെ ഒരു ചരിത്രാവലോകനം അനിവാര്യമാണ്. ഡോ.എസ് രാധാകൃഷ്ണൻ അദ്ധ്യക്ഷനായി 1948 -ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച 'യൂണിവേഴ്സിറ്റി എഡ്യുക്കേഷൻ കമ്മീഷൻ റിപ്പോർട്ട്' 1966-ൽ സമർപ്പിക്കപ്പെട്ട 'കോത്താരി കമ്മീഷൻ റിപ്പോർട്ട്' തുടർന്ന് 1968-ൽ ഇന്ദിരാഗാന്ധി സർക്കാർ മുന്നോട്ടു വച്ച 'ഒന്നാം ദേശീയ വിദ്യാഭ്യാസ നയം' തുടങ്ങിയവ വ്യാപകമായ പൊതുസമ്മതി ആർജ്ജിച്ചിരുന്ന നയസമീപനങ്ങൾ ആയിരുന്നു. സ്വാതന്ത്ര്യാനന്തരം ഏതാണ്ട് നാലു പതിറ്റാണ്ടോളം കാലം കേന്ദ്ര സർക്കാരും വിദ്യാഭ്യാസക്കമ്മീഷനുകളും എടുത്ത നിലപാടുകൾ ഏറെക്കുറെ ജനപക്ഷ വികസന വിദ്യാഭ്യാസ നയം തന്നെയായിരുന്നു. എന്നാൽ 1986-ൽ രാജീവ്ഗാന്ധി സർക്കാർ പ്രഖ്യാപിച്ച 'രണ്ടാം ദേശീയ വിദ്യാഭ്യാസ നയം' പ്രകടമായ ചില അടിസ്ഥാന വ്യതിയാനങ്ങൾക്ക് തുടക്കം കുറിച്ചു.

1986-ൽ തന്നെയാണ് വേൾഡ് ബാങ്ക് 'വികസ്വര രാജ്യങ്ങളിലെ ഉന്നത വിദ്യഭ്യാസരംഗവും സാമ്പത്തിക സമാഹരണവും' എന്ന പേരിൽ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. ഉന്നത വിദ്യഭ്യാസം രംഗം അടക്കമുള്ള സാമൂഹിക മേഖലകളിൽ നിന്ന് സബ്സിഡികൾ ഒഴിവാക്കി ഗുണഭോക്തൃവിഹിതം വർദ്ധിപ്പിക്കണം എന്നതായിരുന്നു മേൽപ്പറഞ്ഞ റിപ്പോർട്ടിലെ പ്രസക്തഭാഗം. പിന്നീട് നാം കാണുന്നത് 1991-ൽ ഇന്ത്യ ഔദ്യോഗികമായി എൽ.പി.ജി നയങ്ങൾ സ്വീകരിച്ചതായാണ്. തുടർന്ന് 1992 -ൽ നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് 'രണ്ടാം ദേശീയ വിദ്യഭ്യാസസ നയം' പുത്തൻ സാമ്പത്തിക നയങ്ങൾക്കനുസൃതമായി യോജിപ്പിച്ചതാണ് മറ്റൊരു വസ്തുത. 2000ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന അടൽബിഹാരി വാജ്പേയിയുടെ 'വാണിജ്യ- വ്യവസായ കൗൺസിലിന്' മുകേഷ് അംബാനി അദ്ധ്യക്ഷനായും കുമാരമംഗലം ബിർള അംഗമായും രൂപീകരിച്ച 'അംബാനി-ബിർള കമ്മീഷൻ റിപ്പോർട്ട്', 2008-ൽ കേന്ദ്ര ആസൂത്രണ ബോർഡ് നിയമിച്ച 'സേവന മേഖലക്കായുള്ള ഉന്നത തലസംഘം' സമർപ്പിച്ച റിപ്പോർട്ട് 2012-ൽ 'ഉന്നത വിദ്യാഭ്യാസ രംഗത്ത് കോർപ്പറേറ്റു സ്ഥാപനങ്ങൾ എടുക്കേണ്ട ഉത്തരവാദിത്വങ്ങൾ' എന്ന തലവാചകത്തിലുള്ള നാരായണ മൂർത്തി കമ്മിറ്റി റിപ്പോർട്ട് എന്നിവ നവലിബറൽ സാമ്പത്തികനയങ്ങളുടെ കാലത്ത് ഉന്നത വിദ്യാ ഭ്യാസമേഖലയിൽ ഉയർന്നുവരുന്ന ജനവിരുദ്ധ ചിന്തയെ അടയാള പ്പെടുത്തുന്നു.

ഉന്നതവിദ്യാഭ്യാസ രംഗത്ത് മാത്രം 700 സർവ്വകലാശാലകളും, 25,000-ത്തിലധികം കോളേജുകളും നമ്മുടെ രാജ്യത്തുണ്ട്. 2011-ലെ സെൻസസ് പ്രകാരം ലോകത്തേറ്റവും വിദ്യാർത്ഥി സമൂഹവുമുള്ളത് (315 മില്യൺ) ഇന്ത്യയിലാണ്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഏതൊരു രാഷ്ട്രത്തിന്റെ സമഗ്ര പുരോഗതിക്കും സ്ഥായിയായ വികസനത്തിനും അനിവാര്യമാണ് എന്ന് കരുതുമ്പോഴും യഥാർത്ഥ വസ്തുതകൾ ഒട്ടുംതന്നെ ശോഭനമല്ല. യാതൊരു സാമൂഹിക നിയന്ത്രണങ്ങളും ബാധകമല്ലാത്ത കൽപിത സർവ്വകലാശാലകളും, സ്വകാര്യ സർവ്വകലാശാലകളും, അക്ഷരാർത്ഥത്തിൽ 'വിദ്യാഭ്യാസ കടകൾ' ആയി മാറിയിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി പോലും വിലയിരുത്തിക്കഴിഞ്ഞതാണ്.

പൊതു വിദ്യാഭ്യാസത്തെ

തകർത്ത് സമാന്തര വിദ്യാഭ്യാസ മേഖലയെ പോഷിപ്പിക്കാൻ ഒട്ടേറെ കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു കൊണ്ടാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗവും മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസം നൽകൽ പൂർണ്ണമായും സർക്കാരിന്റെ കടമയാണെന്നതും അത് സ്വകാര്യ മൂലധന ശക്തികൾക്ക് ലാഭം കൊയ്യാനുള്ള ഏർപ്പാടായി മാറരുത് എന്നതും കേരളത്തിൽ വളരെ നേരത്തെ തന്നെ രാഷ്ട്രീയഭേദമന്യേ വേരുറച്ച കാഴ്ച്ചപ്പാടായിരുന്നു.

'കേരള ആസൂത്രണ പരിപ്രേക്ഷ്യം:വിഷൻ 2030' എന്ന നയരേഖ ജനാധിപത്യ പുരോഗമന കേരളത്തിന് ഏറെ അസ്വസ്ഥതകളാണ് സമ്മാനിച്ചുകൊണ്ടിരിക്കുന്നത്. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന 'നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ച്' എന്ന സ്ഥാപനം സംസ്ഥാന ഗവൺമെന്റിന് വേണ്ടി തയ്യാറാക്കിയ ആസൂത്രണ പദ്ധതി പര്യപ്രേക്ഷ്യം ആണ് വിഷൻ 2030 എന്നറിയപ്പെടുന്ന 'The Kerala Perspective Plan (Vision 2030)'. സംസ്ഥാനം സാമൂഹിക-സാമ്പത്തിക മേഖലകളിൽ നേരിടാൻ പോകുന്ന വെല്ലുവിളികൾ മുന്നിൽ കണ്ട് വരാനിരിക്കുന്ന ഒന്നര പതിറ്റാണ്ട് കാലത്തേക്ക് വികസന തന്ത്രം നിർദ്ദേശിച്ചിരിക്കുന്ന റിപ്പോർട്ട് ആണിതെന്ന് പറയുമ്പോഴും, കൃത്യമായ നവലിബറൽ നയങ്ങൾക്ക് അകമ്പടി സേവിക്കുന്ന പഠനങ്ങളുടെ പൊതുസ്വഭാവം അവയിൽ നമുക്ക് കാണാം.

ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ തത്വങ്ങൾ പോലും ലംഘിച്ച് കേന്ദ്രതീരുമാനങ്ങൾ 'റൂസ്സ'യിലൂടേയും മറ്റും തന്ത്രപരമായി അടിച്ചേൽപ്പിക്കുന്ന സാഹചര്യം കൂടിയാണ് ഇന്ന് നിലനിൽക്കുന്നത്. 1980-കൾവരെ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗം നേടിയ നേട്ടങ്ങളുടെ മേൽ ആപത്തുക്ഷണിച്ചു വരുത്തുകയാണ് ഇപ്പോഴത്തെ ഭരണകൂടനയങ്ങൾ. ഇതിലൂടെ നമ്മുടെ ഉന്നത വിദ്യാഭ്യാസ ചരിത്രത്തെ മാത്രമല്ല, സമകാലിക ആവശ്യങ്ങളെപോലും നിഷേധിക്കുകയാണ് ചെയ്യുന്നത്.

ഉന്നത വിദ്യാഭ്യാസത്തിന്റെ അടിക്കല്ല് പറിക്കുന്ന സ്വയം ഭരണ സിദ്ധാന്തങ്ങൾക്കെതിരെ പൊരുതാൻ സമൂഹം പടചേർന്ന് നിൽക്കാൻ തയ്യാറാകേണ്ട കാലം കൂടിയാണിത്. കേരളം യുദ്ധകാലാടിസ്ഥാനത്തിൽ ചർച്ചചെയ്യേണ്ട വിഷയമെന്ന നിലയിൽ വിദ്യാഭ്യാസ രംഗത്തെ വാണിജ്യവത്കരണത്തിന്റെ ദിശാബോധം തെറ്റിയ യാത്രയെ പരിഗണിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ രംഗത്തെ പരീക്ഷണങ്ങളെ നാം അതീവ ജാഗ്രതയോടെയാണ് എന്നും സമീപിച്ചിട്ടുള്ളത്. വിദ്യാഭ്യാസത്തിന് പരമപ്രധാനമായ പ്രാധാന്യം നൽകുന്ന ഏതൊരു സമൂഹത്തിലും ഇത് സ്വാഭാവികം മാത്രമാണ്. ആയിരക്കണക്കിന് വിദ്യാർത്ഥികളും കോടിക്കണക്കിന് രൂപയും അതിർത്തികടന്ന് മറ്റുസംസ്ഥാനങ്ങളിലേക്ക് വണ്ടികയറുമ്പോഴും നാം വിദ്യാഭ്യാസം വില്പനച്ചരക്കാക്കാതെ ഗുണനിലവാരം സംരക്ഷിക്കുകയും, സാമൂഹ്യനീതി ഉറപ്പുവരുത്തുകയും ചെയ്തു. എന്നാലിന്ന് ഉന്നതവിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങളെ അതിവേഗത്തിലാണ് നാം സ്വീകരിക്കുന്നത്. കോത്താരി മുതലുള്ള ഉന്നത വിദ്യാഭ്യാസ കമ്മീഷനുകൾ ഉയർന്ന നിലവാരമുള്ള സ്ഥാപനങ്ങൾക്ക് അക്കാദമിക് സ്വയം ഭരണം നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇന്ന് അവസരസമത്വവും സാമൂഹ്യ ക്ഷേമവും ഉറപ്പാക്കുന്ന പരിഷ്ക്കാരമല്ല ഇപ്പോഴത്തെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ലക്ഷ്യം. മറിച്ച് സ്വയം ഭരണ കോളേജുകളുടെ കച്ചവട സാധ്യതമുന്നിൽ കണ്ട്, സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾ മുന്നോട്ടുവയ്ക്കുന്ന താൽപര്യങ്ങളുടെ സംരക്ഷണം മാത്രമാണ്.

കോളേജുകളെ സ്വയംഭരണ കോളേജുകളാക്കി മാറ്റിയാൽ സാമൂഹിക നീതിയും ഗുണനിവാരവും കാറ്റിൽ പറത്തപ്പെടും. സമ്പന്നർക്കു മാത്രം സ്വാശ്രയ കോഴ്സുകളിൽ ചേരാൻ സാധിക്കുകയും, ദുർബലവിഭാഗങ്ങൾക്കു പരിരക്ഷയും, സംവരണവും നിഷേധിക്കപ്പെടുകയും ചെയ്യും. വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും സംഘടിക്കുവാനുള്ള അവകാശം പോലും അധികം വൈകാതെ നഷ്ടപ്പെട്ടേക്കാം. മിക്ക സ്വകാര്യമാനേജുമെന്റുകളും ഇതിനകം തന്നെ വിദ്യാർത്ഥികളുടെ സംഘടനാസ്വാതന്ത്ര്യം നിഷേധിച്ചു കഴിഞ്ഞിരിക്കുന്നു.

സ്വയംഭരണം നടപ്പിലാവുമ്പോൾ കലാലയത്തിലേയ്ക്കുള്ള വിദ്യാർത്ഥി പ്രവേശനത്തിൽ സംവരണവും സുതാര്യതയും നഷ്ടമാവും. മൂല്യനിർണ്ണയത്തിലും മറ്റും വ്യക്തിനിഷ്ഠ പരിഗണനകൾ സ്വീധിനിച്ചേക്കും. കോളേജുകൾ തമ്മിൽ അനാരോഗ്യകരമായ മത്സരങ്ങൾക്ക് സാധ്യതയേറും. പരീക്ഷ ക്രമത്തിലെ ഉള്ളടക്കത്തിലോ, ഘടനയിലോ ഏകരൂപമില്ലാത്ത പുതുതലമുറ കോഴ്സുകൾക്ക് പരസ്പരം അംഗീകാരം നൽകാൻ കേവലം രണ്ട് സ്വയംഭരണ കോളേജുകൾക്കു തമ്മിൽ പോലും ആവാതെ വന്നേക്കാം. കോളേജ് കൗൺസിൽ, കോളേജ് യൂണിയൻ തുടങ്ങിയ ജനാധിപത്യ വേദികൾ പൂർണ്ണമായും ഇല്ലാതാവും. സ്വയംഭരണ കോളേജുകൾ പുതിയ കോഴ്സുകൾ തുടങ്ങിയാൽ അതിന്റെ സാമ്പത്തിക ബാധ്യത സർക്കാർ വഹിക്കില്ല, പകരം പണം കൊയ്യാൻ പറ്റുന്ന കമ്പോളാധിഷ്ഠിതമായ പുതുതലമുറ കോഴ്സുകൾക്ക് മാത്രം പ്രാമുഖ്യം ലഭിച്ചേക്കും.

സ്വയം ഭരണം നടപ്പാവുമ്പോൾ ഗവൺമെന്റ് കോളേജുകളും, എയ്ഡഡ് കോളേജുകളും ക്രമേണ സ്വാശ്രയകോളേജുകളായി മാറ്റപ്പെട്ടേക്കും. മാത്രമല്ല, കോളേജുകൾക്കു സ്വയംഭരണം നൽകുന്നതിലൂടെ നടത്തിപ്പിൽ നിന്ന് സർക്കാർ സ്വയം പിൻവാങ്ങിയേക്കും. കോഴ്സുകളുടെയും പരീക്ഷകളുടെയും മറ്റുമായ മുഴുവൻ ചിലവുകളും വിദ്യാർത്ഥികൾ സ്വയം വഹിക്കേണ്ട സാഹചര്യം വരും. കൂടാതെ സ്വയംഭരണ കോളേജുകളിൽ മൂന്നു സമിതികൾ നിലവിൽ വരും-ഗവേഷണിംഗ് കൗൺസിൽ, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്. ഭരണസമിതിയായ ഗവേർണിംഗ് കൗൺസിലിന്റെ ചെയർമാൻ ഗവൺമെന്റ് നിശ്ചയിക്കുന്ന ആരുമാവാം. കോളേജ് പ്രിൻസിപ്പൽ എക്സ് ഓഫിഷ്യോ അംഗം മാത്രമായി മാറും. വ്യവസായികളും, ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ള മറ്റംഗങ്ങൾ എല്ലാം ഗവൺമെന്റ് നിശ്ചയിക്കുന്നവർ മാത്രമായിരിക്കും. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ എന്നിവർക്ക് ഗവേർണിംഗ് കൗൺസിലിലോ മറ്റ് സമിതികളിലോ അംഗത്വമുണ്ടാവില്ല.

ചുരുക്കത്തിൽ, സമിതികളിലൊന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഇല്ലാതെ പോകുമ്പോൾ ഉന്നത വിദ്യാഭ്യാസരംഗത്തെ ജനാ

ധിപത്യ സംവിധാനം അക്ഷരാർത്ഥത്തിൽ അട്ടിമറിക്കപ്പെടുമെന്നുറപ്പാണ്. സ്വയംഭരണത്തിന്റെ പേരിൽ ഫലത്തിൽ വരാൻ പോകുന്നത് അരാജകത്വം നിറഞ്ഞ അധികാര കേന്ദ്രീകരണം മാത്രമാണ്.

കേരളീയ വിദ്യാഭ്യാസ മേഖലയുടെ സവിശേഷതകളായി ചൂണ്ടിക്കാണിക്കപ്പെടാറുള്ള സാമൂഹിക നീതി, ഗുണനിലവാരം, തൊഴിൽ സാധ്യത തുടങ്ങി എല്ലാ തലങ്ങളിലും കേരളം ഇന്ന് പിറകോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ-ഉത്പാദന മേഖലകൾ പരസ്പരം ഉദ്ദീപിപ്പിക്കുന്ന തരത്തിൽ 'ഗുണാത്മക ബന്ധം' (positive loop) സ്ഥാപിക്കേണ്ടതിന്റെ സ്ഥാനത്ത് കേരളത്തിലേത് ഒന്നിനെ മറ്റൊന്ന് തളർത്തുന്ന തരത്തിലുള്ള 'വിഷമവൃത്ത' മായി(vicious circle)മാറിയിരിക്കുന്നു. ഉത്പാദന മേഖല മുരടിക്കുന്നതിന്റെ ഫലമായി സമ്പത്തുൽപാദനം നടക്കാത്തതുകൊണ്ട് കേരളം ഇതിനകം കൈവരിച്ച സാമൂഹിക നേട്ടങ്ങൾ നിലനിർത്താൻ നമുക്കാവുന്നില്ല.

ദുർബല ജനസമൂഹങ്ങളുടേയും, പ്രാന്തവൽക്കരിക്കപ്പെട്ടവരുടേയും ജീവിതം സുരക്ഷിതമാക്കുന്നതിന് ഉത്പാദന സേവന മേഖലകളുടെ വളർച്ചയിലൂടെ കൈവരിക്കേണ്ട സാമ്പത്തിക കുതിപ്പ് അത്യാവശ്യമാണ്. അതുകൊണ്ടാണ് അക്കാദമിക് ജീർണ്ണതയും, ജഡത്വവും ബാധിച്ച നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ നവീകരണം കേരള വികസന മാതൃകയുടെ സുസ്ഥിരതയ്ക്കുള്ള മുഖ്യ അജണ്ടയായി മാറുന്നത്. സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ കടന്നുവരവ് കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ നിലവിലുള്ള പ്രതിസന്ധികൾ രൂക്ഷമാക്കുകയും, പുതിയ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിലാവട്ടെ, സാമൂഹിക നീതി അപകടത്തിലാകുന്നുവെന്ന് മാത്രമല്ല, സവിശേഷനൈപുണ്യവും, സാമൂഹിക പ്രതിബദ്ധതയും ഇല്ലാത്ത ബിരുദധാരികളെ സൃഷ്ടിച്ചുകൊണ്ടേയിരിക്കുകയുമാണ്.

നാമിന്ന് നേരിടുന്ന മുഴുവൻ വെല്ലുവിളികളുടേയും ഉത്തരവാദി വികലമായ വിദ്യാഭ്യാസ നയങ്ങളും നീതിയുക്തമല്ലാത്ത വിഭവവിതരണവുമാണ്. ആശയ സംവാദം ആവശ്യപ്പെടുന്ന വിഷയങ്ങളിൽ അതിനുപകരം അതിവൈകാരികതയുടെ സംഘർഷ പൂരിതമായ സാഹചര്യങ്ങളാണ് നമ്മുടെ പൊതുസമൂഹത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നത്. ആവിഷ്കാരത്തിന്റെ സാധ്യതകളെ തടയാൻ എക്കാലവും സങ്കുചിത ശക്തികളുടെ അസഹിഷ്ണുതയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിനെല്ലാം കാരണമാകുന്നത്, ഉന്നത വിദ്യാഭ്യാസരംഗത്തെ ശക്തമായ വിമർശനാത്മക ബോധനരീതികളുടെ അഭാവവും, ഗവേഷണ-നിരീക്ഷണങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതയില്ലായ്മയും ആണ്. കൂടുതൽ ഉത്തരവാദിത്വത്തോടെ ഗവേഷണ നിരീക്ഷണങ്ങൾ നടത്തിയെടുക്കുവാൻ ഉന്നത വിദ്യാഭ്യാസ മേഖല ഇനിയങ്ങോട്ട് സദാ ജാഗരൂകമാവേണ്ട കാലമാണ്. ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ്സ് വേദങ്ങളിലേക്ക് മടങ്ങാൻ സമൂഹത്തോട് ആവശ്യപ്പെടുകയും, പശുവിനും പാമ്പിനും മറ്റ് ജന്തുക്കളിൽ നിന്ന് വ്യത്യസ്തമായ ഒരു ശ്രേഷ്ഠ പദവി കൊടുക്കാൻ പൗരസമൂഹത്തോട് ആവശ്യപ്പെടുകയും ചെയ്യുമ്പോൾ ബോധപൂർവ്വമായ സങ്കുചിത സാംസ്കാരിക താൽപര്യങ്ങൾ നമുക്ക് കാണാൻ കഴിയേണ്ടതുണ്ട്.

ലൈംഗിക-പരിസ്ഥിതി -കായിക വിദ്യാഭ്യാസത്തിന് ഉന്നത വിദ്യാഭ്യാസമേഖല കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. പുരുഷാധിപത്യ സമൂഹത്തിന്റെ അതിക്രമണങ്ങൾക്ക് ക്രിയാത്മകമായ മറുപടി പറയാൻ അത്തരം ഇടപെടലുകളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. 'മണ്ണിന്റെ മക്കൾ വാദവും', വിഘടന-വിധ്വംസകവാദങ്ങളും ഒപ്പം ജാതി-മത-വംശീയ സംഘട്ടനങ്ങളും വർധിച്ചു വരുന്ന സമൂഹത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയെ കരുത്തുറ്റതാക്കാൻ എല്ലാ പുരോഗമന ജനാധിപത്യവാദികളും, സാമൂഹിക പ്രതിബദ്ധതയുള്ള അധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെ നീതിയുക്തമായ അക്കാദമിക് നിലപാടുകൾക്കൊപ്പം അണിചേരേണ്ടിയിരിക്കുന്നു.

സംഹാരത്തിന്റെ രൂപത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് സാമ്രാജ്യത്വവും നവകോളനിവത്കരണവും കടന്നു കയറിക്കൊണ്ടിരിക്കുകയാണ്. മാനവീകരണം മാത്രമല്ല, അപമാനവീകരണവും മനുഷ്യന്റെ സത്താപരമായ സാധ്യതയും ചരിത്രപരമായ യാഥാർത്ഥ്യവുമാണ് എന്നത് ഇന്നത്തെ ലോകാവസ്ഥയിൽ പൂർവ്വാധികം തെളിഞ്ഞു കഴിഞ്ഞ ഒരു മൗലികാശയമാണ്. മനുഷ്യന്റെ ധർമ്മം ലക്ഷ്യമാക്കിയിട്ടുള്ള മാനവീകരണമാവട്ടെ, നിലവിലുള്ള മർദ്ധക-മർദ്ധിത ബന്ധങ്ങളാൽ അസ്തമിക്കുകയും അതിന്റെ നിഷേധമെന്ന നിലയിൽ അപമാനവീകരണം ഉദയം കൊള്ളുകയും ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. കാലാകാലമായി അടിച്ചമർത്തപ്പെട്ട മാനുഷികതയെ വീണ്ടെടുക്കുന്നതിനുള്ള ഏറ്റവും സ്വീകാര്യമായ മാർഗ്ഗം ആ അപചയത്തിന് ഹേതുഭൂതമായ ബന്ധങ്ങൾക്കെതിരെ ബോധപൂർവ്വമായ സമരങ്ങൾക്ക് നേതൃത്വം നൽകുക എന്നതാണ്. മനുഷ്യന്റെ വിമോചനം ഏതു വിധത്തിലാണ് സാധ്യമാക്കേണ്ടത് എന്നതാണ് ഇന്ന് നമ്മുടെ മുന്നിലെ മുഖ്യപ്രശ്നം. ശരിയായ വിദ്യാഭ്യാസമാണ് അതിനുള്ള നേരായ മാർഗ്ഗം. സംവാദമാണ് അതിനുതകുന്ന ബോധനരീതിയും. അതുകൊണ്ടു തന്നെ പെരുമാൾ മുരുകൻമാർ നിശബ്ദമാക്കപ്പെടുന്ന കാലിക സാഹചര്യത്തിൽ, പുരോഗമന സമൂഹത്തിന്റെ അക്കാദമിക് ഹൃദയത്തിന് പോരാട്ടത്തിന്റെ പടച്ചട്ടയണിയിക്കാൻ നമുക്കാവണം. സ്വാമി വിവേകാനന്ദൻ കണ്ട കേരളം അനാചാരങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു. പിന്നീട് ശ്രീനാരായണ ഗുരുവും, ചട്ടമ്പിസ്വാമികളും, അയ്യൻകാളിയും, വാഗ്ഭടാനന്ദസ്വാമികളും ഉഴുതിട്ട മണ്ണിൽ പി. കൃഷ്ണപിള്ളയും, ഇ.എം.എസ്സും, എ.കെ.ജിയും നേതൃത്വം കൊടുത്തു വളർത്തിയെടുത്ത സാംസ്കാരിക- രാഷ്ട്രീയ മുന്നേറ്റം നമ്മെ പല കാര്യങ്ങളിലും അദ്വിതീയമാക്കി. അതുകൊണ്ടുതന്നെ ജാതിക്കോമരങ്ങളുടെയും, മതമേധാവിത്വത്തിന്റെയും തിട്ടൂരങ്ങളെ തൃണവൽഗണിച്ച് ജനപക്ഷ വിദ്യാഭ്യാസക്രമം സംരക്ഷിക്കാൻ നമുക്കാവണം.

മാർക്സിയൻ ദർശനങ്ങളുടെ സൗന്ദര്യാത്മകതയും, മതേതരമൂല്യങ്ങളുടെ മഹനീയതയും ഹൃദയപക്ഷത്തേക്ക് ഒരിക്കൽ കൂടി ആവാഹിച്ച്, അക്ഷരങ്ങളെ ആയുധങ്ങളാക്കി, വാക്കുകളെ ബോധശരങ്ങളാക്കി, പൗരസമൂഹത്തെ പടച്ചട്ടയണിയിച്ച്, നമുക്ക് പ്രതികരിക്കാം; പ്രതിഷേധിക്കാം; പ്രതിരോധിക്കാം.

# CALL FOR PAPERS

The Kerala Higher Education Commission (AKPCTA) 2014-15 proposes to conduct a series of symposiums across the state as per the schedule given below:
23 theams related to higher education have been identified and the theme papers will be presented by the convenors of the respective task forces. Papers are invited on the themes given below from teacher's / students/ Educationalist/ Activits etc. to present the papers. The complete paper either in microsoft word or PDF format not exceeding 3000 words may be forwarded to akpctaac@gmail.com

**The All Kerala Private College Teachers' Association**

**Schedule for the Symposiums of KHEC (AKPCTA) for Discussion in the WC**

| Venue | Date | Topic |
|---|---|---|
| Kozhikode | 5th September 2015 | 1. Democracy and Secularism in Higher Education: Pramod Vellachal<br>2. Financing Higher Education: Dr. Anil Varma |
| Alappuzha | 12th September 2015 | 1. Curriculum and Higher Education: R Indulal<br>2. Assessment and Accreditation in Higher Education: Dr.M R Sudarshanakumar |
| Thrissur | 26th September 2015 | 1. Research in Higher Education: Dr. K C Ajith Prasad<br>2. Language in Higher Education: Dr. V P Marcose |
| Malappuram | 3rd October 2015 | 1. History and Development of Higher Education: Dr. K M Praseed<br>2. Vocational Skills and Employability: Dr.M B Gopalakrishnan |
| Kottayam-Idukki | 10th October 2015 | 1. Self Financing Sector in Higher Education: Dr. P K Padmakumar<br>2. Higher Education and Nation Building: S Shajitha |
| Pathanamthitta | 17th October 2015 | 1. Cluster Colleges and other Resource Sharing Models: Tommichen Joseph<br>2. Continuing Education/ Distance Education: Dr. P N Harikumar |
| Kollam | 24th October 2015 | 1. Extension Activities and Higher Education: Dr. S P Kumar<br>2. Infrastructure for Higher Education (Benchmarking): Dr. Sunny Kuriakose |
| Palakkad | 31st October 2015 | 1. Access Related Issues in Higher Education: Prof. K Vasudevan Pillai<br>2. Teacher Selection and In-service Training: Dr.R K Jayaprakash |
| Ernakulam | 7th November 2105 | 1. Learner Centered Aspects in Higher Education: Dr. P Thomas Mathew<br>2. Social Justice Related Issues in Higher Education: Dr. K M Sudhakaran |
| Kannur-Kasargod | 14th November | 1. Examinations and Practices of Evaluation in Higher Education: A Nisanth<br>2. Statistics/Database Related to Higher Education: Dr.Jobi K Jose |
| Wynad | 21st November | 1. Classroom Environment and Higher Education: Dr. George Mathew |
| Thiruvananthapuram | 5th December 2015 | 1. Governance in Higher Education: Dr. K P Vinod<br>2. Gender Issues in Higher Education: Dr. Lakshmi Priya |

Convenor
Academic Committee

# എ.കെ.പി.സി.ടി.എ യുടെ ദീർഘകാല സമരം എം.ജി. സർവ്വകലാശാല ഓഫ് ക്യാമ്പസ് സെന്ററുകൾ അടച്ചുപൂട്ടി



പ്രൊഫ. ടോമിച്ചൻ ജോസഫ്
സംസ്ഥാന ട്രഷറർ

അക്കാദമിക് മികവും സാമൂഹ്യനീതിയും ഉറപ്പുവരുത്തണമെന്ന ആവശ്യവുമായി ദീർഘകാലമായി എ.കെ.പി.സി.ടി.എ നടത്തിവരുന്ന സമര- നിയമ പോരാട്ടങ്ങൾക്ക് വിജയം. എം.ജി. സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് സെന്ററുകൾ അടച്ചുപൂട്ടാൻ ചാൻസലർ കൂടിയായ കേരള ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉത്തരവിട്ടു. കേവലം ധനസമ്പാദനം മാത്രം ലക്ഷ്യമിട്ട് തുടങ്ങിയ ഓഫ് ക്യാമ്പസ് സെന്ററുകൾ വ്യാപകമായ അഴിമതിയുടെയും പരീക്ഷാ ക്രമക്കേടുകളുടെയും കൂത്തരങ്ങായി മാറുകയായിരുന്നു. 2001-02 കാലത്ത് തൊട്ട് പ്രസ്തുത വിഷയത്തിൽ സംഘടന നിരവധി പ്രക്ഷോഭസമരങ്ങളും യു.ജി.സിക്ക് നിവേദനം സമർപ്പിക്കലും നിയമപോരാട്ടങ്ങളും നടത്തി. 2001 ൽ എം.ജി. സർവ്വകലാശാലക്ക് മുമ്പിൽ നടത്തിയ ധർണ മുൻ കേരള സിൻഡിക്കേറ്റംഗമായ ജി. സുധാകരൻ ഉദ്ഘാടനം ചെയ്തു. കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് 2002 ഏപ്രിലിൽ യു.ജി.സി നിബന്ധനകൾക്ക് വിധേയമായി ഓഫ് ക്യാമ്പസ്സുകൾ അനുവദിക്കാം എന്ന് ഉത്തരവിറക്കി. ഇത് സംഘടന സുപ്രീംകോടതിയിൽ ചോദ്യം ചെയ്തു. കേരള സർക്കാരിന്റെ അനുമതി ഇല്ലാതെ കോഴ്സുകൾ നടത്താനാവില്ലെന്ന് സുപ്രീംകോടതി ഉത്തരവിട്ടെങ്കിലും ഉമ്മൻചാണ്ടി സർക്കാർ നിയോഗിച്ച സിൻഡിക്കേറ്റ് വീണ്ടും നിരവധി കോഴ്സുകൾ അനുവദിച്ചു. ഇത് വൈസ് ചാൻസലർ പ്രൊഫ. രാജൻ ഗുരുക്കൾ നിരാകരിച്ചു. എന്നാൽ പുതിയ വൈസ് ചാൻസലർ ഡോ. എ.വി. ജോർജ് 77 ഓഫ് ക്യാമ്പസ് സെൻററുകൾക്ക് അംഗീകാരം നൽകി. ഇതിനെതിരെ എ.കെ.പി.സി.ടി.എ നേതാക്കളായ 8 സെനറ്റംഗങ്ങൾ ചാൻസലർക്ക് പരാതി നൽകി ഇതിന് പുറമേ സംഘടന ഹൈക്കോടതിയെ സമീപിച്ചു. അനധികൃതമായി തുടങ്ങിയ എല്ലാ ഓഫ് ക്യാമ്പസുകളും അടിയന്തിരമായി അടച്ചുപൂട്ടാൻ ഹൈക്കോടതി ഉത്തരവിട്ടു. ഇതേതുടർന്ന് കേരള ഗവർണർ കൂടിയായ ചാൻസലർ ഓഫ് ക്യാമ്പസ് സെന്ററുകൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടത് എ.കെ.പി.സി.ടി.എയുടെ സമര പോരാട്ടത്തിൽ പുതിയ അധ്യായം രചിക്കുയായിരുന്നു. വിദ്യാഭ്യാസകച്ചവടത്തിനെതിരായ സംഘടനയുടെ അചഞ്ചലമായ പോരാട്ടത്തിൽ മുന്നിലും പിന്നിലും നിന്ന് പ്രവർത്തിച്ച എല്ലാവർക്കും സമരോത്സുകമായ അഭിവാദ്യങ്ങൾ.

**Mahatma Gandhi University**
(Abstract)

Functioning of Off Campus Centres- Hearing held on 30/05/2015 by the Hon'ble Chancellor - Proceedings of the Hon'ble Chancellor- orders issued - reg.
SCHOOL OF DISTANCE EDUCATION III SECTION No: 3529/SDE 111/2015 *
Dated, Priyadarsini Hills, 20/6/2015

Read:
i) U.O. No. 2562/4/2015/SDE III dated 08.05.2015.
ii) Letter No. GS3-278/14 dated 08.05.2015.
iii) Letter No. 437/SDE II1/4/2015 dated 19.05.2015.
iv) Proceedings of the Hon'ble Chancellor, no. GS3-278/2013 dated 17th June 2015.

ORDER

The Government of Kerala had made a reference to the Hon'ble Chancellor seeking to.exercise the powers vested under Section 7(4) of the Mahatma Gandhi University Act 1985 for cancelling the decision of the Mahatma Gandhi University and its.Syndicate in sanctioning 77 Off Campus Centres in 2013 inside and outside the State in violation of the relevant statutory provisions. Petitions were also received against the decision of the Syndicate to sanction the Off Campus Centres in violation of the Rules and Regulations of the University and the Directions of the State Government.

Consequently the Hon'ble Chancellor heard the parties concerned who were intimated vide paper read (ii) and (iii) in connection with the functioning of Off Campus Centres within the territorial jurisdiction of the University on 30/5/2015.

After hearing the parties concerned the Hon'ble Chancellor has issued orders vide paper read (iv) to the effect that:

1. The decision of the Syndicate dated 17.1.2013 sanctioning 77 Off Campus Centres and the consequential proceedings of the University are liable to be set aside and it is ordered accordingly.
2. All Off Campus Centres of the University which are working within the territorial jurisdiction or outside without the sanction of the Government are not entitled to function. Appropriate steps are to be taken by the University to ensure that the functioning of these Off Campus Centres within /putside its jurisdiction without sanction of the Government are discontinued forthwith.
3. The University will ensure that adequate arrangements, as informed, are made to the students who have already joined the courses and registered with the University to continue and complete their studies.
4. Implementation of the order will be subject to the directions /orders/judgment if any passed by the Hon'ble High Court of Kerala in connection with the issue.

Sanction has therefore been issued by the Vice-Chancellor to implement the orders of the Hon'ble Chancellor and to inform all those who have been intimated of the hearing.

Orders are issued accordingly.

The proceedings of the Chancellor vide paper read (iv) above is appended.

Sd/-
M.R.UNNI
REGISTRAR

GOVERNMENT OF KERALA

Abstract

Higher Education Department "Payment of Sixth UGC Pay Revision Arrears-Release of Second Installment -Sanctioned-Orders issued.

HIGHER EDUCATION (C) DEPARTMENT
G.O.(P)No. 225/2015/H.Edn,Dated, Thiruvananthapuram 01.06.2015.

Read:- 1. G.O.(P)No.58/2010/H.Edn dated 27.03.2010.
2. G.O.(P)No.49/2013/H.Edn dated 22.02.2013.
3. G.O.(Ms)No. 172/2014/H.Edn dated 29.04.2014

ORDER

Government, as per the order read as first paper above have issued orders implementing Sixth UGC Pay Revision and Scheme for teachers in Universities, Affiliated Colleges, teachers in Law Colleges, Engineering Colleges, Kerala Agricultural University and teachers in Physical Education and qualified Librarians. Subsequently, Government, as per the order read as second paper above have decided to disburse the arrears of the Sixth UGC Pay Revision in four installments and also accorded sanction for the release of an amount of Rupees 314,08,68,936/-(Rupees Three hundred and fourteen Crores eight lakhs sixty eight thousand nine hundred and thirty six only) being the first installment of arrears for the period from 01.01.2006 to 30.06.2007.

Government have now decided to disburse the second installment of Sixth UGC Pay Revision arrears for the period from 01.07.2007 to 30.06.2008. Government are, therefore, pleased to accord sanction for the release of an amount of Rs.232,47,57,984 (Rupees Two hundred and thirty two Crores forty seven lakhs fifty seven thousand nine hundred and eighty four only), being the second installment of arrears for the period from 01.07.2007 to 30.06,2008 and order that for those teachers in service the arrears will be credited to their Provident Fund Account and it will be paid in cash to the retired teachers.

The lock-in-period of the arrears credited in the Provident Fund account will be five years from the release of second installment of arrears, i.e 31.5.2020 beyond which time the amount may be withdrawn in the case of those in service.

The income tax payable on the arrears shall be adjusted from the arrear salary bills.

(By Order of the Governor)
B.Srinivas
Secretary to Government.

---

GOVERNMENT OF KERALA

Abstract

Higher Education Department- Sixth UGC Scheme-Clarifications to the G.O(P)No.58/2010/H.Edn dated 27.03.2010-Modified- Orders issued.

HIGHER EDUCATION (C) DEPARTMENT
G.O. (Ms.) No: 156/2015/H.Edn Dated, Thiruvananthapuram, 05.05.2015

Read:-1.G.O.(P)No.58/2010/H.Edn dated 27.03.2010.
2.G.O(Ms)No.597/2013/H.Edn dated 03.09.2013.

ORDER

Government vide order read as first paper above have issued orders implementing the Sixth UGC Pay Revision and scheme for teachers in Universities, Affiliated Colleges, teachers in Law colleges, Engineering Colleges, Kerala Agricultural University and teachers in Physical Education & Qualified Librarians. Government, vide order read as second paper above, have also issued clarifications on sanctioning advance increments for acquiring Ph.D/M.Phil under the Sixth UGC Scheme.

In the meantime, Government have received several representations against the rejection of 5 advance increments at the entry level to those who join service after 18.09.2010 with a Ph.D registered before the implementation of revised UGC Regulations 2009 and acquired the degree subsequently.

Government have examined the matter and pleased to modify the Government Order read as second paper above by including a clause iv(4) (a) as follows:-

Teachers who have entered into service after 18.09.2010 with a Ph.D degree, acquired before 18.09.2010 or registered for Ph.D before 18.09.2010 and acquired the degree subsequently, are eligible for five non-compounded advance increments in the revised scale of pay at the revised rate of increment for acquiring Ph.D degree, regardless of whether their Ph.D complies with the revised UGC Regulations 2009 for the award of Ph.D and only if the Ph.D acquired comply the guidelines of the Universities that existed prior to the UGC notificaction issued in 2009.

The Government Order read as second paper above stands modified to this extent only.

(By order of the Governor)
Ajikumaran S
Special Secretary

---

University Grants Commission
New Delhi
F.No.1-1/2012(PS)
November, 2014

**PUBLIC NOTICE**

*Subject: Clarification regarding the applicability of UGC Regulations.*

UGC has issued University Grants Commission (Minimum Qualification for Appointment of Teachers and other Academic Staff in Universities and Colleges and Measures for the Maintenance of Standards in Higher Education) (2nd Amendment), Regulations, 2013.

In this regard it is informed that promotion under CAS shall be governed by the UGC Regulations which are in operation on the date of eligibility and not on the date of interview.

(Prof. Jaspal Singh Sandhu)
Secretary, UGC

---

GOVERNMENT OF KERALA

Abstract

Higher Education Department - Government Colleges - Participation of teaching staff in Government and Private Aided Colleges in Seminar, Workshop, etc. - Treating the period as duty - Modified - Orders Issued.

HIGHER EDUCATION (F) DEPARTMENT

G.O. (Ms.) No: 262/2015/H.Edn　　Dated, Thiruvananthapuram, 15.06.2015

Read:- 1) G.O.(Ms) No.200/2009/H.Edn., dated 12.11.2009.
2) G.O.(Ms) No.15/2011/H.Edn., dated 11.02.2011.
3) G.O.(Ms) No.889/2014/H.Edn., dated 13.11.2014.
4) Letter No.D1/30347/2013/Coll.Edn., dated 21.02.2015 of the Director of Collegiate Education, Thiruvananthapuram.

ORDER

As per G.O read as 1st paper above teachers both in Government and Private Aided Colleges are permitted to participate in Seminars, Conferences, Refresher Courses, etc., conducted by Universities, Research Institution and Professonal organisations of teachers like Indian Association of teachers etc., anywhere in India with prior permission from the competent authority to a maximum of 7days per year. Later this G.O has been partially modified to the effect that the period of participation of college teachers in orientation courses/ refresher courses will be treated as duty subject to the condition that the benefit will be limited only to refresher courses/ orientation courses prescribed by UGC and conducted in designated academic staff/colleges/institutions approved by UGC and G.O read as 2nd paper issued accordingly.

2. Subsequently Government have revised G.O. read as 1st paper above by enhancing the number of days that can be treated as duty to a maximum of 10 days in an academic year for the teachers both in Government and Private Aided Colleges to participate in seminars, conferences, refresher courses etc conducted by Universities, Research Institutions and professional organistions of teachers like Indian Association of teachers, etc., anywhere in India with prior permission from the competent authority as per the conditions stipulated in the G.O. read as 3rd paper above. Several representations have been received requesting to remove 'refresher courses' from the G.O.

3. As per the letter read as 4th paper above, the Director of Collegiate Education, Thiruvananthapuram has reported that the Refresher courses/ Orientation courses/ SpecialSummer School programmes/ Special winter school programmes etc conducted by Academic Staff Colleges in connection with the promotion/placement of Aided College teachers requires a duration of 21 or 28 days and hence the same may be exempted from the Government Order 3rd cited and the maximum number of days that can be treated as duty in an academic year for the teachers both in Government and Private Aided Colleges to participate in Seminars, Workshops, conferences conducted by UGC approved Universities, professional organizations of teachers, Research institutions under Central/ State Government may be stipulated as 10 only.

4. Government have examined the matter in detail and are pleased to exempt the refresher / orientation course, /special summer/winter school programmes conducted by the U G C Academic Staff colleges related to the placement of teachers from purview of above said Government order 3rd cited and to order that the number of days that can be treated as duty in an academic year for the teachers both in Government and Private Aided Colleges to participate in Seminars, workshops, conferences conducted by UGC approved Universities, Professional Organisation of teachers, Research Institutions under Central/ State Government is restrictd to 10 days. The G.O. read as 3rd paper above stands modified to the above extent.

(By order of the Governor)
Geetha K
Deputy Secretary to Government

GOVERNMENT OF KERALA

Abstract

DEARNESS ALLOWANCE ARREARS - CREDITING TO PROVIDENT FUND ACCOUNTS - TIME LIMIT EXTENDED - ORDERS ISSUED.

FINANCE (PAY RESEARCH UNIT) DEPARTMENT
GO(P) No.178/2015/Fin. Dated, Thiruvananthapuram,15.Q5.2015

*Read:-*

1. G.O, (P) No. 120/2007/Fin,, dated 20.03.2007
2. G.O. (P) No. 531/2007/Fin., dated 05.11.2007
3. G.O. (P) No. 547/20Q7/Fin., dated 14.11.2007
4. G.O. (P) No. 91/2008/Fin., dated 16.02.2008
5. G.O. (P) No. 220/2008/Fin., dated 22.05.2008
6. G.O. (P) No. 38/2009/Fin., dated 17.01.2009
7. G.O. (P) No. 211/2009/Fin., dated 02.06.2009
8. G.O. (P) No; 512/2009/Fin., dated 18.11.2009
9. G.O. (P) No. 362/2010/Fin., dated 03.07.2010
10. G.O. (P) No. 37/2011/Fin,, dated 18.01.2011
11. G.O. (P) No. 180/2011/Fin., dated 11.04:2011
12. G.O. (P) No. 535/2011/Fin., dated 14.11.2011
13. G.O. (P) No. 323/2012/Fin., dated 04.06.2012
14. G.O. (P) No. 614/2012/Fin., dated 08.11.2012
15. G.O. (P) No. 130/2013/Fin., dated 11.03.2013
16. G.O. {P) No. 545/2013/Fin., dated 06.11.2013
17. G.O. (P) No. 303/2014/Fln ., dated 21.07.2014
18. G.O. (P) No. 72/2015/Fin., dated 07.02.2015

OR DE R

The time limit for crediting arrears of Dearness Allowance to the Provident Fund Account of the employees sanctioned as per Government Order read as 1st, 2nd, 3rd, 4th 5* 6*\- 7th, 8th, 9th, 10th, 11th, 12th, 13th 14th, 15 th and 16th papers above were extended vide G.O. read as 17th paper above and the extended time limit expired on 31st December 2014. The arrears of DA sanctioned as per Government order read as 18th paper above can be drawn and credited to the Provident Fund account of the employee along with the salary bill up to September 2015. Several requests are being received from various Heads of Institutions and individuals seeking extension of time for crediting the arrears of DA to the Provident Fund Account for the period from 01.01.2005 onwards.

Government have examined the requests and are pleased to order that the time limit for crediting the arrears of DA sanctioned from 01.01.2005, 01.07.2005, 01.01.2006, 01.07.2006, 01.01.2007, 01.07.2007, 01.01.2008, 01.07.2008, 01.01.2009, 01.07.2009, 01.01.2010, 01.07.2010, 01.01.2011, 01.07.2011, 01.01.2012,01.07,2012,01.01.2013,01.07.2013, 01.01.2014 and 01.07.2014 to the Provident Fund Account of employees will be extended up to 31st October 2015. The Dearness Allowance arrears can be claimed in the salary bill up to 31st October 2015 and credited to Provident Fund Account without fail.

All controlling officers will adhere to the time schedule invariably.

By Order of the Governor,
K.SHAJAHAN,
Additional Secretary to Government (Finance).

ക്യാമ്പസ്സ് സ്നാപ്പിൽ പതിയാത്തത്





# ഡിസിപ്ലിൻ

പ്രമോദ് വെള്ളച്ചാൽ

ക്ലാസ്സിലേക്കു പോവാനുള്ള മണി മുഴങ്ങിക്കഴിഞ്ഞു. ഓടിക്കിതച്ച് കയറി വന്നതിന്റെ കിതപ്പുകൾ മറന്ന് പുസ്തകം കൊണ്ട് മെല്ലെ വീശി ക്ലാസ്സിനുള്ളിലേക്ക് ധ്വനി സിദ്ധാന്തപ്രകാരം പല വ്യാഖ്യാനങ്ങൾക്കും സാധ്യതതരുന്ന തരത്തിൽ കലഹിച്ച് പിരിഞ്ഞ കോറസ്സുപോലെ വിദ്യാർത്ഥി ഐക്യത്തിന്റെ ഗുഡ്മോണിംഗ്. വൈകിവരുന്ന ഒരുത്തനെയും ക്ലാസ്സിൽ കയറ്റണ്ടെന്ന് തലേ ദിവസത്തെ കൗൺസിൽ മീറ്റിംഗിൽ പ്രിൻസിപ്പൽ അസന്നിദ്ധമായി പ്രഖ്യാപിച്ചിരുന്നു. ഉത്തരവുകൾ നടപ്പാവുന്നുണ്ടോ എന്നറിയാൻ തലപ്പാവില്ലാത്ത ജന്മിയെപ്പോലെ പ്രിൻസിപ്പലിന്റെ ഉലാത്തൽ. ഉത്തരത്തിലെ പല്ലിയുടെ ഒരു ഫ്ളാഷ് ബാക്ക് എവിടെയോ മിന്നിമറഞ്ഞതുപോലെ I am the state എന്ന് പറഞ്ഞ ചില ഫാസിസ്റ്റുകളും മനോമുകുരത്തിൽ നിശബ്ദമായി തികട്ടിവന്നു. പോട്ടെ – ഇതുപോലെ തന്നെ പറഞ്ഞാൽ പറയാനുദ്ദേശിച്ചത് പറയാനാവില്ല.

ഉദ്ദേശം ഇരുപത്തൊന്ന് മിനിറ്റ് കഴിഞ്ഞപ്പോൾ വിയർത്ത് കുളിച്ച് കണ്ണിൽ അപേക്ഷയുമായി ഒരാൺകുട്ടി ക്ലാസ് മുറിക്ക് വെളിയിൽ നിൽക്കുന്നു. ദീനദയാനുകമ്പ അർത്ഥിക്കുന്ന ആ കണ്ണുകളിൽ ജീവിതത്തിന്റെ എന്തോരു ജ്വാല ഞാൻ കണ്ടു. ഗറ്റ് ഔട്ട് എന്ന അധികാരപ്രയോഗത്തിന്റെ ഗതകാല പ്രതിധ്വനികൾ ഞാൻ എന്റെ മൗനത്തിൽ കുഴിച്ചിട്ടു. അവന്റെ അടുത്ത് പോയി തോളിൽ തട്ടി ഞാൻ പറഞ്ഞു.

വാ... അകത്തേക്കു വാ...

ഒന്നും പറയാതെ തന്റെ സീറ്റിൽ ചെന്നിരുന്ന അവന്റെ അടുത്തുപോയി അവൻ കേൾക്കാൻ മാത്രം ശബ്ദത്തിൽ ഞാൻ പറഞ്ഞു.

ക്ലാസ്, കഴിഞ്ഞ് ഡിപ്പാർട്ട്മെന്റിലേക്ക് വരണം.

അസൈൻമെന്റുകളുടെ ഒത്തൊരുമയിലൂടെ കണ്ണോടിച്ചുകൊണ്ടിരുന്നപ്പോൾ ഡിപ്പാർട്ട്മെന്റിന് വെളിയിൽ നിന്നും അവന്റ വിളിച്ചു.

സർ...

അകത്തേക്ക് വാ എന്ന് പറഞ്ഞ അസൈൻമെന്റുകളെല്ലാം മാറ്റിവച്ച് അവനോട് ഇരിക്കാൻ പറഞ്ഞു.

ഞാൻ ചോദിച്ചു.

എന്താ സമയത്തിന് ക്ലാസ്സിൽ വരാത്തത്. ഇത് നല്ല സ്വഭാവമാണോ?,

ഡിസിപ്ളിൻ നിനക്കും ബാധകമല്ലേ....

അവന്റെ കണ്ണുകൾ പെട്ടെന്ന് ഇരുണ്ടു... കാർമേഘങ്ങൾ വിതുമ്പലോടെ പെയ്തിറങ്ങി. തൊണ്ടയിൽ പൊട്ടാതെ പൂഴ്ത്തിവച്ച ഒരു ഗദ്ഗദം പൊട്ടിയൊലിച്ചു...

ഏയ്... ഇതെന്താ... പറയൂ... എന്നോട് പറഞ്ഞോളൂ.... അദ്ധ്യാപകനല്ല... ഒരേട്ടനായി കണ്ട് എന്നോട് പറഞ്ഞോളൂ... എന്തുപറ്റി....

സാർ, അമ്മയുമായി പിരിഞ്ഞ് അച്ഛൻ എവിടെയോ പോയി. അനിയത്തിയും അമ്മയും മാത്രം വീട്ടിൽ അമ്മ രോഗിയാ... രാവിലെ അഞ്ച് മണിക്ക് എഴുന്നേറ്റ് വീടിന്റെ അടുത്ത സ്റ്റോപ്പിൽ നിർത്തിയ രണ്ടു ബസ്സുകൾ കഴുകണം. പിന്നെ നൂറ് വീടുകളിൽ പത്രം എത്തിക്കണം. ഓടിയോടി ഒന്നു കുളിച്ച് കോളേജിലെത്തുമ്പോൾ ഞാൻ... അറിയാതെ ലേറ്റ് ആയിപോവുന്നു.

ഇത്രയും പറഞ്ഞ് അവൻ മേശയിൽ തലവെച്ച് വിതുമ്പി. ഞാൻ ഒന്നും പറയാനാവാതെ നിന്നുപോയി. പിന്നെ അവനെ തട്ടിയുണർത്തി പറഞ്ഞു. സാരമില്ല. ഇതൊക്കെതന്നെയാണ് ജീവിതം. നിനക്ക് പുസ്തകം വാങ്ങിക്കാൻ കാശുവല്ലതും വേണമെങ്കിൽ പറയണം. എന്ത് ബുദ്ധിമുട്ട് ഉണ്ടായാലും എന്നോട് പറയണം.

അവന്റെ കണ്ണുകളിൽ വെളിച്ചം നിറയുന്നത് ഞാൻ കണ്ടു. വേദനകളെല്ലാം ഒരു ഭാണ്ഡത്തിൽ കെട്ടി അവൻ എവിടെയോ വെച്ചതുപോലെ..... ഡിസിപ്ളിൻ എന്ന വാക്ക് ഒരു ഭാരം പോലെ എവിടെയോ അർത്ഥശൂന്യമായി പതിച്ചിരിക്കുന്നു. നേരുകളുടെ പെരുങ്കളിയാട്ടങ്ങളിൽ ഒരു കോമാളിയെപോലെ ഡിസ്പ്ളിൻ പതറിനിന്നു.

രണ്ടു വർഷങ്ങൾക്കുശേഷം ഒരു തപാലിൽ ഒരു കത്ത് വന്നു. സാറിന് സുഖമല്ലേ... ഞാൻ ആർമിയിൽ ചേർന്നു. ആരുടെയൊക്കെയോ സുകൃതം.

സാറിന് സുഖമാണോ?

പ്രിയപ്പെട്ട അനുജാ നീ സുഖമായിരിക്കൂ...

ജാലകത്തിനുപുറത്ത് കാറ്റിലുലഞ്ഞ ഒരു ശിഖരത്തിൽ ചിറകൊതുക്കാൻ കുതറുന്ന മറ്റൊരു പക്ഷിയെ നോക്കി ഞാൻ നെടുവീർപ്പോടെയിരുന്നു...

**ഉന്നതവിദ്യാഭ്യാസത്തിന്റെ സമഗ്ര പുരോഗതിയ്ക്കായി അണിചേരുക എന്ന മുദ്രാവാക്യവുമായി ജൂലായ് മുതൽ എ. കെ.പി.സി.ടി.എ സംസ്ഥാന വ്യാപകമായി നടത്തുന്ന കേരള ഹയർ എജ്യൂക്കേഷൻ കമ്മീഷൻ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടനം**



**കണ്ണൂർ - കാസർഗോഡ്** പ്രശസ്ത ചരിത്രകാരനും എ.കെ.പി.സി.ടി.എ മുൻകാല നേതാവുമായ പ്രൊഫ. ടി.വി.കെ. കുറുപ്പ് കാലിക്കറ്റ് സർവ്വകലാശാല മുൻ കലാതിലകവും മട്ടന്നൂർ പി.ആർ.എൻ. എസ്. എസ് കോളജ് വനിതാ സെൽ കൺവീനറുമായ ഡോ. സുമിത നായർക്ക് ലഘുലേഖ കൈമാറുന്നു.



**വയനാട്:** എ.കെ.പി.സി.ടി.എ മുൻ ജില്ലാ സെക്രട്ടറി പ്രൊഫ. ബാലഗോപാലൻ മുൻ ജില്ലാ സെക്രട്ടറി പ്രൊഫ. ജെയിംസ് മാത്യുവിന് ലഘുലേഖ കൈമാറുന്നു.



**കോഴിക്കോട്:** എ.കെ.പി.സി.ടി.എ മുൻ ജില്ലാ സെക്രട്ടറിയും കോഴിക്കോട് കോർപ്പറേഷൻ ഡെപ്യൂട്ടി മേയറുമായ പ്രൊഫ. പി.ടി. അബ്ദുൾ ലത്തീഫ് ജില്ലാ വനിതാ കൺവീനർ ഡോ. ടി.വി. സുനീതയ്ക്ക് ലഘുലേഖ കൈമാറുന്നു.




**മലപ്പുറം**: എ.കെ.പി.സി.ടി.എ മുൻ സംസ്ഥാന ട്രഷററും നിലവിൽ ഗ്രന്ഥശാലാ സംഘം മലപ്പുറം ജില്ല പ്രസിഡന്റുമായ പ്രൊഫ. കെ.കെ.ബാലചന്ദ്രൻ മുൻ ജില്ലാ സെക്രട്ടറി ഡോ. കെ. ബാലകൃഷ്ണന് ലഘുലേഖ കൈമാറുന്നു.



**പാലക്കാട്**: പ്രമുഖ ഗാന്ധിയനും സർവ്വോദയസംഘം ജില്ലാ പ്രസിഡന്റുമായ ശ്രീ. പി. രാമചന്ദ്രൻ ഒറ്റപ്പാലം എൻ. എസ്. എസ് കോളജ് അധ്യാപകൻ ഡോ. രാജേഷിന് ലഘുലേഖ കൈമാറുന്നു.



**തൃശ്ശൂർ**: കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. കാവുമ്പായി ബാലകൃഷ്ണൻ തൃശ്ശൂർ മുൻ മേയറും എ.കെ.പി.സി.ടി.എ ജില്ലാ പ്രസിഡന്റുമായ പ്രൊഫ. ആർ. ബിന്ദുവിന് ലഘുലേഖ കൈമാറുന്നു.



**എറണാകുളം:** ഗ്രന്ഥശാലാസംഘം ജില്ലാപ്രസിഡന്റ് ശ്രീ. കെ. ആർ. രഘു, എം. ജി. സർവ്വകലാശാല മുൻ പ്രൊ വൈസ് ചാൻസലറും എ. കെ. പി. സി. ടി. എ മുൻ സംസ്ഥാന വൈസ് പ്രസിഡന്റുമായ ഡോ. രാജൻവറുഗ്ഗീസിന് ലഘുലേഖ കൈമാറുന്നു.



**കോട്ടയം – ഇടുക്കി:** ഗ്രന്ഥശാലാ സംഘം ജില്ലാപ്രസിഡന്റ് ശ്രീ. കെ. ആർ. ചന്ദ്രമോഹൻ പ്രശസ്ത കവി മനോജ് കുറൂരിന് ലഘുലേഖ കൈമാറുന്നു.



**പത്തനംതിട്ട:** എ. കെ. പി. സി. ടി. എ ജില്ലാ സെക്രട്ടറി ഡോ. പി. എൻ. ഹരികുമാറിൽ നിന്നും ഫാ. പ്രൊഫ. കുര്യൻ ഡാനിയൽ ലഘുലേഖ ഏറ്റുവാങ്ങുന്നു.



ആലപ്പുഴ: എസ്. ഡി. കോളജ് പ്രിൻസിപ്പാൾ ഡോ. ഗീത കൃഷ്ണപൈ എ.കെ.പി.സി.ടി.എ ജില്ലാ പ്രസിഡന്റ് ഡോ. ആർ. ഇന്ദുലാലിന് ലഘുലേഖ കൈമാറുന്നു.



കൊല്ലം: എ.കെ.പി.സി.ടി.എ മുൻ ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ പ്രശസ്ത കഥാപ്രസംഗകനും എ.കെ.പി.സി.ടി.എ ജേർണലിന്റെ അസി. എഡിറ്ററുമായ പ്രൊഫ. എം. എസ്. വസന്തകുമാറിന് ലഘുലേഖ കൈമാറുന്നു.



തിരുവനന്തപുരം: പുരോഗമന കലാസാഹിത്യസംഘം ജനറൽ സെക്രട്ടറിയും എ.കെ.പി.സി.ടി.എ മുൻ ജനറൽ സെക്രട്ടറിയുമായ പ്രൊഫ. വി. എൻ. മുരളിയിൽ നിന്നും ലഘുലേഖ എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി ഡോ. കെ. എൽ. വിവേകാനന്ദൻ ഏറ്റുവാങ്ങുന്നു.




7–ാം ശമ്പള കമ്മീഷനെ ഉടൻ നിയോഗിക്കുക, എ.പി.ഐ സ്കോർ സംവിധാനം എടുത്തുകളയുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ജൂൺ 19 ന് യു.ജി.സി ആസ്ഥാനത്തേയ്ക്ക് ഐഫക്ടോ നടത്തിയ മാർച്ചിൽ പങ്കെടുത്ത എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി.എ നേതാക്കൾ

**ജില്ലാവാർത്തകൾ**

# ജില്ലാ സമ്മേളനം പത്തനംതിട്ട



എ.കെ.പി.സി.ടി.എ ജില്ലാസമ്മേളനം മുൻ സംസ്ഥാന ട്രഷറർ പ്രൊഫ. ടി.കെ.ജി.നായർ ഉദ്ഘാടനം ചെയ്യുന്നു.

എ കെ പി സി ടി എ പത്തനംതിട്ട ജില്ലാ സമ്മേളനത്തിൽ യുഡി എഫ് സർക്കാരിൻെറ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ രൂക്ഷ വിമർശനം. അധ്യാപക ദ്രോഹ നടപടികളുമായി മുന്നോട്ടു പോകുന്ന യു ഡി എഫ് സർക്കാരിൻെറയും ഉന്നത വിദ്യാഭ്യാസ വകുപ്പിൻെറയും നയങ്ങൾക്കെതിരെ സമ്മേളനം ഐക്യകണ്ഠേന പ്രമേയം പാസാക്കി വരും ദിവസങ്ങളിൽ ശക്തമായ സമര പരിപാടികൾ ആവിഷ്ക്കരിക്കാൻ പത്തനംതിട്ടയിൽ ചേർന്ന സമ്മേളനം തീരുമാനിച്ചു.

യു ജി സി യൂണിവേഴ്സിററി നിയമങ്ങൾ മറികടന്ന അർഹതയില്ലാത്തവരെ വൈസ ചാൻസലറായി നിയമിക്കുക അങ്ങനെ നിയമിച്ചവരെ പുറത്താക്കുക വീണ്ടും യോഗ്യതയില്ലാത്തവരെ അതേ യൂ ണിവേഴ്സിററിയിൽ നിയമിക്കുക. സി ബി സി എസ് എസ് സമ്പ്രദായം അട്ടിമറിക്കുക ഓൺലൈൻ ഏകജാലക അഡ്മിഷൻ നിർത്തലാക്കാൻ ശ്രമിക്കുക ഇടതുപക്ഷ സർക്കാർ കൊണ്ടു വന്ന 1 വർക്ക ലോഡിന നിയമനം എന്നുള്ള രീതി മാററി 16 മണിക്കൂറിനു മാത്രമേ നിയമനം പാടുള്ളൂ എന്ന സമ്പ്രദായം കൊണ്ടു വരിക. യു ജി സിയും എം എ ആർ ഡിയും കൊണ്ടു വന്ന നിയമം മറികടന്ന അധ്യാപകർ ആറു മണിക്കൂർ കാമ്പസിൽ വേണമെന്ന ഉത്തരവ് ഇറക്കുക തുടങ്ങിയ അധ്യാപകദ്രോഹ നടപടികളാണ് സർക്കാർ തുടരുന്നത്. രാവിലെ പതാക ഉയർന്നതോടെ ആരംഭിച്ച സമ്മേളനം എ കെ പി സി ടി എ മുൻ സംസ്ഥാന ട്രഷറർ പ്രൊഫ ടി കെ ജി നായർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡൻറ് ഡോ. കെ പി സുകുമാരൻ നായർ മേഖല സെക്രട്ടറി പ്രൊഫ ടോമിച്ചൻ ജോസഫ് എന്നിവർ ചർച്ചക്ക് നേതൃത്വം നൽകി. ഭാരവാഹികളായി ഡോ. എലിസബത്ത് തോമസ് ജില്ലാ പ്രസിഡൻറ് ഡോ. പി എൻ ഹരികുമാർ ജില്ലാ സെക്രട്ടറി ഡോ. ഗോപകുമാർ ട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു

## സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളപരിഷ്ക്കരണം ആവശ്യപ്പെട്ട് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന 36 മണിക്കൂർ നിരാഹാര സമരം



കോട്ടയം: മണ്ണാർക്കാട് സെന്റ്മേരീസ് കോളജിലെ ഡോ. ഒ. വി. ഷൈൻ പങ്കെടുക്കുന്നു.



കോഴിക്കോട് : കോഴിക്കോട് ജില്ലാ സെക്രട്ടറി ദേവഗിരി കോളേജിലെ ഡോ. ജോബി കെ. ജോസ് പങ്കെടുക്കുന്നു.




എറണാകുളം : എറണാകുളം ജില്ലാ സെക്രട്ടറി ഡോ. സി. എം. ശ്രീജിത്ത് പങ്കെടുക്കുന്നു.




വിരമിക്കുന്ന സംഘടനാ നേതാക്കൾക്ക് മട്ടന്നൂർ പി.ആർ.എൻ.എസ്.എസ് കോളേജ് ബ്രാഞ്ച് നൽകിയ യാത്രയയപ്പ് സമ്മേളനം സംസ്ഥാന പ്രസിഡന്റ് എ.ജി. ഒലീന ഉദ്ഘാടനം ചെയ്യുന്നു.




എ.കെ.പി.സി.ടി.എ കണ്ണൂർ – കാസർഗോഡ് ജില്ലാക്കമ്മിറ്റി സംഘടിപ്പിച്ച യാത്രയയപ്പ് സമ്മേളനം സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി പി.ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു.




എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേക്ക് എ.കെ.പി.സി.ടി.എ നടത്തിയ മാർച്ച്



ഓട്ടോണമസ് കോളേജിനെതിരേ മലബാർ ക്രിസ്ത്യൻ കോളജിൽ അധ്യാപക– അനധ്യാപക പിന്തുണയോടെ എസ്. എഫ്. ഐ വിദ്യാർത്ഥികൾ നടത്തിയ ഉപരോധസമരം

# ഡോക്ടറേറ്റ്



ഇംഗ്ലീഷ് ഭാഷാ സാഹിത്യത്തിൽ കണ്ണൂർ യൂണിവേഴ്സിററിയിൽ നിന്നും ഗവേഷണബിരുദം നേടിയ പയ്യന്നൂർ കോളജ് ഇംഗ്ലീഷ് വിഭാഗം അധ്യാപകൻ **എ സി ശ്രീഹരി.**, ഡോ. പി ഭാസ്കരൻ നായരുടെ മേൽനോട്ടത്തിൽ *The making of the male: A study of Popular Art Films in Malayalam* എന്ന വിഷയത്തിലാണ് ഗവേഷണ പ്രബന്ധം. ഡോ. ടി. പവിത്രൻ കോ-ഗൈഡ് ആണ്.



കണ്ണൂർ സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷിൽ ഡോക്ടറേറ്റ് നേടിയ **റെജി പായിക്കാട്ട്**. ഇരിട്ടി മഹാത്മഗാന്ധി കോളേജിൽ അസോസിയേറ്റ് പ്രൊഫസറും ഇംഗ്ലീഷ് വകുപ്പ് മേധാവിയുമാണ്. Octavio Paz vis-a-vis India: Representation of India in the Writings of Octavio Paz with Special Reference to *A Tale of Two Gardens* and *In Light of India* എന്ന വിഷയത്തിൽ ഡോ. മേരിക്കുട്ടി അലക്സിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



*കണ്ണൂർ ജില്ലയിലെ മന്ത് രോഗത്തിന്റെ കാരണങ്ങൾ* എന്ന വിഷയത്തിൽ ഡോ. കെ. അനിലിന്റെ മേൽനോട്ടത്തിൽ കണ്ണൂർ സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നേടിയ **സപ്ന ജേക്കബ്ബ്**, പയ്യന്നൂർ കോളജിൽ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സറാണ്.

പ്രൊഫ. എ. ശിവപ്രസാദ് അവാർഡ് നേടിയ പ്രശസ്ത എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമായ **ശ്രീ. അംബികാസുതൻ** മാങ്ങാട്. കാഞ്ഞങ്ങാട് എൻ.എ.എസ് കോളജിൽ മലയാളവിഭാഗം മേധാവിയാണ്.



R.No. 36025/81
No. 250

KERALA PRIVATE COLLEGE TEACHER

ISSN 2454-4795
Registered No. KL/TV (N)35/2012-2014
Rs. 11/-
JUNE-JULY 2015

# കേരള ഹയർ എജ്യുക്കേഷൻ കമ്മീഷൻ 2014–2015

(എകെപിസിടിഎ)



ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട
ഇരുപത്തിമൂന്നു വ്യത്യസ്ത വിഷയങ്ങളെ
അടിസ്ഥാനമാക്കി ജില്ലാതല സിമ്പോസിയങ്ങൾ

**ജൂലൈ - സെപ്റ്റംബർ 2015**

പങ്കെടുക്കുക-സംവദിക്കുക-വിജയിപ്പിക്കുക

# ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ സമഗ്രപുരോഗതിക്കായി അണിചേരുക

ദി ആൾ കേരള പ്രൈവറ്റ് കോളജ് ടീച്ചേർസ് അസോസിയേഷൻ

Edited , Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor:Prof. Pramod Vellachal